
# NEW VISION FOR A CHANGING WORLD

VOL. 3 • ISSUE 8 • APRIL 2003

"... THERE THEY CRUCIFIED HIM...." Luke 23:33

# NEW VISION FOR A CHANGING WORLD


## EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 04733-214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Sunil Raj Philip, Neerattukavu**
Phone: 04735 - 570422

**Mr. M. Kurian, Manganam**
Phone: 95481-2578599

**Mr. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam - 1**
Phone: 95481-2566135

## ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam ▪ Rt.Rev. K.Michael John, Melukavu▪ Rt.Rev. Dr.Isaac Mar Philoxenos,Kottayam ▪ Rt.Rev.Geevarughese Mar Osthathiose, Parumala ▪ Rt.Rev. Dr. Thomas Mar Athanasius, Muvattupuzha ▪ Rev. Dr. E.C. John,Bangalore ▪ Fr.Dr.K.M. George, Kottayam ▪ Fr. A.P. George,Perumbavoor ▪ Rev. Prof. Mathew Daniel, Kozhencherry ▪ Rev. Shajan Idicula, Thiruvananthapuram ▪ Prof. Philip N.Thomas, Tiruvalla ▪ Prof. Mammen Varkey, Mavelikara ▪ Mr. C. John Mathai, Kottayam ▪ Mr. M.M. Yobel, Kottayam ▪ Adv. K.I. Ninan, Aymanam ▪ Ms. Accamma Paul, Mavelikara ▪ Mr. J.T. Wattachanackal, Chicago ▪ Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacobp@telusplanet.net

***Contact person in USA***
Mr. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr.Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr.George Joseph,Chicago
Dr.Thomas Koshy, Boston


# വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

## വരിസംഖ്യ

| | | | |
|---|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ | (വിദേശത്തുള്ളവർക്ക് | US $ 12) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ | ( " | US $ 22) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ | ( " | US $ 30) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | | |
|---|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ | ( " | US $ 150) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ | ( " | US $ 1000) |

## പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in

***(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)***

## താഴെപ്പറയുന്ന ഏജൻസികളിലും വരിസംഖ്യയൊടുക്കാവുന്നതാണ്.

ഡയോസിസൻ ബുക്കു ഡിപ്പോ, കോട്ടയം
ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല
ഇവാഞ്ചലിക്കൽ ലിറ്ററച്ചർ സൊസൈറ്റി, തിരുവനന്തപുരം

## പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 04733 - 214068
e-mail: mkoshy@satyam.net.in

## പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |


**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

VOL. 3 • ISSUE 8 • APRIL 2003

## CONTENTS


- **Lent** — 2
  Pen from Den
  *Daniel Babu Paul*
- **Speech** — 3
  Vision for India
  *Dr. A.P.J. Abdul Kalam*
- **Devotional** — 4
  ഒരിടത്തും ഇടമില്ലാതായ ക്രിസ്തു
  *ഡോ. ജോസ് പാറക്കടവിൽ*
- **Literary Review** — 5
  പാർശ്വചിന്തകൾ
  *ഡോ. സി.ജെ. റോയ്*
- **Ethics** — 6
  പ്രശ്നംവയ്ക്കുന്ന പ്രശ്നക്കാരൻ
  *ഫാ. ഡോ. എ.പി. ജോർജ്*
- **Science** — 7
  ഗുരുത്വാകർഷണം
  *ഡോ. ജോർജ് എം. തോമസ്*
- **Church & Education** — 9
  സ്വാശ്രയ കോളജ്:
  *ഫാ. ഡോ. ഒ. തോമസ്*
  ധാർമിക മുഖം നഷ്ടപ്പെടുന്ന... — 10
  *ജോസഫ് പുലിക്കുന്നേൽ*
- **Sermon** — 11
  Enthronement Sermon
  *Archbishop of Canterbury*
- **Short Story** — 13
  താങ്ങുകൾ
- **Family** — 14
  കുട്ടി ഒന്നായാൽ...
- **Miscellaneous** — 16
  ഒരു ക്രിസ്തീയ സംഘടന...
  *ഡോ. പൗലോസ് മാർ പൗലോസ്*
- **Church Affairs** — 17
  സഹോദരങ്ങളേ നമുക്കു രമ്യപ്പെടാം
  *ഡോ. തോമസ് മാർ അത്താനാസ്യോസ്*
- **Old Age Corner** — 18
  വാർധക്യം...
  *പ്രൊഫ. സി. മാമച്ചൻ*
- **Psychology** — 19
  മരിക്കാൻ വെമ്പൽ കൊള്ളുന്നവർ
  *ജോർജ് ബഹനാൻ ടി.*
- **Passing Glimpses** — 20
  കഥയില്ലാത്ത അൽപം...
  *ഡോ. കെ.വി. വർഗീസ്*


## EDITORIAL

# സഭ ആരുടെ പക്ഷം പിടിക്കുന്നു?

രണ്ടു പോരാട്ടങ്ങൾ കേരളത്തിൽ ജനശ്രദ്ധയാകർഷിച്ചു കൊണ്ടിരിക്കയാണിപ്പോൾ. വിദ്യാഭ്യാസക്കച്ചവടം ആരുടെയും ഇടപെടലില്ലാതെ മുമ്പോട്ടുകൊണ്ടുപോകാനുള്ള പോരാട്ടത്തിലാണ് ക്രൈസ്തവസഭകൾ. ഒരു കാലത്ത്, സാമ്പത്തികമായി പിന്നോക്കം നിന്നവർക്കു വിദ്യാഭ്യാസം ലഭിച്ചത് ക്രൈസ്തവ വിദ്യാലയങ്ങളിൽ നിന്നായിരുന്നു, സേവനത്തിന്റെ മേഖലയായിട്ടാണ് സഭ അതിനെ കണ്ടിരുന്നതും. അതുകൊണ്ടു തന്നെ, വിദ്യാഭ്യാസമേഖലയെ സഭയുടെ പ്രേഷിതപ്രവർത്തനമായി കരുതുകയും ചെയ്തിരുന്നു. ഇന്നാകട്ടെ, അതൊരു കച്ചവടച്ചരക്കായിത്തീർന്നിരിക്കുന്നു. പണമുള്ളവൻ മാത്രം പഠിച്ചാൽ മതി; വിദ്യാഭ്യാസം കൊടുക്കുവാൻ വേണ്ടിവരുന്ന ചെലവ് വിദ്യാർത്ഥികൾ തന്നെ വഹിക്കണം. ആഗോളതലത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളോട് കേരളം പോലുള്ള സംസ്ഥാനങ്ങൾ ചെറുത്തുനിന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സമർത്ഥരായ വിദ്യാർത്ഥികൾക്കും സീറ്റുകൾ സംവരണം ചെയ്തുകൊണ്ടാണ്. അമ്പതു ശതമാനം സീറ്റുകൾ പണമുള്ളവർക്കു വിൽക്കുമ്പോൾ മിടുക്കരായ വിദ്യാർത്ഥികൾ കുറഞ്ഞ ഫീസിൽ ബാക്കി അമ്പത് ശതമാനം സീറ്റുകളിൽ പ്രവേശിക്കുന്നതിലൂടെ സാമൂഹിക തുല്യത ഒരു പരിധിവരെ കൈവരിച്ചിരുന്നു. മുഴുവൻ സീറ്റുകളിലും മാനേജ്മെന്റിന്റെ ഇഷ്ടംപോലെ പ്രവേശിപ്പിക്കുവാൻ അവസരം നൽകപ്പെടുന്നതിലൂടെ സാമൂഹിക തുല്യത തകർക്കപ്പെടുന്നു. ഈ പോരാട്ടത്തിനു നേതൃത്വം കൊടുക്കുകവഴി ക്രൈസ്തവ സഭ ആരുടെ പക്ഷമാണ് പിടിക്കുന്നതെന്നു വ്യക്തമാക്കപ്പെടുകയാണ്.

മുത്തങ്ങ സംഭവത്തോടെ ആദിവാസികളുടെ പ്രശ്നം വാർത്തയായിരിക്കയാണിപ്പോൾ. രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹികമായും ആരുമല്ലാത്ത ആദിവാസികൾ ജീവിക്കാനുള്ള പോരാട്ടത്തിലാണ്. ഇത് രാഷ്ട്രീയമായി മുതലെടുക്കുവാനുള്ള ശ്രമത്തിലാണ് രാഷ്ട്രീയ പാർട്ടികൾ. ആദിവാസികൾക്കു ഭൂമി നൽകിയാൽ പ്രശ്നങ്ങൾ തീരുമെന്നു തോന്നുന്നില്ല. അവർക്കു ജീവിക്കുവാനും വളരുവാനുമുള്ള അവസരമുണ്ടാകണം. അതു നേടിയെടുക്കാനുള്ള പോരാട്ടത്തിൽ പക്ഷംപിടിക്കുവാൻ ക്രൈസ്തവസഭകൾ സന്നദ്ധത കാണിക്കണം. നിലനിൽപിനായി പോരാടുന്ന ആദിവാസികളും ദിനംതോറും ജോലി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തോട്ടം തൊഴിലാളികളുൾപ്പെടെയുള്ളവരും കേരളത്തിന്റെ ഇന്നത്തെ യാഥാർത്ഥ്യങ്ങളാണ്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ അർത്ഥസമ്പൂർണവും പ്രസക്തവുമാകണമെങ്കിൽ ദുഃഖിതരുടെ പോരാട്ടങ്ങളിൽ പക്ഷംപിടിക്കണം.

***"കർത്താവിന്റെ അരൂപി എന്റെ മേൽ ഉണ്ട്. കാരണം, ദരിദ്രരോടു സുവിശേഷം പ്രഘോഷിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ദികൾക്കു മോചനവും അന്ധർക്കു കാഴ്ചയും പ്രഖ്യാപിക്കുവാൻ, മർദ്ദിതരെ സ്വതന്ത്രരാക്കുവാൻ, കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുവാൻ, അവൻ എന്നെ അയച്ചിരിക്കുന്നു."***

●

# Pen from Den



**Daniel Babu Paul**

A large segment of Christendom has entered a season of preparation. The Oriental and Eastern Churches commenced the Great Lent on March 3 and the Latin tradition commenced it with Ash Wednesday on March 5. In the Antiochean tradition the Lent begins and ends with special service at the beginning and special symbolic ritual at the end aimed at emphasizing the spirit of reconciliation. It begins the preparation with a service of reconciliation, the Subkono, held on Monday along with Sext. We move on after 40 days to commemorate the Act of Redemption ending with the joy of Resurrection, when again, we have a tradition of greeting one another in an act of redefined reconciliation, before the congregation departs on Easter morning. While I feel sad that even the Lent has lost its appeal especially to the youth in our church, in view of our faction feuds, I also feel that it would be incorrect to binocularise the problem in the Orthodox Church: the true tragedy is that there is no Christian denomination, Roman Catholic to Charismatic, which is free of this tendency, and no bishop from John Paul II to K. P. Yohannan I can disclaim overt or covert contribution to some dissension somewhere any more than Mathews II and Thomas I in our church.

This should be a reminder of what the Lent is for. The Antiochean symbolism of entering it together reconciling with one another and moving towards total repentance and exiting at the Easter as a reconciled congregation joined together in the joy of the Risen Lord says it all silently. ***Without reconciliation with one another, the Lent which essentially is a spiritual exercise with the objective of reconciling with God loses its meaning and turns itself into another empty ritual.*** I am essentially a vegetarian and practise it at home, so how can Lent be of any significance for me if it only means giving up meat! (At the University I was in the vegetarian mess and used to switch to non-vegetarian during Lent!! A few years ago I experimented by eating meat everyday in Lent, but the ritualistic upbringing got the better of me just before Palm Sunday when I panicked and said to myself," Thus far and no farther.")

Do we experience the spirit of reconciliation in our personal and church life, and if we do, does it get reflected in our conduct? If we cannot reconcile with our own brothers we might as well eat and drink and be merry, which is not to say that we give up the Lent in resignation but to say instead that we pray that we be enabled to reach a spirit of reconciliation. A visible unity seems impossible in Christendom but I personally feel that it is not essential for God-realisation and Christ-actualisation. The Roman Church would insist on this even now, but ***if we can relive the Apostolic times we find unity in love of God and love of man, but not in church structure.*** Of course if we take this point too far we will have to disband the Patriarchate and the Catholicate and turn congregational, but to overemphasise the structure is often a self-defeating excercise for a sincere Christian in his progress as a pilgrim to the New Jerusalem. **Let us therefore enter the Lent praying for the grace to see God without the confines of man-made structures. This calls for effort and discipline. Unless we are willing to strive for that, our Lent will be just another ritual, like the bishop who washes the feet of a deacon/priest/ layman at 3 p.m. but refuses to offer the same person a seat at 5 p.m.!** (Do not read unintended meanings here please! All bishops including the Patriarch offer seats; even on the Devalokam side most offer seats, and, those who do not, keep standing themselves!)

The Lectionary of the Lent in the Antiochean tradition is prepared by Fathers in such a way that by the following the string of thoughts contained therein we can progress towards this end. The Gospel readings of each Sunday gives a speicific message and when taken together they form a beautiful necklace of Grace. We begin with the wedding at Cana. We are like the host there. We have Jesus in our house but not enough wine to serve. Because Jesus is there the shortfall is made good. Have Jesus with you and you shall not want; obey the command of Mary to obey the Son, and the Son will rescue. That is the optimistic thought with which we begin this season. And then each Sunday highlights a healing miracle which is a step by step progress to total surrender until we reach Samiyo, the Sunday before the Palm Sunday, where all these steps are seen in one episode.

The Girbo (Leper's Sunday) reminds us of the leper who broke all man-made rules to meet Jesus, the next (the Msario) reminds us of the possibility of reaching His presence even if you are paralysed, the Knanaito (the Sunday of the Syro Phoenician woman pleading for her child) tells us about Divine Grace reaching out to us even when we are far away, the Kpipto (the Hunchback woman) reminds us of God being merciful even when we are bonded only by ritualism and miss meeting God in Church-life and the Samiyo teaches that even people who have never seen light is sought out by The Light. We can connect the steps mentioned in John 9 for Christ-actualisation with these five steps.

This season of repentance and penance is for introspection and necessary course correction. Even those who have theological objection to the concept of a church-ordained Lent can consider using this season for a preparation to be with Jesus as we commemorate His last days on earth. Let us, therefore, whether we observe the ritualistic lent or not, try to comprehend the real spirit behind the Lent so that on Easter we can proclaim to the world that we have seen the Lord, as Mary did, and the world would believe us when we do, as the disciples did.

# VISION FOR INDIA



## Dr. A. P. J. ABDUL KALAM
**President of India**

I have three visions for India. In three thousand years of our history people from all over the world have come and invaded us, captured our lands, conquered our minds, from Alexander onwards. The Greeks, the Turks, the Moguls, the Portuguese, the British, the French, the Dutch, all of them came and looted us, took over what was ours. Yet we have not done this to any other nation. We have not conquered anyone. We have not grabbed their land, their culture, and their history and tried to enforce our way of life on them. Why? Because we respect the freedom of others. That is why my first vision is that of ***freedom.*** I believe that India got its first vision of this in 1857 when we started the war of independence. It is this freedom that we must protect and nurture and build on. If we are not free, no one will respect us. My second vision for India is ***development.*** For fifty years we have been a developing nation. It is time we see ourselves as a developed nation. We are among top five nations of the world in terms of GDP. We have 10 percent growth rate in most areas. Our poverty levels are falling. Our achievements are being globally recognized today. Yet we lack the self-confidence to see ourselves as a developed nation, self-reliant and self-assured. Isn't this incorrect? I have a third vision. ***India must stand up to the world.*** Because I believe that unless India stands up to the world, no one will respect us. Only strength respects strength. We must be strong not only as a military power but also as an economic power. Both must go hand-in-hand. My good fortune was to have worked with three great minds- Dr. Vikram Sarabhai of the Dept. of space, Professor Satish Dhawan who succeeded him and Dr. Brahm Prakash, father of nuclear material. I was lucky to have worked with all three of them closely, and consider this the great opportunity of my life.

**I see four milestones in my career:** (1) Twenty years I spent in ISRO. I was given the opportunity to be the project director for India's first satellite launch vehicle, SLV3, the one that launched Rohini. These years played a very important role in my life of Scientist. (2) After my ISRO years, I joined DRDO and got a chance to be the part of India's guided missile program. It was my second bliss when Agni met its mission requirements in 1994. (3) The Dept. of Atomic Energy and DRDO had this tremendous partnership in the recent nuclear tests, on May 11 and 13. This was a third bliss. The joy of participating with my team in these nuclear tests and proving to the world that India can make it, that we are no longer a developing nation but one of them. It made me feel very proud as an Indian. The fact that we have now developed for Agni a re-entry structure, a very light material called carbon-carbon. (4) One day an orthopaedic surgeon from Nizam Institute of Medical Sciences visited my laboratory. He lifted the material and found it so light that he took me to his hospital and showed me his patients. There were these little girls and boys with heavy metallic calipers weighing over 3 Kg. each, dragging their feet around. He said to me: please remove the pain of my patients. In three weeks, we made these Floor reaction Orthosis 300 g. calipers and took them to the orthopaedic centre. The children didn't believe their eyes. From dragging around a 3 Kg. load on their legs, they could now move around! Their parents had tears in their eyes. That was my fourth bliss.

**Why is the media here so negative?**

Why are we in India so embarrassed to recognize our own strengths, our achievements? We are such a great nation. We have so many amazing success stories but we refuse to acknowledge them. Why? We are the first in milk production. We are number one in remote sensing satellites. We are the second largest producer of wheat. We are the second largest producer of rice. Look at Dr. Sudarshan; he has transferred the tribal village into a self-sustaining, self-driving unit. There are millions of such achievements but our media is only obsessed in the bad news and failures and disasters. I was in Tel Aviv once and I was reading the Israeli newspaper. It was the day after a lot of attacks and bombardments and deaths had taken place. But the front page of the newspaper had the picture of a Jewish gentleman who in five years had transformed his desert land into an orchid and a granary. It was this inspiring picture that everyone woke up to. The gory details of killings, bombardments, deaths, were in the newspaper, buried among other news. In India we only read about death, sickness, terrorism, crime.

**Why are we so negative?**

Another question: Why are we, as a nation so obsessed with foreign things? We want foreign TVs. We want foreign shirts. We want foreign technology. Why this obsession with everything imported. Do we not realize that self-respect comes with self-reliance? I was in Hyderabad giving this lecture, when a 14–year old girl asked for my autograph. I asked her what her goal in life is: She replied: I want to live in a developed India. For her, you and I will have to build this developed India. You must proclaim India is not an under-developed nation; it is a highly developed nation.

**Do you have 10 minutes?**

Allow me to come back with vengeance. Got 10 minutes for your

# ഒരിടത്തും ഇടമില്ലാതായ ക്രിസ്തു



ഡോ. ജോസ് പാറക്കടവിൽ
പ്രിൻസിപ്പൽ, ബി.എ.എം. കോളജ്, തുരുത്തിക്കാട്

എവിടെയോ വായിച്ച ഒരു സംഭവം ഓർത്തുപോകുന്നു. അയൽക്കാരായ രണ്ട് ഉറ്റമിത്രങ്ങൾ. ഒരാൾ ക്രിസ്ത്യാനി, അപരൻ ഹിന്ദു. സ്കൂളിലും കോളജിലും അവർ ഒരുമിച്ചുപഠിച്ചു. അതിനുശേഷം ഹൈന്ദവയുവാവ് നാട്ടിൽ ചെറിയൊരു ജോലിയിൽ പ്രവേശിച്ചു. ക്രൈസ്തവ സുഹൃത്ത് തിയോളജി പഠിക്കുവാനും പോയി. എങ്കിലും അവരുടെ സൗഹൃദത്തിന് ആഴം കുറഞ്ഞില്ല. ക്രൈസ്തവയുവാവ് ഇടയ്ക്കിടെ വീട്ടിൽ വരുമ്പോൾ ഇരുവരും ഏറെനേരം ഒരുമിച്ചിരുന്നു സംസാരിക്കും. ഓരോ പ്രാവശ്യവും വരുമ്പോൾ അതുവരെ പഠിച്ചതൊക്കെ സുഹൃത്തിനെ പറഞ്ഞുകേൾപ്പിക്കും. ക്രിസ്തുമതത്തെക്കുറിച്ച് കൂടുതലറിയുവാൻ ആ ഹൈന്ദവയുവാവിനു താൽപര്യമുണ്ടായിരുന്നു. സഭാചരിത്രം, വേദപുസ്തക ചരിത്രം, പുതിയനിയമവ്യാഖ്യാനം എന്നിങ്ങനെ താൻ പഠിച്ചതെല്ലാം ദൈവശാസ്ത്രവിദ്യാർത്ഥി സുഹൃത്തിനു കൈമാറിക്കൊണ്ടിരുന്നു. തന്റെ പഠനം പൂർത്തിയായതായി അയാൾ ഒരു ദിവസം സുഹൃത്തിനെ വിളിച്ചറിയിച്ചു. അപ്പോൾ ആ ഹൈന്ദവയുവാവിന്റെ മുഖത്ത് ഒരു അമ്പരപ്പാണുണ്ടായത്. ഇനിയും ഒന്നും പഠിക്കുവാനില്ലേ, പഠിച്ചതെല്ലാം എന്നോടു പറഞ്ഞുകഴിഞ്ഞുവോ എന്നിങ്ങനെ അയാൾ സുഹൃത്തിനോടാരാഞ്ഞു. എല്ലാം പറഞ്ഞുകഴിഞ്ഞുവെന്നു വ്യക്തമാക്കിയപ്പോൾ ഹൈന്ദവസ്നേഹിതൻ നിരാശയോടെ പ്രതിവചിച്ചു: "ഞാൻ ഇത്രയും കാലം വിശ്വസിച്ചിരുന്നത് ക്രിസ്തുമതത്തിന് ക്രിസ്തുവുമായി വളരെ ഗാഢമായ ബന്ധമുണ്ടെന്നാണ്."

ക്രിസ്തുവിന്റെ പേരു വഹിക്കുന്ന ഒരു മതം ക്രിസ്തുവിന്റെ പ്രമാണങ്ങളെ പാലിക്കുന്നവരുടെ മതമാണെന്ന് ആളുകൾ ധരിച്ചുപോകുക സ്വാഭാവികമാണല്ലോ. ഏതായാലും ക്രിസ്തുവിന്റെ പേരിൽ ഒരു മതമുണ്ടെങ്കിലും ആ മതത്തിലെ സഭകളൊക്കെ ക്രിസ്തുവിന്റെ പേരു സ്വീകരിക്കുന്നതിൽ നിന്ന് ഒഴിഞ്ഞുമാറിയത് ആശ്വാസകരമായി. സഭകളിൽ ഇപ്പോൾ ധാരാളം തർക്കങ്ങൾ ഉയർന്നുവരുന്നുണ്ട്. സഭ ക്രിസ്തുവിന്റേതാണോ എന്ന വിഷയം ഈ തർക്കങ്ങളിലൊന്നും പൊന്തിവരുന്നില്ല. ക്രിസ്തുവാണ് സഭയുടെ ശിരസ്സ് എന്നും സഭയുടെ മണവാളനാണ് ക്രിസ്തു എന്നും മറ്റും അപ്പോസ്തലൻ പറഞ്ഞിട്ടുണ്ടെങ്കിലും, സഭ ക്രിസ്തുവിനുള്ളതാണെന്ന് ഇപ്പോൾ ആരെങ്കിലും കരുതുന്നുണ്ടോ ആവോ? *സഭ സഭയ്ക്കുവേണ്ടിയുള്ളതാണെന്നും സഭ തനിക്കുവേണ്ടിയുള്ളതാണെന്നും കരുതുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ഇപ്പോൾ ചില സഭകൾ അറിയപ്പെടുന്നതു തന്നെ ചില വ്യക്തികളുടെ പേരിലാണല്ലോ! മനുഷ്യപുത്രനു തലചായ്ക്കുവാൻ ഭൂമിയിൽ ഇടമില്ലെന്നു വിലപിച്ച ക്രിസ്തുവിന് തന്റെ സഭയിലും ഒരിടമില്ലാതായി എന്നോർത്തു നമുക്കും വിലപിക്കാം.* ●

country? If yes, then read; otherwise, choice is yours. You say that our government is inefficient. You say that our laws are too old. You say that the municipality does not pick up the garbage. You say that the phones don't work, the railways are a joke, the airline is the worst in the world, and mails never reach their destination. You say that our country has been fed to the dogs and is the absolute pits. You say, say and say. What do you do about it? Take a person on his way to Singapore. You walk out of the airport and you are at your International best. In Singapore you don't throw cigarette butts on the roads or eat in the stores. You are as proud of their underground links as they are. You pay $5 (approx. Rs. 60) to drive through Orchard Road between 5 p.m. and 8 p.m. You comeback to the parking lot to punch your parking ticket if you have over stayed in a restaurant or a shopping mall irrespective of your status identity. In Singapore you don't say anything, do you? You wouldn't dare to eat in public during Ramadan, in Dubai. You would not dare to go out without your head covered in Jeddah. You would not dare to speed beyond 88 kmph in Washington and then tell the traffic cop, "you know who I am? I am so and so's son. Take your two bucks and get lost." You wouldn't chuck an empty coconut shell anywhere other than the garbage pail on the beaches in Australia and New Zealand. Why don't you spit Paan on the streets of Tokyo? Why don't you use examination jockeys or buy fake certificates in Boston? We are still talking of the same You. You who can respect and conform to a foreign system in other countries but cannot in your own. You who will throw papers and cigarettes on the road the moment you touch Indian ground. You can be an involved and appreciative citizen in an alien country. Why cannot you be the same here in India. Once in an interview, the famous Ex-municipal commissioner of Bombay, Mr. Tinaikar, had a point to make. "Rich people's dogs are walked on the streets to leave their affluent droppings all over the place," he said. "And then the same people turn around to criticize and blame the authorities for inefficiency and dirty pavements. What do they expect the officers to do? Go down with a broom every time their dog feels the pressure in his bowels? In America, every dog owner has to clean up after his pet has done the job. Same in Japan. Will the Indian citizen do that here?" He's right. We go to the polls to choose a government and after that forfeit all responsibility. We sit back wanting to be pampered and expect the government to do everything for us whilst our contribution is totally negative. We expect the government to clean up but we are not going to stop chucking garbage all over the place or are we going to stop to pick up a stray piece of paper and throw it in the bin. We expect the railways to provide clean bathrooms but we are not going to learn the proper use of bathrooms. We want Indian Airlines and Air India to provide the best of food and toiletries but we are not going to stop pilfering at the least opportunity. This applies even to the staff who is known not to pass on the service to the public. When it comes to burning social issues like those related to women, dowry, girl child and others, we make loud drawing room protestations and continue to do the reverse at home. Our excuse? "It's the whole system which has to change, how will it matter if I alone forego my son's rights to a dowry." So who's

*(Cont'd..... Page 6)*

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

**യജമാനത്തവും സ്വാർത്ഥതയും അഴിമതിയും കൊടികുത്തിവാഴുന്ന സമകാലിക സമൂഹത്തിൽ ക്രിസ്തുവിന്റെ ജീവിതശൈലിയും ദൗത്യവും വീണ്ടെടുക്കാൻ കഴിയുമോയെന്നതാണ് സഭ ഇന്നു നേരിടുന്ന പ്രധാന വെല്ലുവിളി.**

**കൊ**ടുങ്കാറ്റിലും പേമാരിയിലും അകപ്പെട്ട കടത്തുവള്ളത്തിന്റെ മട്ടിലായിരിക്കുന്നു ക്രൈസ്തവസഭ. മഹാവിപത്തായി വളർന്നുകൊണ്ടിരിക്കുന്ന മതവിദ്വേഷമെന്ന കൊടുങ്കാറ്റ്. സമ്പത്തിന്റെയും സ്ഥാനമാനങ്ങളുടെയും പേരിൽ സഭയ്ക്കുള്ളിൽ ശക്തമാകുന്ന അന്തച്ഛിദ്രങ്ങളെന്ന പേമാരി. അവയ്ക്കിടയിൽപെട്ട് എങ്ങോട്ടു നീങ്ങണമെന്നോ എന്താണു ലക്ഷ്യമെന്നു തന്നെയോ അറിയാതെ അപകടത്തിന്റെ വക്കിൽ സഭ എത്തിനിൽക്കുന്നു. ക്രൈസ്തവസഭയുടെ വർത്തമാനകാല സ്ഥിതിയിലേക്കുള്ള ജാലകങ്ങളായി വർത്തിക്കുന്നുണ്ട് സഭയുടെ ആനുകാലികപ്രസിദ്ധീകരണങ്ങളിൽ പലതും. അറുപതു വർഷത്തോളം സഭാസേവനപാരമ്പര്യമുള്ള ചർച്ച് വീക്ക്‌ലിയുടെ ഫെബ്രുവരി ലക്കം അതിനു നല്ലൊരുദാഹരണം. വെളിയിൽനിന്നുള്ള ആക്രമണങ്ങളെക്കാൾ ഉള്ളിൽത്തന്നെയുള്ള അപചയങ്ങളെയാണ് ആപൽക്കരമായി ഈ പ്രസിദ്ധീകരണം കാണുന്നത്. സഭകൾ തമ്മിലും സഭകൾക്കുള്ളിലുമുള്ള കലഹങ്ങളും സഭാസ്ഥാപനങ്ങളിലെ അക്രൈസ്തവസമീപനങ്ങളും സാക്ഷ്യരംഗത്തു സംഭവിച്ചിരിക്കുന്ന ശൂന്യതയും സഭയെ തീർത്തും അപഹാസ്യമാക്കിയിരിക്കുന്നു. പ്രസംഗവും പ്രവൃത്തിയും തമ്മിലുള്ള അകൽച്ചയും, എന്തും വെട്ടിപ്പിടിക്കുകയെന്ന കമ്പോളതന്ത്രത്തിന്റെ പ്രവേശവുമാണ് ഈ ദുഃസ്ഥിതിക്കു കാരണമായി ചർച്ച് വീക്ക്‌ലി കാണുന്നത്. ഏറെക്കുറെ സമാനമായ സമീപനമാണ് ഇതര പ്രസിദ്ധീകരണങ്ങളും ചിന്താശക്തി നഷ്ടപ്പെട്ടിട്ടില്ലാത്ത സഭാസ്നേഹികളും കൈക്കൊണ്ടിരിക്കുന്നത്. സഭയുടെ അനിവാര്യ ആവശ്യമായ ആത്മികഉണർവ് സഭയ്ക്കു നഷ്ടപ്പെടുന്നതായി 'നവജീവോദയം' ചൂണ്ടിക്കാണിക്കുന്നു. സ്വന്തം ജീവനുതന്നെയും വില കൽപിക്കാതെ സുവിശേഷഘോഷണം നിർവഹിച്ച ആദ്യകാല അപ്പോസ്തലന്മാരുടെ പിൻഗാമികൾ പള്ളിസ്വത്തുക്കൾക്കുവേണ്ടി നടത്തുന്ന കലഹങ്ങൾ എത്ര ലജ്ജാകരമെന്നു 'നവീകരണ'ത്തിൽ കൽദായ ബിഷപ്പ് മാർ അപ്രേം.

എന്തേ ക്രൈസ്തവസഭയിൽ ഇങ്ങനെയൊരു പതനം? സഭയുടെ ദൗത്യമെന്തെന്ന് അറിയാത്തതുതന്നെയല്ലേ അതിനു കാരണം. ഒറ്റവാക്യത്തിൽ, ക്രൈസ്തവസഭയുടെ ദൗത്യം ക്രിസ്തുവിന്റെ ദൗത്യം തന്നെയാണ്. ദൈവരാജ്യസൃഷ്ടിയിലുള്ള പങ്കാളിത്തമാണ് ആ ദൗത്യം. ആ പങ്കാളിത്തം പ്രത്യക്ഷപ്പെടേണ്ടതു മൂന്നു ദിശകളിലാണ്. ഒന്ന്, ദൈവരാജ്യം ഇന്നല്ലെങ്കിൽ നാളെ ഈ ഭൂമിയിൽ ഉണ്ടാകുമെന്ന് വാക്കുകളിലൂടെയും വൈദികകർമങ്ങളിലൂടെയുമുള്ള വിളംബരം; രണ്ട്, ദൈവരാജ്യം എന്തെന്നും എങ്ങനെയെന്നും വെളിപ്പെടുത്തുന്ന സ്വന്തം മാതൃക; മൂന്ന്, ക്രിസ്തു നമുക്കു കാണിച്ചുതന്ന തരത്തിലുള്ളതും ദൈവരാജ്യത്തിന്റെ അവശ്യഭാഗവുമായ സേവനപ്രവർത്തനങ്ങൾ. ഇപ്പറഞ്ഞ മൂന്നു ദിശകളിലും സഭ പ്രവർത്തിക്കുന്നുണ്ട്; തീർച്ച. പക്ഷേ, ഗുണപരമായി ഏറെ പിന്നിലേക്കാണു നീക്കം. കൺവൻഷനുകൾ, ഉണർവുയോഗങ്ങൾ, ക്രൂസേഡുകൾ, ലീഡേഴ്സ് കോൺഫറൻസുകൾ എന്നിങ്ങനെ പല പേരുകളിലറിയപ്പെടുന്ന ദൈവരാജ്യസംബന്ധമായ വിളംബരങ്ങൾക്കു മുൻകാലങ്ങളിലുണ്ടായിരുന്ന ആത്മീയ ശക്തി നിലനിർത്താൻ കഴിയുന്നുണ്ടോ? ദൈവരാജ്യത്തിനൊരു മാതൃകയെന്ന നിലയ്ക്കാകട്ടെ ഏറെ പരിതാപകരമാണ് സഭയുടെ ചിത്രം. അശാന്തിയും അന്യോന്യ വിദ്വേഷവും രാഷ്ട്രീയകക്ഷികളുടേതിനു സമാനമായ ഉൾപ്പോരുകളും അധികാര സ്ഥാപനതന്ത്രങ്ങളും നിറഞ്ഞുനിൽക്കുന്ന സഭയ്ക്ക് എങ്ങനെ ദൈവരാജ്യത്തിന്റെ പ്രതീകമാകാൻ കഴിയും? സേവനരംഗവും ആശിക്കുന്ന തരത്തിൽ മെച്ചപ്പെട്ടതല്ല. വിദ്യാഭ്യാസം, രോഗചികിത്സ, ആതുരസേവനം, വിധവകളുടെയും ജയിൽവിമോചിതരുടെയും പുനരധിവാസം എന്നിങ്ങനെ ഏറെയുണ്ട് സഭാദൗത്യത്തിന്റെ ഭാഗമായ സേവനരംഗങ്ങൾ. പക്ഷേ, കച്ചവടതന്ത്രങ്ങളുടെ കറുത്ത നിഴലിലായിരിക്കുന്നു അവ. എല്ലാം തന്റേതാക്കുകയും സ്വന്തം സുഖത്തിനുള്ള ഉപകരണങ്ങളായി എല്ലാവരെയും കാണുകയും ചെയ്യുന്ന ഒരു സമൂഹം ക്രിസ്തുവിന്റെ നിന്നു എത്രയോ അകലെയാണ്. യജമാനത്തവും സ്വാർത്ഥതയും അഴിമതിയും കൊടികുത്തിവാഴുന്ന സമകാലിക സമൂഹത്തിൽ ക്രിസ്തുവിന്റെ ജീവിതശൈലിയും ദൗത്യവും വീണ്ടെടുക്കാൻ കഴിയുമോയെന്നതാണ് സഭ ഇന്നു നേരിടുന്ന പ്രധാന വെല്ലുവിളി.

സഭയിൽ ഇങ്ങനെയൊരു വെല്ലുവിളിക്കിടയാക്കിയ സാഹചര്യം കഴിഞ്ഞ നാലഞ്ചു നൂറ്റാണ്ടുകൾക്കിടയിൽ ലോകത്തു സംഭവിച്ച മാറ്റങ്ങളാണെന്ന ഒരു അഭിപ്രായഗതിയുണ്ട്. ശാസ്ത്ര-സാങ്കേതികമേഖലകളിലുണ്ടായ വികാസമാണ് മാറ്റങ്ങൾക്കു വഴിതെളിച്ചത്. പ്രപഞ്ചാതീതമെന്നു സാമൂഹ്യചിന്തകർ വിശേഷിപ്പിക്കുന്ന ഒരു പുതുനാഗരികതയിലേക്ക് അതു ലോകത്തെ എത്തിക്കുന്നു. ഗതാഗത-വാർത്താവിനിമയരംഗങ്ങളിലുള്ള വികാസം വിദൂരനാടുകളെയും ജനങ്ങളെയും നമുക്കു അന്യരല്ലാതാക്കിയിരിക്കുന്നു. ഇപ്പോൾ നമുക്കു ബന്ധപ്പെടാൻ പുതിയ ലോകങ്ങൾ, പുതിയ ചിന്തകൾ, പുതിയ വിശ്വാസങ്ങൾ. മറ്റു മണ്ഡലങ്ങളിലെന്നപോലെ സഭയിലുമുണ്ടായിട്ടുണ്ട് ഈ മാറ്റത്തിന്റെ സ്വാധീനം. സഭയുടെ ദൗത്യത്തിൽനിന്നു സഭയെ അകറ്റി നിറുത്തുന്നതിൽ അപ്രധാനമല്ലാത്ത ഒരു പങ്ക് അതിനുണ്ട്.

പക്ഷേ, ഒപ്പം ഓർമിക്കേണ്ടതും അടുത്ത കാലം വരെ നാം അറിയാതെപോയതുമായ ഒരു വസ്തുതയുണ്ട്. മനുഷ്യൻ നിരന്തരമായ സംവാദത്തിലാണെന്നും, സംവാദത്തിലൂടെയാണു നാം വളരുന്നതെന്നുമുള്ള മനുഷ്യാസ്തിത്വ സംബന്ധമായ ബോധോദയമാണത്. സംവാദത്തിലൂടെ നമ്മുടെ പരസ്പരാശ്രിതത്വത്തെപ്പറ്റി നാം മനസ്സിലാക്കുന്നു. മനുഷ്യവർഗത്തിന്റെ ഐക്യത്തെപ്പറ്റിയും അതു നേടുന്നതിൽ നമുക്കുള്ള ഉത്തരവാദിത്തത്തെപ്പറ്റിയും ശാസ്ത്ര-സാങ്കേതികമേഖലകളിലെ വികാസം നമുക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ക്രിസ്തു നമുക്കു നൽകിയ പാഠം അത് ഒന്നുകൂടെ സ്ഥിരീകരിച്ചിരിക്കുന്നു. നമ്മൾ സഹോദരങ്ങളാണ്. സ്വർഗസ്ഥനായ പിതാവിന്റെ മക്കൾ. ആ നിലയ്ക്കു പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടവർ; ആ സ്നേഹത്തിലൂടെ ദൈവരാജ്യനിർമിതിയിൽ പങ്കുചേരാൻ വിധിക്കപ്പെട്ടിരിക്കുന്നവർ. വസ്ത്രത്തിന്റെ ഭംഗിയും ബലവും അതിന്റെ ഇഴകളെ ആശ്രയിച്ചിരിക്കുന്നു. ഒരു ഇഴ പിഞ്ഞിയാൽ മതി വസ്ത്രം ഉപയോഗശൂന്യമാകാൻ. ***സഭ ഒരു പട്ടു വസ്ത്രമാകുന്നു. നാമെല്ലാം അതിലെ ഇഴകൾ; സഭയുടെ ഭംഗിയും ബലവും നിലനിർത്താൻ കടപ്പെട്ടവർ.*** ●

# പ്രശ്നംവയ്ക്കുന്ന പ്രശ്നക്കാരൻ

ഫാ. ഡോ. എ. പി. ജോർജ്

**ജനനമരണ രഹസ്യങ്ങളെപ്പറ്റി നിങ്ങളെപ്പോലെതന്നെ അജ്ഞനായ മനുഷ്യന്റെ മുമ്പിൽ പ്രശ്നംവച്ച് പരിഹാരം കാണാൻ തൊഴുതുനിൽക്കുന്നതിലെ യുക്തിയില്ലായ്മയെപ്പറ്റി ഒന്നു ചിന്തിച്ചു നോക്കുക. ദൈവം അനുകൂലമെങ്കിൽ പിന്നെ ആരാണ് നിങ്ങൾക്കു പ്രതികൂലമാകുക? ദൈവം അനുകൂലമാണോയെന്നറിയാൻ മനസ്സുതുറന്ന ആത്മപരിശോധനയും പശ്ചാത്താപവുമാണ് ഏറ്റവും ലളിതമായ വഴി.**

സംസ്കാരത്തിലും ആധുനികവീക്ഷണത്തിലും വളരെ മുൻപന്തിയിൽ നിൽക്കുന്ന അമേരിക്കയിൽ ക്ഷുദ്രപ്രയോഗം, മായാജാലം, പൈശാചികസേവ, മന്ത്രവാദം തുടങ്ങിയവയ്ക്ക് വളരെ പ്രചാരം കിട്ടിക്കൊണ്ടിരിക്കുകയാണ്. 'Ifa" എന്ന പേരിലറിയപ്പെടുന്ന ഒരു പുതിയ മതം അവിടെ രൂപംകൊണ്ടിട്ടുണ്ട്. മൃഗബലിയിലൂടെ ദിവ്യശക്തി നേടുവാൻ കഴിയുമെന്നാണ് ഇതിലെ വിശ്വാസികൾ അവകാശപ്പെടുന്നത്. അവികസിത രാജ്യങ്ങളിൽ നിന്ന് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടച്ചുനീക്കുവാൻ ബോധവൽക്കരണം നടത്തിയ പാശ്ചാത്യരാജ്യങ്ങൾ അന്ധവിശ്വാസങ്ങളിലേക്കു തിരിച്ചുപോകുന്നതെന്താണെന്നു ചിന്തിക്കേണ്ട വിഷയമാണ്. അതീന്ദ്രിയശക്തിയുമായി നേരിട്ടു ബന്ധം സ്ഥാപിക്കുവാനുള്ള മനുഷ്യന്റെ ആഗ്രഹത്തിന് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. മതനേതാക്കന്മാരെയും കർമങ്ങളെയും ആശ്രയിച്ചുള്ള ദൈവബന്ധം പലർക്കും അപ്രിയമാണ്. മനുഷ്യനിൽ നിന്നു മറഞ്ഞിരിക്കുന്ന ദൈവത്തിലേക്ക് ഒരു വഴി തെളിക്കുവാനുള്ള ശ്രമമാണ് ഇത്തരം അന്വേഷണങ്ങളുടെ പിന്നിൽ.

***ക്രിസ്തു ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള മദ്ധ്യസ്ഥനാണെന്നും അവൻ സകലത്തിനും മതിയായവനാണെന്നും വിശ്വസിക്കുന്ന ക്രിസ്ത്യാനികളിൽ പലരും, രോഗവും പ്രയാസവും പ്രതിസന്ധിയും വരുമ്പോൾ ഇടറിപ്പോകാറുണ്ട്.*** തനിക്കും തന്റെ കുടുംബത്തിനും നേരിട്ടിരിക്കുന്ന അനർത്ഥത്തിന്റെ പിന്നിൽ പൈശാചികപ്രവർത്തനങ്ങളാണെന്ന സംശയം കടന്നുകൂടുന്നതോടെ ആ വഴിക്കുള്ള അന്വേഷണമായി. ഇവർ ചെന്നുപെടുന്നത് ചൂഷണമനോഭാവമുള്ള കപടവൈദ്യന്മാരുടെ കൈകളിലായിരിക്കും. കാര്യങ്ങൾക്കു പിന്നിലെ കാരണം അന്വേഷിച്ചുചെല്ലുന്ന ഇത്തരം ചഞ്ചലമനസ്കരിൽ ആശയക്കുഴപ്പവും തെറ്റിദ്ധാരണയും കുത്തിവച്ച് വൻതുക പ്രതിഫലം പറ്റി ബിസിനസ്സു നടത്തുന്നവർ വേണ്ടുവോളമുണ്ട് സമൂഹത്തിൽ.

ദൈവത്തിൽ സമർപ്പിച്ചു പ്രാർത്ഥിച്ചാൽ മതിയോ, പിന്നെന്തെങ്കിലും കൂടുതലായി ചെയ്യേണ്ടതുണ്ടോ എന്ന സംശയം പലരുടേയും മനസ്സിലുണ്ടാകും. അവർക്കുവി. ബൈബിൾ നൽകുന്ന മൂന്നു നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. • നരബലിയോ മൃഗബലിയോ പോലുള്ള ഒരു യാഗം ഇനി ആവശ്യമില്ല. യേശുമശിഹയുടെ ശരീരത്തിന്റെ ഒരിക്കലായുള്ള അർപ്പണം മൂലം നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. (എബ്രാ. 10:10) • മറ്റൊരു മദ്ധ്യസ്ഥന്റെ ആവശ്യം നമുക്കില്ല. എന്തെന്നാൽ, ദൈവം ഏകനാകുന്നു. ദൈവത്തിനും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥനും ഒരുവൻ. അതേ, മനുഷ്യപുത്രനായ യേശുമശിഹ തന്നെ (1 തിമോ.2:3). അവനിലൂടെ ദൈവത്തിലേക്കുള്ള ബന്ധം ഉറപ്പുതരുന്നു. • ദൈവത്തെ അറിയുവാൻ ഇനി ഒരു പുതിയ പരിശ്രമമോ അന്വേഷണമോ ആവശ്യമില്ല. ഞാൻ വഴിയും സത്യവും ജീവനും ആകുന്നു. എന്നിലൂടെയല്ലാതെ ആരും എന്റെ പിതാവിന്റെ സന്നിധിയിലേക്കു വരികയില്ല. (യോഹ. 14:6).

പ്രതിസന്ധികളിൽ വ്യർത്ഥമായ അന്വേഷണം നടത്തുന്നവർ യഥാർത്ഥ ക്രിസ്തീയമനോഭാവം ഉൾക്കൊണ്ട് പ്രശ്നസാഹചര്യങ്ങളിൽ വഴിതെറ്റിയ അന്വേഷണം ഒഴിവാക്കണം. ജനനമരണ രഹസ്യങ്ങളെപ്പറ്റി നിങ്ങളെപ്പോലെതന്നെ അജ്ഞനായ മനുഷ്യന്റെ മുമ്പിൽ പ്രശ്നംവച്ച് പരിഹാരം കാണാൻ തൊഴുതുനിൽക്കുന്നതിലെ യുക്തിയില്ലായ്മയെപ്പറ്റി ഒന്നു ചിന്തിച്ചു നോക്കുക. ദൈവം അനുകൂലമെങ്കിൽ പിന്നെ ആരാണ് നിങ്ങൾക്കു പ്രതികൂലമാകുക? ദൈവം അനുകൂലമാണോയെന്നറിയാൻ മനസ്സുതുറന്ന ആത്മപരിശോധനയും പശ്ചാത്താപവുമാണ് ഏറ്റവും ലളിതമായ വഴി. •

## VISION FOR INDIA (Cont'd from Page 4)

going to change the system? What does a system consist of? Very conveniently for us, it consists of our neighbours, other households, other cities, other communities and the government. But definitely not me and you. When it comes to us actually making a positive contribution to the system *we lock ourselves along with our families into a safe cocoon and look into the distance at countries far away and wait for a Mr. Clean to come along and work miracles for us with a majestic sweep of his hand. Or we leave the country and run away. Like lazy cowards hounded by our fears we run to America to bask in their glory and praise their system. When New York becomes insecure, we run to England. When England experiences unemployment, we take the next flight out to the Gulf. When the Gulf is war struck, we demand to be rescued and brought home by the Indian government.*

Everybody is out to abuse and rape the country. Nobody thinks of feeding the system. Our conscience is mortgaged to money. Dear Indians, The article is highly thought inductive, calls for a great deal of introspection and pricks one's conscience too......I am echoing J.F.Kenedy's words to his fellow Americans to relate to Indians. "ASK WHAT WE CAN DO FOR INDIA AND DO WHAT HAS TO BE DONE TO MAKE INDIA WHAT AMERICA AND OTHER WESTERN COUNTRIES ARE TODAY".

*Courtesy : Society for International Development, Madurai.*



# ഗുരുത്വാകർഷണം



ഡോ. ജോർജ് എം. തോമസ്

ഗുരുത്വാകർഷണം (gravitation) ഒരു ബലമാണ്. ദൈനംദിന അനുഭവത്തിലൂടെ ബലം എന്താണെന്ന് നമുക്കറിയാം. പക്ഷേ അതിനൊരു ശാസ്ത്രീയ നിർവചനമാവശ്യമാണ്. പുറമേ നിന്ന് ഒരു വസ്തുവിന്മേൽ ബലം പ്രയോഗിച്ചാൽ ആ വസ്തുവിന് ത്വരണം (acceleration) ഉണ്ടാകുന്നു. ബലം പ്രയോഗിച്ചിട്ട് ത്വരണമുണ്ടാകുന്നില്ലെങ്കിൽ അതിന്റെയർത്ഥം ഏതോ എതിർബലം പ്രവർത്തിക്കുന്നുണ്ടെന്നാണ്. മറ്റു ബലങ്ങളൊന്നുമില്ലാത്ത അവസ്ഥയിൽ, വസ്തുവിന്റെ ദ്രവ്യമാനവും (mass) അതിനുണ്ടായ ത്വരണവും തമ്മിലുള്ള ഗുണനഫലമാണ് നമ്മൾ പ്രയോഗിച്ച ബലത്തിന്റെ അളവ്. ബലം പുറമേ നിന്നാണെങ്കിൽ മാത്രമേ ത്വരണവും ചലനവുമൊക്കെയുണ്ടാവൂ.

ഒരിക്കൽ കുറെ വിദ്യാർത്ഥികൾ സഞ്ചരിച്ചിരുന്ന സ്കൂൾ ബസ്സ് യാത്രയ്ക്കിടയിൽ കേടായി. യാത്ര തുടരണമെങ്കിൽ ബസ്സ് ഒന്നു തള്ളിക്കൊടുക്കണമായിരുന്നു. നാലഞ്ചു വിദ്യാർത്ഥികൾ ചാടിയിറങ്ങി പുറമേ നിന്ന് തള്ളാൻ തുടങ്ങി. അപ്പോൾ മറ്റു ചില വിദ്യാർത്ഥികൾക്ക് ഒരു പുതിയ ആശയം തോന്നി. അവർ ബസ്സിന്റെ സീറ്റിൽ ഇരുന്നു കൊണ്ട് മുൻസീറ്റിൽ ആഞ്ഞുതള്ളി. ബലം പുറത്തു നിന്ന് പ്രയോഗിക്കാഞ്ഞതിനാൽ ഒന്നും സംഭവിച്ചില്ല. അപ്പോൾ ഒരാൾക്കൊരു സംശയം, എൻജിൻ വണ്ടിയ്ക്കകത്തല്ലേ? പക്ഷേ, പുറമെയുള്ള വീലുകളെയാണ് എൻജിൻ ചലിപ്പിക്കുന്നതെന്ന കാര്യം അയാൾ ഓർത്തില്ല. ബസ്സിനു വെളിയിലിറങ്ങി തള്ളിയവർ അവരുടെ പാദങ്ങൾ റോഡിലുറപ്പിച്ച് റോഡിനെ പുറകോട്ടുതള്ളി (action). അതിനു തുല്യമായ പ്രതിബലം (reaction) മുമ്പോട്ടുണ്ടായി ബസ്സ് നീങ്ങുകയും ചെയ്തു.

ഒരിക്കലൊരു കൊച്ചുകുട്ടി മുറ്റത്തെ മണ്ണു വാരിത്തിന്നുന്നതു കണ്ട വീട്ടമ്മയ്ക്ക് സഹിക്കാനായില്ല. കൊടുത്തു ഒരടി. കൈനിവർത്ത് തോളിലാണടിച്ചത്. അടികൊണ്ടു വേദനിച്ച കുട്ടി ഉറക്കെക്കരഞ്ഞു, അമ്മയും കരഞ്ഞു! അമ്മ എന്തിനാണു കരഞ്ഞത്. വാൽസല്യം കൊണ്ടാണെന്നു നിങ്ങൾ പറഞ്ഞേക്കാം. വാസ്തവത്തിൽ അമ്മയ്ക്കും കൈ നൊന്തു, ബലവും പ്രതിബലവും തുല്യമായതിനാൽ.

*ബലവും പ്രവൃത്തിയും* (Force and Work) *:* ബലം പ്രയോഗിച്ചാൽ പ്രവൃത്തി ചെയ്യാം. ബലവും അതു പ്രയോഗിച്ച ദൂരവും തമ്മിലുള്ള ഗുണനഫലമാണ് പ്രവൃത്തിയുടെ അളവ്.

ഒരിക്കലൊരിടത്തു കെട്ടിനിർത്തിയിരുന്ന പശുവിന്റെ കെട്ടഴിഞ്ഞു പോയി. പശു കയറുമായി കൃഷിസ്ഥലത്തുകൂടി ഓടിനടന്ന് നാശമുണ്ടാക്കി. കൃഷിക്കാരൻ പുറകെ ഓടി കയറിൽപ്പിടിച്ച് പശുവിനെ പെട്ടെന്നു നിർത്താൻ നോക്കിയപ്പോൾ വീണുപോയി. അയാൾക്ക് കൃഷി വേണം, പശുവും വേണം. പശുവിന്റെ പുറകെ നടന്ന് ക്രമേണ കയറിൽ ബലം പ്രയോഗിച്ചപ്പോൾ അയാൾക്ക് പശുവിനെ പിടിച്ചുകെട്ടാൻ കഴിഞ്ഞു. ചെറിയ ബലം കൂടുതൽ ദൂരത്തിൽ പ്രയോഗിക്കുകയാണു അയാൾ ചെയ്തത്. പ്രവൃത്തി ഒന്നുതന്നെ. വലിയ ഭാരമുയർത്താൻ നാം ലീവർ ഉപയോഗിക്കുന്നു. ഉയർത്തേണ്ട ഭാരം ലീവറിന്റെ ആധാരത്തിനടുത്ത് കെട്ടിയിടുകയും ആധാരത്തിൽ നിന്ന് അകലെ ചെറിയ ബലം പ്രയോഗിക്കുകയും ചെയ്യുന്നു. അങ്ങനെ ചെറിയ ബലം കൊണ്ട് വലിയ ഭാരം ഉയർത്താം. കൂടുതൽ ദൂരം പ്രയോഗിക്കണമെന്നുമാത്രം. പ്രവൃത്തിയിൽ വ്യത്യാസമില്ല.

ഒരു വസ്തുവിന്റെ ഭാരം (weight) എന്നു പറയുന്നത് അതിൽ പ്രവർത്തിക്കുന്ന ഗുരുത്വാകർഷണബലമാണ്. അതു പ്രവർത്തിക്കുന്നത് വസ്തുവിലുള്ള ഒരു നിശ്ചിത ബിന്ദുവിലാണ്. ആ ബിന്ദുവിനെ ഗുരുത്വകേന്ദ്രം എന്നു പറയുന്നു. ഒരു ഗോളത്തിന്റെ ഗുരുത്വകേന്ദ്രം അതിന്റെ കേന്ദ്രത്തിലാണ്. ഗുരുത്വാകർഷണത്താൽ ഭൂമിയിലെ ഒരു വസ്തുവിന്റെ ത്വരണം ഏകദേശം പത്തു യൂണിറ്റാണെന്നു മനസ്സിലാക്കാൻ കഴിയും. ഭൂമി ഒരൊത്ത ഗോളമല്ല. ധ്രുവത്തിലെ ആരം (radius) കുറവും ഭൂമധ്യരേഖയിലെ ആരം അൽപം കൂടുതലുമാണ്. അതുകൊണ്ട് ത്വരണത്തിലും വ്യത്യാസമുണ്ട്-ധ്രുവത്തിൽ കൂടുതലും ഭൂമദ്ധ്യരേഖയിൽ കുറവും. ഭൂമി സൂര്യനു ചുറ്റും സ്ഥിരമായി കറങ്ങുന്നു. ഭൂമിക്ക് സൂര്യന്റെ ശക്തമായ ഗുരുത്വാകർഷണബലവുമുണ്ട്. എന്നാൽ ഭൂമി സൂര്യനിൽ ചെന്നു പതിക്കുന്നില്ല. കാരണം, ഭ്രമണത്തിൽ നിന്നു ലഭിക്കുന്ന ഒരു എതിർബലം ഗുരുത്വാകർഷണബലത്തിന്റെ എതിർദിശയിൽ പ്രവർത്തിക്കുന്നു. സൂര്യനു ചുറ്റും സ്ഥിരമായി കറങ്ങുന്ന ഗോളങ്ങളെല്ലാം ഈ തുല്യ എതിർബലം കൊണ്ടാണ് സൂര്യനിൽ ച്ചെന്നു പതിക്കാതെ സ്ഥിരമായി കറങ്ങുന്നത്. ഗോളത്തിന്റെ ദ്രവ്യമാനം, സൂര്യനിൽ നിന്നുള്ള ദൂരം, അതിന്റെ വേഗം എന്നിവയെ ആശ്രയിച്ചാണ് എതിർബലം.

*റോഡിന്റെ വളവ് :* നമ്മുടെ റോഡുകളിലെ വളവുകളിൽ റോഡ് ഉള്ളിലേക്ക് അല്പം ചരിച്ചിടുന്നതു ശ്രദ്ധിച്ചിരിക്കുമല്ലൊ. വളവു തിരിയുന്ന വണ്ടി ഉള്ളിലേക്ക് ചരിഞ്ഞാണു നിൽക്കുന്നത്. വാഹനത്തിന്റെ ഗുരുത്വകേന്ദ്രത്തിൽ നിന്നുള്ള നേർരേഖ വണ്ടിയുടെ നടുക്കു നിന്ന് വളവിന്റെ ഉള്ളിലേക്ക് അൽപം മാറിയാണ്. വണ്ടി സ്പീഡിൽ വരുമ്പോൾ പുറത്തേക്കു ചരിഞ്ഞ് പുറത്തെ രണ്ടു വീലുകളിൽ ഓടും. പിന്നെ സ്പീഡ് കൂടിയാൽ മറിയും. ഇതു തടയാനാണ് റോഡ് ഉള്ളിലേക്കു ചരിച്ചിടുന്നത്. ഇരുചക്രവാഹനങ്ങൾ വളവു തിരിയുമ്പോൾ ഉള്ളിലേക്കു ചരിഞ്ഞാണ്, ആളും വണ്ടിയും സമനില പാലിക്കുന്നത്.

*മനുഷ്യന്റെ നടത്തം ഒരഭ്യാസമാണ്:* മറ്റു ജീവികൾ നാലു കാലിൽ നടക്കുമ്പോൾ മനുഷ്യൻ മാത്രം രണ്ടു കാലിൽ നടക്കുന്നു. അസ്ഥിരമായ (unstable) ഒര

വസ്ഥ. പാദങ്ങളാണു ഭാരം താങ്ങുന്നത്. താങ്ങിനു മുകളിലാണ് ഗുരുത്വകേന്ദ്രം. അവിടെ നിന്ന് മനുഷ്യന്റെ ഭാരം നേർരേഖയിലൂടെ കീഴ്പോട്ടാണ്. പാദങ്ങളുടെ മേലുള്ള ഭൂമിയുടെ തള്ള് മേൽപോട്ട്, പാദങ്ങൾക്കിടയിലൂടെ, പ്രവർത്തിക്കുന്നു. ഗുരുത്വാകർഷണബലം പാദങ്ങൾക്കു വെളിയിലായാൽ മറിഞ്ഞുവീഴും. അങ്ങനെ വരുമ്പോൾ ശരീരം വളച്ചും കൈകൾ വീശിയും അസ്ഥിരത നമ്മൾ സ്ഥിരതയാക്കിക്കൊണ്ടേയിരിക്കും. ഒരു കൈ മുമ്പോട്ടു നീട്ടിയാൽ മറ്റേ കൈ പുറകോട്ടു നീട്ടും. ഈ അഭ്യാസം നാം പല നാൾ കൊണ്ടാണു പഠിച്ചത്; ജനിച്ച് കമഴ്ന്നുവീണ് മുട്ടേൽ നീന്തി പിച്ചപ്പിച്ച നടന്ന്. പശുക്കിടാവ് പെറ്റുവീണാൽ ഉടനെ തന്നെ നടക്കും, ഓടും. ഒന്നു നക്കിതോർത്തേണ്ട താമസം മാത്രം. കുറ്റവാളികളെ കൊണ്ടുപോകുമ്പോൾ ഓടി രക്ഷപ്പെടാതിരിക്കാൻ കൈയ്ക്കാണു വിലങ്ങ്, കാലിനല്ല.

***ഭാരവും മർദവും***

ഭാരം താങ്ങുന്ന പ്രതലത്തിന്റെ വിസ്തീർണം കൂടുതലാണെങ്കിൽ മർദം കുറഞ്ഞുകിട്ടും. നാം നിൽക്കുമ്പോൾ പാദങ്ങളിലാണു ഭാരം താങ്ങുന്നത്. അതുകൊണ്ട് ക്ഷീണം തോന്നും. ഇരുന്നാൽ ഭാരം താങ്ങുന്ന വിസ്തീർണം കൂടുന്നു. അതിനാൽ മർദം കുറയുന്നു, ഇരുപ്പ് സുഖം. കിടന്നാൽ വിസ്തീർണം പിന്നെയും കൂടുകയാണ്. മർദം വീണ്ടും കുറയുന്നു. മെത്തയുണ്ടെങ്കിൽ ശരീരത്തിന്റെ ആകൃതിയിൽ മെത്ത അമർന്നു കൊടുക്കുന്നു. താങ്ങുന്ന വിസ്തീർണം പിന്നെയും കൂടുന്നു. പരമസുഖം; ഉറങ്ങിപ്പോകും. ആണിയിൽ ഇരുന്നു നോക്കൂ. ഇവിടെ, വിസ്തീർണം ആണിമുനയുടേതാണ്. അതിനാൽ മർദം വളരെ കൂടുതൽ, ശരീരം മുറിയും. ആണി തറച്ച കിടക്കയാണെങ്കിൽ കുറേക്കൂടി നന്ന്. സന്യാസിമാർ ധ്യാനത്തിനായി ആണിയടിച്ചുനിർത്തിയ മെത്ത ഉപയോഗിക്കുമെന്നു കേട്ടിട്ടുണ്ട്. നല്ല തൊലിക്കട്ടി വേണം. കത്തിക്ക് മൂർച്ചയുണ്ടെങ്കിൽ വക്കിന്റെ വിസ്തീർണം കുറവാണ്. മർദം കൂടും, വേഗം മുറിയും.

***ഗുരുത്വാകർഷണവും കായികാഭ്യാസങ്ങളും***

**ഹൈ ജംപ്** : ഇവിടെ ഗുരുത്വകേന്ദ്രമാണ് കഴിവതും ഉയർത്തേണ്ടത്. കൈയും കാലും ആ നിരപ്പിൽ കൊണ്ടുവരണം. പിന്നെ ഉരുണ്ട് അപ്പുറത്തേക്കു മറിയുക. താഴെവീഴുന്നത് മെത്തപ്പുറത്താണ്. അതുകൊണ്ട് എങ്ങനെ വീണാലും ദോഷമില്ല.

**ലോംഗ് ജംപ്** : ഓടിവന്ന് തറയിൽ ആഞ്ഞുചവുട്ടി അതിന്റെ പ്രതിബലം കൊണ്ട് 45 ഡിഗ്രി ചരിഞ്ഞ് ചാടുകയാണിവിടെ. കാല് കുത്തുന്നിടമാണ് ചാട്ടത്തിന്റെ അളവ്. കൈകുത്തുന്നത് അതിനപ്പുറത്താണ്.

**വടംവലി** : രണ്ടു ടീമുകൾ വടംവലിക്കുമ്പോൾ വടത്തിന്മേലുള്ള ബലവും പ്രതിബലവും സമമാണ്. പിന്നെങ്ങനെയാണ് ഒരു ടീം ജയിക്കുക? വടത്തിനു വെളിയിൽ നിലത്തു ചവുട്ടി പ്രതിബലം പുറകോട്ടു കിട്ടുന്നു. നിലത്തു നിന്നു കിട്ടുന്ന പ്രതിബലം കൂടുതലുള്ളവർ വിജയം കൈവരിക്കുന്നു.

**ഊഞ്ഞാലാട്ടം.** ആടി ഉയരുമ്പോൾ എഴുന്നേറ്റു നിൽക്കുകയും താഴെയെത്തുമ്പോൾ ഇരിക്കുകയും ചെയ്താൽ ഗുരുത്വകേന്ദ്രത്തിന്റെ താഴ്ചയുടെ അളവ് വർദ്ധിപ്പിക്കാം. താഴെയെത്തുമ്പോൾ കൂടുതൽ സ്പീഡ് കാണും. അതുപയോഗിച്ച് മറുവശത്തേക്കു കൂടുതലുയരാൻ സാധിക്കും.

ഗുരുത്വാകർഷണത്തിന്റെ പിടിയിൽ നിന്നു രക്ഷപ്പെടാൻ ബുദ്ധിമുട്ടാണ്. എങ്കിലും, ചന്ദ്രൻ വരെ പോയി മടങ്ങി വന്നു. ചന്ദ്രനിൽ വായുവില്ല, വെള്ളമില്ല. അവിടെ ഗുരുത്വാകർഷണം കുറവാണ്. വായുവും വെള്ളവും പിടിച്ചുനിർത്താൻതക്ക ശേഷിയുമില്ല. ഇതൊക്കെ മുൻകൂട്ടി അറിഞ്ഞുകൊണ്ടു തന്നെയാണ് ചന്ദ്രനിൽ പോയത്. ഭൂമിയുടെ ആകർഷണവലയത്തിൽ നിന്ന് രക്ഷപ്പെടണം. ചന്ദ്രന്റെ ആകർഷണവലയത്തിൽ റോക്കറ്റ് തിരിച്ച് കീഴ്പോട്ടുള്ള സ്പീഡു കുറച്ച് സാവകാശമിറങ്ങണം. പിന്നെ അവിടെ നടക്കാൻ വീണ്ടും പഠിക്കണം. ഭാരം പകുതിയിൽ കുറവാണ്. ഭൂമിയിലെ പോലെ നടക്കാൻ ശ്രമിച്ചാൽ ചാടിച്ചാടി പോകും. ചന്ദ്രനിൽ വൃക്ഷങ്ങളില്ല. സംസാരിച്ചാൽ ശബ്ദം കൊണ്ടുപോകാൻ വായുവില്ല. അവിടെ കുറച്ചു സ്ഥലം കൈവശമാക്കി വീടു വച്ച് താമസിക്കണമെന്നാശിച്ചവർ നിരാശരായി. ഇനിയും വേറെ സ്ഥലങ്ങൾ ധാരാളമുണ്ട്. ഭൂമിയ്ക്കനുയോജ്യമായ ഒരു ഗ്രഹം കാണാതിരിക്കുമോ? കാത്തിരിക്കാം.

**വാൽക്കഷണം**

*മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയ കാലം. സ്കൂൾ വിട്ട് വീട്ടിലെത്തിയ കുട്ടി പുസ്തകസഞ്ചി കട്ടിലിലെറിഞ്ഞിട്ട് അമ്മയെ വിളിച്ചു.*

*"അമ്മേ, ഞാനും ചന്ദ്രനിൽ പൊയ്ക്കോട്ടെ?"*

*അടുക്കളയിലായിരുന്ന അമ്മ പറഞ്ഞു : നീ എവിടെ വേണമെങ്കിലും പൊയ്ക്കൊ. നേരം ഇരുട്ടുന്നതിനു മുമ്പ് തിരികെ വന്നേക്കണം!*

## പ്രതികരണം.

The article by Dr. D. Benjamin in the March issue accuses the American Missionary Joseph Cooper of adopting the path of "untruth" to spread the truth of the gospel. This raises important questions about morality and ethics. The author appears to imply that the dictates of those in authority are always to be implicitly obeyed. He conveniently forgets that there is a higher morality in existence and man-made rules do not always carry divine sanction. Propagation of one's faith is a right enshrined in the Constitution of India, for the citizens of this country. But it does not follow that such propagation when carried out by a non-citizen becomes a criminal act. To say that a person visiting the country on tourist visa cannot preach, appears to be an absurdity unless of course he is preaching terrorism or the country we are speaking of is Saudi Arabia. The expulsion of Joseph Cooper from India even before he recovered from the injuries inflicted on him shows the growing intolerance of the authorities of our country towards religious practice and preachings by foreigners. Thankfully, liberal democracies cannot take such reciprocal action. The present case also shows the tendency on the part of the so called secular leaders to bend over in order to please the extremists in our own country.

***K. P. Luke Vydhian, Bangalore***

**An important official who was visiting a lunatic asylum made a telephone call but had difficulty in getting his number. Finally, in exasperation, he shouted to the operator:**

**"Look here, girl, do you know who I am?"**

**'No', she replied calmly, 'but I know where you are'.**

# സ്വാശ്രയ കോളജ് : സഭകളുടെ നിലപാട് നീതിരഹിതം



ഫാ. ഡോ. ഒ. തോമസ്

**'സാമൂഹികനീതി'** പ്രശ്നത്തിൽ കേരളത്തിലെ ക്രൈസ്തവസഭകൾ പുറകോട്ടു തിരിഞ്ഞുനടക്കുന്നുവെന്ന തോന്നലിൽ നിന്നുളവായ ഹൃദയവ്യഥയാണ് ഈ കുറിപ്പിനാധാരം. ചരിത്രത്തിലേക്കൊരു ഓട്ടപ്രദക്ഷിണം നടത്തിയാൽ പഴയനിയമകാലത്തെ പ്രവാചകന്മാർ ഉയർത്തിയ സാമൂഹികനീതിയോ, ദൈവരാജ്യത്തെക്കുറിച്ച് കർത്താവ് വെളിപ്പെടുത്തിയ ഉയർന്ന മാനദണ്ഡങ്ങളോ വ്യവസ്ഥാപിതസഭകൾ ഒരു കാലത്തും പുലർത്തിയിട്ടില്ല. അപവാദങ്ങളായി കുറച്ചു വ്യക്തികൾ എല്ലാക്കാലത്തും അവിടവിടെയുണ്ടായിട്ടുണ്ടെന്നു മാത്രം. ഹിംസയുടെയൊ വിപ്ലവത്തിന്റെയൊ എടുത്തുചാട്ടം യേശുക്രിസ്തുവോ വേദപുസ്തകമോ വിഭാവനം ചെയ്തിട്ടില്ല. യജമാനനും അടിമയും ഇല്ലാതെ വരുന്ന ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകുമെന്ന് അപ്പോസ്തലന്മാർ പ്രത്യാശിച്ചു. അതുകൊണ്ട് വി. പൗലൊസ് ഇപ്രകാരമെഴുതി: "ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ.......ഭയത്തോടും വിറയലോടും അനുസരിപ്പിൻ". അതുപോലെ യജമാനന്മാരോട്: "അവരുടെയും നിങ്ങളുടെയും യജമാനൻ സ്വർഗത്തിലുണ്ടെന്നും അവന്റെ പക്കൽ മുഖപക്ഷമില്ലെന്നും അറിഞ്ഞുകൊണ്ട് അങ്ങനെ തന്നെ അവരോടു പെരുമാറുകയും ഭീഷണിവാക്ക് ഒഴിവാക്കുകയും ചെയ്യുവിൻ". ഇതിനോടു സമാനമായ പ്രബോധനമാണ് വി. പത്രോസും നൽകിയത്. എന്നാൽ ദരിദ്രരോട് പൂർണമായി പക്ഷംചേർന്ന് ധനികവർഗത്തെ ഒരുവിധത്തിലും ന്യായീകരിക്കാത്ത നിലപാടാണ് വി. യാക്കോബ് എടുത്തത്. "അല്ലയോ, ധനവാന്മാരേ, നിങ്ങളുടെ മേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ". "ദരിദ്രനോടു കരുണ കാണിക്കുന്നവന് കരുണയില്ലാത്ത ന്യായവിധിയുണ്ടാകും". ഈ വേദപുസ്തക പ്രബോധനങ്ങളെല്ലാം സഭകൾ പ്രായോഗികജീവിതത്തിൽ സ്വാംശീകരിച്ചത് മറ്റൊരു വിധത്തിലാണ്. ധനികവർഗത്തോടൊപ്പം നിലകൊള്ളുകയും അവരുമായുള്ള സൗഹാർദ്ദത്തിലൂടെ ലഭിക്കുന്ന നക്കാപ്പിച്ച വാങ്ങി ദരിദ്രജനത്തിന് അൽപം ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തി ദൈവത്തെ പ്രീതിപ്പെടുത്തി തൃപ്തിയടയുക. നീതിബോധമില്ലാത്ത ധനികർക്കും, തൽക്കാലത്തേക്കു വല്ലതും ലഭിക്കുന്നതിൽ സന്തോഷമുള്ള ദരിദ്രർക്കും ഈ രീതിയിൽ പരിപൂർണ സംതൃപ്തിയാണുള്ളത്. അതിനുമപ്പുറം നീതിയെക്കുറിച്ചും മനുഷ്യാവകാശങ്ങളെക്കുറിച്ചും ബോദ്ധ്യമുള്ളവർക്ക് സഭകളുടെ വ്യവസ്ഥാപിത ചട്ടക്കൂടുകളിൽ ഒരു കാലത്തും സ്ഥാനം ലഭിച്ചിരുന്നില്ല. അങ്ങനെയുള്ളവരിൽ ചിലർ ചട്ടക്കൂടുകളുമായി ഒത്തുതീർപ്പുണ്ടാക്കി അമർഷവും രോഷവും ഉള്ളിലടക്കി ജീവിച്ചു. മറ്റു ചിലർ ഈ ചട്ടക്കൂട്ടിൽ നിന്നു പുറത്തു ചാടി സെക്കുലർ പ്രസ്ഥാനങ്ങളിൽ പങ്കുചേർന്നു. ലോകചരിത്രം, പ്രത്യേകിച്ചും ക്രിസ്തുവിനു ശേഷമുള്ളത്, പരിശോധിച്ചാൽ സഭേതര പ്രസ്ഥാനങ്ങളാണ് നീതിയുടെ പ്രശ്നം ശക്തമായി ഉയർത്തിക്കാട്ടിയിട്ടുള്ളത്. എന്നാൽ ദാർശനികതലത്തിൽ അതിന്റെ അടിവേരുകൾ ക്രിസ്തുവിലാരംഭിച്ച പുതിയ മാനവികതയിലുമാണ്. ഭൂമിയിലെ സ്വർഗരാജ്യം എന്ന സങ്കൽപം കാൾ മാർക്സിന് യഹൂദ-ക്രിസ്തീയ പാരമ്പര്യത്തിൽ നിന്നല്ലാതെ മറ്റെവിടെ നിന്നാണു കിട്ടിയത്? പാശ്ചാത്യമിഷനറിമാരുടെ കേരളത്തിലെ വിദ്യാഭ്യാസപ്രവർത്തനത്തിൽ നിന്നാണ് മനുഷ്യാന്തസ്സിനെയും മനുഷ്യാവകാശങ്ങളെയും അംഗീകരിക്കുന്ന നവോത്ഥാനപ്രസ്ഥാനങ്ങൾ കേരളത്തിൽ ഉടലെടുത്തതെന്ന വസ്തുത ഈ വർഷത്തെ ഓർത്തഡോക്സ് സെമിനാരി കോൺവക്കേഷൻ പ്രസംഗത്തിൽ പ്രൊഫ. എം. കെ. സാനു എടുത്തുപറയുകയുണ്ടായി. നിർഭാഗ്യവശാൽ, കേരളത്തിൽ ക്രിസ്തീയ സഭകൾക്കു നേതൃത്വം കൊടുക്കുന്നവർ ധനികർക്കു വേണ്ടി മുന്തിയതരം ആശുപത്രികളും സ്കൂളുകളും കോളജുകളും നിർമിച്ച് കോടികൾ ആ വഴിക്കു ചെലവാക്കുമ്പോൾ, പാവങ്ങൾക്കു കുറെ ആയിരങ്ങൾ ധർമമായി നൽകി സാമൂഹികനീതി നടപ്പാക്കുകയാണ്. നീതിക്കുവേണ്ടി പോരാടുന്ന സെക്കുലർ പ്രസ്ഥാനങ്ങളേക്കാൾ ശക്തമായി വ്യവസ്ഥാപിതസഭകൾക്കു നിലനിൽക്കാൻ സാധിക്കുന്നതു മൂലം തങ്ങളുടെ നിലപാടുകൾ പൂർണമായും ശരിയെന്ന ബോദ്ധ്യത്തോടെയാണ് സഭാനേതൃത്വം മുന്നോട്ടുപോകുന്നത്.

എന്നാൽ വാസ്തവമെന്താണ്? നീതിക്കുവേണ്ടി പോരാടുന്ന സെക്കുലർ പ്രസ്ഥാനങ്ങൾ അമിതാവേശത്തോടെ അക്രമമാർഗങ്ങളിലേക്കു തിരിയുന്നതും (ഉദാ: ജാനുവിന്റെ ആദിവാസിസമരം. തികച്ചും നീതിപൂർവകമായ സമരം അക്രമമാർഗത്തിലേക്കു തിരിഞ്ഞപ്പോൾ കൈവിട്ടു പോയി) സാധാരണ വിശ്വാസിക്ക് ശ്വാസോച്ഛ്വാസം പോലെ ആവശ്യമായ ദൈവോന്മുഖത നിഷേധിക്കപ്പെടുന്നതുമാണ് അവയൊക്കെ വേഗത്തിൽ പരാജയപ്പെടുവാനിടയാക്കുന്നത്. ഏതു പിൻതിരിപ്പൻ സഭാനേതൃത്വത്തെയും വിശ്വാസികൾ വേഗത്തിൽ തള്ളിപ്പറയാത്തത്, തങ്ങളുടെ ദൈവികബന്ധം നിലനിർത്തുവാൻ സെക്കുലർ പ്രസ്ഥാനങ്ങൾക്ക് കഴിയാത്ത ഏതോ ഒന്ന് സഭകളിലൂടെ ലഭിക്കുന്നതിനാലാണ്. പാവപ്പെട്ട ജനങ്ങളുടെ നിഷ്കളങ്കഭക്തിയെ ഓർത്താണ് ദൈവം തമ്പുരാൻ സഭകളെ ഈ വിധമെങ്കിലും പരിരക്ഷിക്കുന്നത്. ഈ പരിരക്ഷ നേതൃത്വത്തിന്റെ ഗുണം കൊണ്ടാണെന്നു ധരിച്ചുപോയാൽ അതു സർവാബദ്ധമാണ്. നീതിബോധമുള്ള ചുരുക്കം ചിലർ അവിടവിടെയായി കണ്ടേക്കാം. പക്ഷേ അവർക്കൊന്നും സഭകളുടെ നിലപാടിൽ കാര്യമായ സ്വാധീനം ചെലുത്താനാവുന്നില്ല.

ഇത്ര ദീർഘമായ ഒരാമുഖം കൊടുത്തത് ഒരു വസ്തുത ചൂണ്ടിക്കാട്ടാനാണ്. സ്വാശ്രയ കോളജുകളിലെ 50% സീറ്റുകൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ കൊടുക്കാനുള്ള സർക്കാർ തീരുമാനത്തോട് കേരളത്തിലെ ക്രിസ്തീയ സഭാനേതാക്കന്മാർ എടുത്ത നിലപാട് നിർഭാഗ്യകരവും നീതിരഹിതവുമായിരുന്നുവെന്ന് വ്യക്തമാക്കാനാണ്. നൂറ് എം.എൽ.എ.മാരുടെ ഭൂരിപക്ഷത്തോടെ ഭരണമേറ്റങ്കിലും നേരെ ചൊവ്വേ ഒരു കാര്യവും ചെയ്യുവാൻ ആന്റണി സർക്കാരിനായിട്ടില്ല. എന്തായാലും, ***സ്വാശ്രയകോളജുകളിൽ 50% സീറ്റുകൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ നൽകണമെന്ന തീരുമാനത്തിൽ സാമൂഹികനീതിയുടെ തത്വം അന്തർലീനമാണ്.*** പ്രായോഗികമായി ആ സീറ്റുകളും സമൂഹത്തിലെ ഉന്നതകുലജാതർക്കേ കിട്ടാൻ സാദ്ധ്യതയുള്ളൂ. ആയിരക്കണക്കിനു രൂപ മുടക്കി എൻട്രൻസ് കോച്ചിംഗ് നടത്താൻ അവർക്കല്ലേ സാധിക്കൂ. എങ്കിലും, കെ. ആർ. നാരായണൻ, അബ്ദുൾ കലാം എന്നിവരെപ്പോലെ ദരിദ്രകുടുംബങ്ങളിൽ അപൂർവമായി പിറക്കുന്ന പ്രതിഭകൾക്കും, കുറെ പട്ടികജാതി, പട്ടികവർഗ, പിന്നോക്കക്കാർക്കും സമൂഹത്തിന്റ ഉന്നത ശ്രേണികളിലേക്കു കടക്കാനുള്ള വാതിലുകൾ എന്നേക്കുമായി കൊട്ടിയടയ്ക്കാനാണ് സഭാനേതൃത്വം തീരുമാനിച്ചിട്ടുള്ളത്. കോടിക്കണക്കിനു രൂപ മുടക്കി കേസു വാദിക്കാൻ സർക്കാരിനേക്കാൾ സാമ്പത്തിക സൗകര്യം മിക്ക സഭകൾക്കുമുണ്ടല്ലോ. മനുഷ്യരെ സംസ്കാരസമ്പന്നരും മനുഷ്യ

# ധാർമികമുഖം നഷ്ടപ്പെടുന്ന ക്രൈസ്തവസമൂഹം

**ജോസഫ് പുലിക്കുന്നേൽ**

**കേ**രളസമൂഹത്തിലെ സങ്കീർണമായ ധാർമികത്തകർച്ചയിൽ നമുക്കു നഷ്ടപ്പെടുന്നത് ആദർശപരിവേഷമുള്ള മാതൃകകളാണ്. മനുഷ്യജീവിതത്തെ സാംസ്കാരികമായി പ്രചോദിപ്പിക്കുന്ന വളരെയേറെ മാതൃകകൾ ക്രൈസ്തവസഭാജീവിതത്തിൽ കണ്ടെത്താനാകുമായിരുന്നു. സമൂഹത്തിന്റെ ധർമച്യുതിയിൽ കടയറ്റുവീഴാതെ, ഉയർത്തിപ്പിടിച്ച ധാർമികതയുമായി കടന്നുപോയ അനേകം ക്രൈസ്തവരുണ്ട്. ഒരു സമൂഹമെന്ന നിലയിൽ ക്രൈസ്തവ സമുദായത്തിൽ ഒരുകാലത്ത് ഇത്തരം 'റോൾ മോഡലുകൾ' ധാരാളമുണ്ടായിരുന്നു.

കേരളസമൂഹത്തിന്റെ ഉണർത്തുപാട്ടായിത്തീർന്നത്, ക്രൈസ്തവസമൂഹം ത്യാഗപൂർവം സ്ഥാപിച്ച വിദ്യാലയങ്ങളായിരുന്നു. ജാതിമതാതീതമായും മൂല്യനിഷ്ഠമായും നടത്തപ്പെട്ടിരുന്ന ക്രൈസ്തവ വിദ്യാലയങ്ങളാണ് സങ്കീർണമായ ജാതിവ്യവസ്ഥയുടെ അതിർവരമ്പുകളെ ഇടിച്ചു നിരത്തി കേരളത്തിൽ ഒരു സാംസ്കാരിക നവോത്ഥാനത്തിനു വഴിതെളിച്ചത്. സഭ ക്രിസ്തുവിന്റെ ശരീരമാണെന്നാണ് ദൈവശാസ്ത്രം. സഭയുടെ സാമൂഹ്യരംഗത്തുള്ള ഇടപെടലുകൾ ക്രിസ്തുവിന്റെ സ്നേഹത്തെയും കരുണയെയും നീതിയെയും സത്യത്തെയും സാക്ഷിക്കുന്നതിന് ഉതകണം. അങ്ങനെ സമൂഹത്തിൽ വെളിച്ചമായി വർത്തിക്കുകയാണു സഭയുടെ കടമ. പക്ഷേ, ഇന്ന് ക്രൈസ്തവസഭകളെല്ലാം അവയുടെ ആധ്യാത്മിക ദൗത്യത്തിൽ നിന്നു മാറി ഭൗതിക ഭരണകൂടങ്ങളായിത്തീർന്നിരിക്കുന്നു. ഓരോ സഭയും അവയുടെ ശക്തിവർധനയ്ക്കായി സ്ഥാപനങ്ങളും സമ്പത്തും കൂടുതൽ കൂടുതൽ ആർജിച്ചുകൊണ്ടിരിക്കുന്നു. ഓരോ സഭയും അതിന്റെ ആഭ്യന്തരപ്രശ്നങ്ങളുടെ ചുഴിയിൽ കറങ്ങിത്താണുകൊണ്ടിരിക്കുമ്പോഴും പുതിയ സ്ഥാപനങ്ങളുടെ സൃഷ്ടിയിലും സമ്പത്തിന്റെ സമാഹരണത്തിലും പരസ്പരം മത്സരിക്കുകയാണ്.

ഒരു കാലത്ത് സാമ്പത്തികമായി പിന്നോക്കം നിന്നവരുടെ ആശാകേന്ദ്രമായിരുന്ന ക്രൈസ്തവവിദ്യാലയങ്ങൾ ഇന്ന് സാധാരണക്കാരന് അപ്രാപ്യമായ മേഖലയായിത്തീർന്നിരിക്കുന്നു. തങ്ങളുടെ സ്കൂളുകളിലും കോളജുകളിലും അധ്യാപകനിയമനത്തിന് ലക്ഷങ്ങൾ വാങ്ങുന്നത് അന്തസ്സായാണ് സഭാനേതൃത്വം കാണുന്നത്. ഏറ്റവും കൂടുതൽ പ്രവേശനഫീസും പ്രതിമാസഫീസും വാങ്ങുന്ന വിദ്യാലയങ്ങൾ സ്ഥാപിക്കുന്നത് സഭാധികാരികൾ യോഗ്യതയായിക്കാണുന്നു. മുമ്പൊക്കെ കുറച്ചു മനക്കട്ടിയോടും രഹസ്യമായും ചെയ്തിരുന്നവ ഇന്ന് ഒരുളുപ്പുമില്ലാതെ പരസ്യമായി ചെയ്യാൻ സഭാധികാരത്തിന് മടിയില്ല. ക്രൈസ്തവസഭയെപ്പോലെ ഇത്രമാത്രം കച്ചവടവൽക്കരിക്കപ്പെട്ട ഒരു സമൂഹം ഇന്ന് കേരളത്തിലോ ഇന്ത്യയിലോ ഉണ്ടെന്നു തോന്നുന്നില്ല. ക്രിസ്തു മനുഷ്യനെ അന്ധകാരജഡിലമായ ചിന്താപദ്ധതികളിൽ നിന്നു വിമോചിപ്പിച്ച് കരുണാമയനായ ദൈവത്തെ അവന്റെ മുമ്പാകെ അവതരിപ്പിച്ചു. നന്മ വിതറി അവിടുന്നു ജീവിച്ചു. ഒരു സ്ഥാപനവും അവിടുന്നുണ്ടാക്കിയില്ല. ഒരു മെത്രാനെയും വാഴിച്ചില്ല. പക്ഷേ, ഇന്ന് റോമാസാമ്രാജ്യത്തിന്റെ അധികാര-സാമ്പത്തിക പ്രൗഢിയോടെ കുറെ അൽപബുദ്ധികൾ സഭയെ നയിക്കുന്നു. ഒരു ജനതയുടെയാകെ പൂർവകാല പുണ്യത്തെ ഇവർ വിറ്റു കാശാക്കുന്നു. ആ കാശ് ഇവരുടെ അധികാരത്തിമിർപ്പിന് വീണ്ടുമുപയോഗിക്കുന്നു.

അടുത്തകാലത്ത് സ്വാശ്രയ മെഡി. കോളജ് പ്രവേശനം സംബന്ധിച്ച കോടതിവിധി നാം വായിച്ചു. നിയമപരമായി ഒരു ഭാരതീയ പൗരന് ഏതു സ്ഥാപനവും സ്വതന്ത്രമായി നടത്താനുള്ള അവകാശമുണ്ട്. എന്നാൽ ക്രൈസ്തവസഭകൾ വിദ്യാഭ്യാസരംഗത്തിറങ്ങി അതിനെ ഒരു കച്ചവടമായി കാണുന്നത് ക്രൈസ്തവമാണോ? ഇന്ന് ക്രൈസ്തവരുടെ വിദ്യാഭ്യാസ പ്രവർത്തനം പണസമ്പാദനം മാത്രം ലക്ഷ്യമാക്കിയ ഒന്നാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. ഒരു കാലത്ത് ധാർമികമൂല്യങ്ങളുയർത്തിപ്പിടിക്കുന്ന സാംസ്കാരിക ധ്വജങ്ങളായിരുന്നു നമ്മുടെ സ്ഥാപനങ്ങൾ. സഭാധികാരം ഇന്ന് അവയെ കള്ളന്മാരുടെ ഗുഹകളാക്കി മാറ്റിയിരിക്കുന്നു. നമ്മുടെ സ്ഥാപനങ്ങൾ എന്തു തരം ക്രൈസ്തവ മാതൃകയാണ് പൊതുജനസമക്ഷം ഇന്ന് അവതരിപ്പിക്കുന്നത്? ബാംഗ്ലൂരിലും മദ്രാസിലും സ്വകാര്യവ്യക്തികളും സംഘടനകളും എൻജിനീയറിംഗ് കോളജുകളും മെഡിക്കൽ കോളജുകളും നടത്തുന്നു. അവർ വിദ്യാഭ്യാസത്തെ കച്ചവടമാക്കി മാറ്റി. ഈ സാഹചര്യത്തിൽ ഒരു മാതൃകയായി പ്രവർത്തിക്കാൻ തയാറാകേണ്ട സഭാധികാരം പൊതുജനങ്ങളോട് യാതൊരു പ്രതിബദ്ധതയുമില്ലാതെ സമ്പദ്സമാഹരണത്തിനായി സഭയെ കരുവാക്കുന്നത് എങ്ങനെ ന്യായീകരിക്കാനാവും? തങ്ങൾക്ക് അതിനുള്ള അവകാശം നിയമപരമായി കോടതി നൽകിയിട്ടുണ്ടെന്നുള്ള അവകാശവാദം സ്വാഗതാർഹമാണെങ്കിലും ക്രൈസ്തവമൂല്യങ്ങളാൽ ന്യായീകരിക്കാനാവുമോ?

മാന്ത്രികനായ ശിമയോൻ തന്റെ മാന്ത്രികപ്രയോഗംകൊണ്ട് ജനങ്ങളെ ഭ്രമിപ്പിച്ചിരുന്നു. **"അപ്പോസ്തലന്മാരുടെ കൈവയ്പുവഴി പരിശുദ്ധാത്മാവ് നൽകപ്പെട്ടതു കണ്ടപ്പോൾ ശിമയോൻ പണം വച്ചുനീട്ടിക്കൊണ്ട് അവരോടു പറഞ്ഞു: 'ഈ ശക്തി എനിക്കും തരിക. ഞാൻ ആരുടെമേൽ കൈകൾ വയ്ക്കുന്നുവോ, അയാൾക്കും പരിശുദ്ധാത്മാവു ലഭിക്കട്ടെ.' അപ്പോൾ പത്രോസ് അയാളോടു പറഞ്ഞു: 'നിന്റെ വെള്ളിത്തുട്ടുകൾ നിന്നോടുകൂടി നശിക്കട്ടെ. കാരണം, ഈ**

*(ശേഷം പേജ് 14)*

സ്നേഹികളുമാക്കേണ്ട വിദ്യാഭ്യാസത്തെ ആഗോളവൽക്കരണത്തിന്റെ ചുവടുപിടിച്ച് കച്ചവടമാക്കാൻ കൂട്ടുനിൽക്കുന്നത് വലിയ അപരാധമാണ്. ***ന്യൂനപക്ഷങ്ങൾക്കു ലഭിച്ചിരിക്കുന്ന അവകാശം വിദ്യാഭ്യാസക്കച്ചവടത്തിനുള്ള അധികാരമാണെന്നു വിശ്വസിക്കാത്ത ലക്ഷോപലക്ഷം ജനങ്ങൾ എല്ലാ സഭകളിലുമുണ്ട്. എന്നാൽ അവർ അസംഘടിതരും നിസ്സഹായരുമാണ്.*** സഭകളുമായി മറ്റനേകം ബന്ധങ്ങൾ വേറെയുള്ളതുകൊണ്ട് പ്രതിഷേധിക്കാൻ അവർ രംഗത്തുവരികയുമില്ല. എന്നാൽ പരിപാവനമായ വിദ്യാഭ്യാസത്തെ കച്ചവടമാക്കുന്നതിന്റെ പ്രത്യാഘാതങ്ങൾ കേരളസമൂഹം അനുഭവിച്ചുതുടങ്ങിയിരിക്കുന്നു. ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സമൂഹം കുറ്റകൃത്യങ്ങളിലും ആത്മഹത്യയിലും സ്ത്രീപീഡനത്തിലും മുൻപിൽ നിൽക്കുന്നു. ഇതിൽ നിന്ന് കൈകഴുകുവാൻ കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്ന ക്രൈസ്തവനേതൃത്വത്തിനാവില്ല. ധനികവർഗത്തോട് ഏകീഭവിച്ചുകൊണ്ട് അവരിൽ നിന്ന് ഇരന്നു വാങ്ങുന്ന തങ്ങളുടെ എല്ലാ ചെയ്തികളെയും അനുസരിക്കുന്ന പാവപ്പെട്ട ചിലർക്ക് ധർമം വിതരണം ചെയ്യാനുള്ള നീതിബോധമേ കേരളത്തിലെ ക്രൈസ്തവസഭാനേതൃത്വത്തിനുള്ളൂവെന്ന് ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടിരിക്കയാണ്. വിമോചനസമരം ആവശ്യമില്ലായിരുന്നുവെന്ന് അന്ന് പിൻതാങ്ങിയ പല പ്രമുഖരും പിന്നീട് ഏറ്റുപറഞ്ഞതുകൊണ്ട് പ്രയോജനമൊന്നുമില്ലല്ലോ. നീതിരഹിതമായി നിലപാടെടുക്കുന്ന സഭാനേതൃത്വത്തോടു പ്രതികരിക്കാനുള്ള കടമ എല്ലാ വിശ്വാസികൾക്കുമുണ്ടെന്ന് ഓർമപ്പെടുത്തട്ടെ. ●

# ENTHRONEMENT SERMON

## Dr. Rowan Williams

### Archbishop of Canterbury



It's somtimes been said that if someone came up to you in the street and whispered, 'They've found out! Run!', nine out of ten of us would. We nearly all have secrets that we don't want exposed-even if they are quite trivial in the cold light of day-and that phrase tell us a lot, the cold light: we don't want to be under the kind of detached scrutiny that threatens and diminishes us, sitting under a bare light bulb being interrogated. So ***when it looks as though our secrets are about to be revealed, we easily panic and run.***

More seriously, there are secrets too that are terrible for us and others to face because they have to do with pain we can't cope with, abuse, enforced silence, secrets that others make us keep. To feel that the truth is to be revealed before we have the resource to live with it is humiliating and frightening. Again we might properly shrink from this. But secrets are also fascinating. If someone came up to you in the street and whispered, 'Go to such and such an address and you will be told the secret of your real identity' most of us would feel at least at flicker of temptation to go and find out. We never knew there was such a secret, a life we have never known-but what if there were? The gospel reading we've just heard is about knowing and telling secrets, discovering a truth not everyone sees. In one way, nothing is hidden: Jesus has just been talking about what happens to the local towns that have seen his miracles and heard his words and yet haven't changed. It's as though the people in these towns haven't realised there is any mystery about who Jesus is; they look at what he does and they listen to what he says, yet they treat it as something they can think about at arm's length, an interesting phenomenon that has nothing really to do with how they live and die. And Jesus rounds on them and says, 'I don't want your idle curiosity or your patronage. There is a secret that you haven't a clue about-and the ones who know that secret are the ones who don't try to protect themselves by staying at a safe distance.' And the might equally round on us, in what used to be called 'Christendom' in the West, and say, 'You have seen everything, the truth has been displayed, and yet and too react with boredom or polite curiosity. It's all a bit too familiar. Perhaps it's time for you to listen to some strangers.' 'You have hidden these things from the wise and intelligent', Jesus says, from those who make the kind of sense we can cope with. We must turn to the children; the exhausted; the ravaged and burdened and oppressed-they know the secret. Unless we know that you need life, we'll be baffled; but we hate admitting our lack, our poverty. It's the really hungry who can smell fresh bread a mile away. ***For those who know their need, God is immediate-not an idea, not a theory; but life, food, air for the stifled spirit and the beaten, despised, exploited body.***

But what is this food, this life? Here's the deeper secret. To Jesus is given the freedom to give God's own life and love; and that life and love is bound up with knowing God, the source of all as one who in giving life to his children holds nothing back, whose life is poured out into the willing heart of Jesus so that Jesus can give it to the world. 'All things have been handed over to me by my Father'. So wherever he is, God is active, pouring out his gift, inviting our response. And this means ***we can't know fully who God is and what God gives unless we are willing to stand in the same place as Jesus, in the full flood of the divine life poured out in mercy and renewal.*** It's only in the water that you can begin to swim.

We learn painfully quickly that we cannot hold our own there by our own strength; it is Jesus's gift in life and death and resurrection that makes it possible for us to stand with him, breathing his breath, his Spirit. Without the gift of the Spirit, we couldn't survive the presence of that absolute Truth, that unfading light which is God. But ***if we're not seeking to stand where Jesus is, all our talk about God remains on the level of theory; nothing has changed.*** On the Day of Judgement, says Jesus, looking back at the towns where he ministered, the people who are in trouble are those who have seen everything and grasped nothing; who know everything about bread except that you're meant to eat it. ***The one great purpose of the Church's existence is to share that bread of life;*** to hold open in its words and actions a place where we can be with Jesus and be channels for his free, unanxious, utterly demanding, grown-up love. The Church exists to pass on the promise of Jesus-You can live in the presence of God without fear, you can receive from his fullness and set others free from fear and guilt'. And, as with all secrets, people will react with a mixture of that fascination and alarm we began with. ***Here is the secret of our true identity-we are made to be God's children and to find our most profound freedom in surrender to him. We only become completely human when we allow God to remake us.*** Like the conservationist in the art gallery, God works patiently to remove the grime, the oil and dust of ages, and to let us appear-as we say-in our true colours. Wonderful, yes; but it means also that God will lay bare all the ways we hide from him and each other, all the sad and compromised and cowardly things we do to stop ourselves being human. 'They've found out! Run!' But, says Jesus, gently and insistently, we must stay. In the unsurpassable words that George Herbert puts into our Lord's mouth, 'You must sit down, says Love, and taste my meat'. Truth looks terrifying; but taste and see. ***You will***

***find that Truth is indeed the bread of life.***

But it's still pretty frightening. Once we recognise God's great secret that we are all made to be God's sons and daughters, we can't avoid the call to see one another differently. No one can be written off; no group, no nation, no minority can just be a scapegoat to resolve our fears and uncertainties. We cannot assume that any human face we see has no divine secret to disclose: those who are culturally or religiously strange to us; those who so often don't count in the world's terms (the old, the unborn, the disabled). And this is what unsettles our loyalities, conservative or liberal, right wing or left, national and international. ***We have to learn to be human alongside all sort of others, the ones whose company we don't greatly like, whom, we didn't choose,*** because Jesus is drawing us together into his place, his company.

An authentic church has a difficult job. On the one hand, it must be constantly learning from the Bible and its shared life of prayer how to live with Jesus and his Father; its life makes no sense unless we believe that the secret Jesus reveals to those hungry for life is the very bedrock of truth. ***The Church can't believe and say whatever it likes, for the very sound reason that it is a community of people who have been changed because and only because of Jesus Christ. I am a Christian because of the change made to me by Jesus Christ, because of the gift of the Holy Spirit, which gives me the right to call God 'Abba, Father'; what other reason is there?***

But there is a further dimension. Living in Jesus's company, I have to live in a community that is more than just the gathering of those who happen to agree with me, because I need also to be surprised and challenged by the Jesus each of you will have experienced. As long as we can still identify the same Jesus in each other's life, we have something to share and to learn. Does there come a point where we can't recognise the same Jesus, the same secret? The Anglican Church is often accused of having no way of answering this. I don't believe that is true; we read the same Bible and practise the same sacraments and say the same creeds. But I do believe that we have the very best of reasons for hesitating to identify such a point too quickly or easily-because we believe in a Jesus who is truly Lord and God, not the prisoner of my current thoughts or experiences.

It is this that gives us the freedom and the obligation to challenge what our various cultures may say about humanity. If all we have to offer is a Jesus who makes sense to me and people like me, we have no saving truth to give. But the truth is that we are given the joy of speaking about one who is the secret of all hearts, the hidden centre of everything-and so one who comes to us always, yes, as a stranger, 'as one unknown', in Albert Schweitzer's words, but also as the one that each person can recognise as 'more intimate to me than I myself'. This is why the Christian will engage with passion in the world of our society and politics-out of a real hunger and thirst to see God's image, the destiny of human beings to become God's sons and daughters come to light-and, it must be said, out of a real grief and fear of what the human will be if this does not come to light. The Church has to warn and to lament as well as comfort.

When Christians grieve or protest about war, about debt and poverty, about prejudice, about the humiliations of unemployment or the vacuous cruelty of sexual greed and unfaithfulness, about the abuse of children or the neglect of the helpless elderly, it is because of the fear we rightly feel when insult and violence blot out the divine image in our human relations, the reflection to one another of the promise of Jesus in one another. And anything that begins to make us casual about this is one more contribution to obscuring the original image of God in us, another layer of dust and grime over the bright face of Christ.

What we need to learn is the generosity that comes from true and proper confidence in the secret shared with us. ***We need to be confident that we are created: that we exist because God has freely called us into life so that God's joy may be shared.*** In this confidence, we know that our human task is to answer that call in every moment, shaping our lives as a response to God's voice. ***We need to be confident that we are redeemed: that God has acted once and for all in Jesus Christ to halt us in our slide towards self-destruction and has opened to us the possibility of life*** that is animated by nothing less than God's life. In this confidence, we know that our human task is to be thanked, to respond to God with noisy praise and silent adoration. And ***we need to be confident that we are being transfigured: touched by God's Holy Spirit, we have been decisively changed and endowed with something of God's liberty.*** In this confidence, we know that we are not prisoners of the world, we can make a difference by God's grace, and can share in the work of uncovering afresh the hidden face, the life-giving secret. Can we, then, as a Church-in this diocese, in Britain, in the worldwide Communion-discover such confidence? Yes; but only if our foundation is that sense of being told our secret, our real identity, by Jesus; only if we come to him as the one who alone can satisfy the hunger hearts. 'You must sit down, says Love, and taste my meat. So I did sit and eat'.

Today is a time to reflect with you all about the character of the ministry that I'm taking on; but as I try to do this, I find that it's not possible to think how I can minister the living bread of Christ unless I first seek to become clearer about what I long to see in the Church in which I shall be ministering. After all, it is God in the midst of God's people who will enable me to minister-not any programme or manifesto, not any avalanche of projections. So the most significant question I can ask myself in your presence about the work ahead is 'What do I pray for in the Church of the future?' Confidence; courage; an imagination set on fire by the vision of God the Holy Trinity; thankfulness. The Church of the future, I believe, will do both its prophetic and pastoral work effectively only if it is concerned first with gratitude and joy; orthodoxy flows from this, not the other way around, and ***we don't solve our deepest problems just by better discipline but by better discipleship, a fuller entry into the intimate joy of Jesus's life.*** When we have become more honest about our hunger and our loss, we shall have a fuller awarness of what that joy is; and as that joy matures, we shall have a fuller sense of the depth of our need. And so it goes on, the spiral of discovery, moving deeper into the radiant mystery of Christ. ●

"നിങ്ങൾക്ക് പൂർണബോദ്ധ്യമുള്ള ഒരു കാര്യത്തെക്കുറിച്ചു പറയുമ്പോൾ അതിന് ഒരു വിശുദ്ധഗ്രന്ഥത്തിന്റെയും താങ്ങ് ആവശ്യമില്ല. നിങ്ങൾക്ക് നേരിട്ടറിവില്ലാത്ത ഒരു കാര്യത്തെക്കുറിച്ച് ഒരായിരം ഗ്രന്ഥങ്ങൾ കൊണ്ട് സ്ഥാപിച്ചാലും, ആ കാര്യം നിങ്ങൾക്കു അറിവില്ലാത്തതായിത്തന്നെ തുടരും. സത്യത്തിന് യാതൊരു താങ്ങുമാവശ്യമില്ല."

# താങ്ങുകൾ

**'ജയദേവൻ'**, അതാണ് ആ യുവാവിന്റെ പേര്. വളരെ നാളുകളായി അയാൾ ഒരവധൂതനെപ്പോലെ പല സ്ഥലങ്ങളിലും അലയുകയായിരുന്നു; ജ്ഞാനത്തിന്റെ മഹാരഹസ്യങ്ങൾ ഉപദേശിച്ചുതരാൻ കെൽപുള്ള ഒരു ഗുരുവിനെത്തേടി. ആശ്രമങ്ങളും ഗിരിനിരകളും അയാൾ കയറിയിറങ്ങി. പല താപസന്മാരെയും സന്ദർശിച്ചു. പക്ഷേ അയാൾക്കു പൂർണതൃപ്തി നൽകുന്ന ഒരാളെയും കണ്ടെത്താൻ കഴിഞ്ഞില്ല. എവിടെയെങ്കിലും ഒരു യോഗിയോ താപസനോ എത്തിയെന്നറിഞ്ഞാൽ അയാൾ അവിടെ പാഞ്ഞെത്തും, പക്ഷേ എല്ലായ്പോഴും നിരാശതന്നെയായിരുന്നു ഫലം.

അങ്ങനെയിരിക്കുമ്പോഴാണ് ജയദേവൻ ഒരു വാർത്ത കേട്ടത്. ദൂരെയൊരു സ്ഥലത്ത് ഒരു കുന്നിൻചരിവിൽ ഒരു വൃദ്ധൻ വസിക്കുന്നുണ്ടത്രെ. പലരുടെയും വിഷമതകൾക്ക് ആ മനുഷ്യൻ ഒരാശ്വാസമാകാറുണ്ടത്രേ. ജയദേവൻ ഭാണ്ഡം മുറുക്കി അവിടേക്കു പുറപ്പെട്ടു. മൂന്നു ദിവസത്തെ യാത്രയ്ക്കുശേഷം ആശ്രമം കണ്ടുപിടിച്ചു. സാമാന്യം വലിയ ഒന്നു രണ്ട് ഓലക്കെട്ടിടങ്ങൾ, അത്രതന്നെ. ചെന്നുകയറിയ ഉടൻതന്നെ ജയദേവനു ഭക്ഷണം കിട്ടി. താഴത്തെ അരുവിയിൽനിന്ന് ഒരു കുളി കൂടെയായപ്പോൾ യാത്രാക്ഷീണം പമ്പ കടന്നു.

ജയദേവൻ മുഖ്യകെട്ടിടത്തിലേക്കു കടന്നു. ഒരു വലിയ മുറി. മുറിയുടെ ഒരു ഭിത്തിയോടു ചേർന്ന് ഒരു തടിക്കട്ടിലിൽ ഒരു വൃദ്ധൻ ഇരിപ്പുണ്ട്. ഉദ്ദേശം എഴുപതു വയസ്സു വരും. ഒരു മുണ്ടും തോർത്തുമാണ് വേഷം. തലമുടി പറ്റെ വെട്ടിയിരിക്കുന്നു. മുഖത്ത് അല്പം കുറ്റിരോമങ്ങളുണ്ട്. അദ്ദേഹത്തിനു മുന്നിലായി ചാണകം മെഴുകിയ നിലത്ത് പുൽപായ വിരിച്ച് പത്തിരുപതു പേർ ഇരിപ്പുണ്ട്. ജയദേവനും അവർക്കിടയിൽ ഇരുന്നു.

സന്ദർശകരായി വരുന്നവർ, പഴങ്ങളോ മറ്റെന്തെങ്കിലുമോ ഒക്കെ കൊണ്ടുവരും. അവർ നമസ്കരിക്കുമ്പോൾ അദ്ദേഹം അവരെ നോക്കി ഒന്നു പുഞ്ചിരിക്കും, അത്രതന്നെ. ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ ഗ്രാമീണഭാഷയിൽ ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരം പറയും. എന്നിട്ട് താഴ്‌വരയുടെ വിദൂരതയിലേക്ക് നോക്കിയിരിക്കും. വൈകുന്നേരമായാൽ ആ വലിയ മലയ്ക്കു ചുറ്റും നാലഞ്ചു ചുറ്റ് നടക്കും.

"ഇതാണോ വലിയ ജ്ഞാനി", ജയദേവൻ അറിയാതെ സ്വയം ചോദിച്ചുപോയി. 'താൻ വന്നിട്ട് രണ്ടു ദിവസം കഴിഞ്ഞിരിക്കുന്നു ആദ്ധ്യാത്മികമായ യാതൊന്നും ഇതുവരെ കേട്ടില്ല. ഒരു പ്രഭാഷണവും അദ്ദേഹം നടത്തിയില്ല. നാളെക്കൂടെ കാക്കാം. എന്നിട്ട് സമയം കളയാതെ സ്ഥലം വിടാം'.

"ഒരു മഹാപണ്ഡിതൻ ആശ്രമത്തിലെത്തിയിരിക്കുന്നത്രേ. ഒപ്പം ധാരാളം ശിഷ്യന്മാരുമുണ്ട്. അദ്ദേഹത്തിന് നാലു വേദങ്ങളും നൂറ്റിയെട്ട് ഉപനിഷത്തുകളും കാണാപ്പാഠമത്രെ. മാത്രമല്ല, പതിനൊന്നു ഭാഷകളും അറിയാം. വേഗം വരൂ, നമുക്ക് അദ്ദേഹത്തിന്റെ പ്രഭാഷണം കേൾക്കാം".

ജയദേവൻ വേഗം തയാറായി പ്രധാന കെട്ടിടത്തിൽ എത്തി.

പണ്ഡിതൻ ആ പലകക്കട്ടിലിൽ ഗംഭീരനായി ഇരിക്കുന്നു. ജ്വലിക്കുന്ന തീക്കട്ട പോലെയാണ് അയാളുടെ പ്രഭാവം. കട്ടിലിന്റെ ഒരറ്റത്തായി വൃദ്ധനും ഇരിപ്പുണ്ട്.

പണ്ഡിതൻ പ്രസംഗമാരംഭിച്ചു. വേദങ്ങളിൽ നിന്നും ഉപനിഷത്തുകളിൽ നിന്നും മറ്റു വിശുദ്ധ പുസ്തകങ്ങളിൽ നിന്നുമുള്ള അനേകം ശ്ലോകങ്ങളും ഉദ്ധരണികളും ആ നാവിൽ നിന്ന് അനർഗളം പ്രവഹിച്ചു. ആ ഭാഷണം കേട്ട് ജയദേവൻ പുളകിതഗാത്രനായി.

"ഇതു തന്നെ.......ഇതുതന്നെ ഞാൻ അന്വേഷിച്ചു നടന്ന എന്റെ ഗുരു. യാതൊരു സംശയവുമില്ല"; ജയദേവൻ ആത്മഗതം ചെയ്തു.

അയാൾ ഭക്തിപൂർവം തൊഴുകയ്യുമായി എഴുന്നേറ്റ് ആ പണ്ഡിതനോടു ചോദിച്ചു:

"ഗുരോ ഏതു കാരണമാണ് ആത്മജ്ഞാനത്തിനു തടസ്സമായി നിൽക്കുന്നത്?"

"ക്ഷോഭം.......ക്ഷോഭമാണ്, കുഞ്ഞേ, ആത്മജ്ഞാനത്തിനു തടസ്സം", പണ്ഡിതൻ പറഞ്ഞു. തുടർന്ന് തന്റെ അഭിപ്രായത്തെ പിൻതാങ്ങുന്ന അനേകം ഉദ്ധരണികൾ പണ്ഡിതൻ പല വിശുദ്ധഗ്രന്ഥങ്ങളിൽ നിന്നും എടുത്തു കാണിച്ചു.

പ്രഭാഷണമെല്ലാം അവസാനിപ്പിച്ച് ഒടുവിൽ പണ്ഡിതൻ വൃദ്ധനോട് ഇപ്രകാരം ചോദിച്ചു:

"ഞാൻ പറഞ്ഞതു ശരിയല്ലേ?"

അത്രയും നേരം നിശ്ശബ്ദനായിരുന്ന ആ വൃദ്ധൻ പതിയെ തിരിച്ചു ചോദിച്ചു:

"നിങ്ങൾ പറഞ്ഞതോ?..........അതിനു നിങ്ങൾ ഇതുവരെ ഒന്നും പറഞ്ഞില്ലല്ലോ."

പണ്ഡിതൻ ഒരു നിമിഷം ഒന്നു പകച്ചു. "ഞാനൊന്നും പറഞ്ഞില്ലെന്നോ. ഞാനല്ലേ കഴിഞ്ഞ രണ്ടര മണിക്കൂറും ഇവിടെ സംസാരിച്ചത്?"

"സംസാരിച്ചത് നിങ്ങൾ തന്നെ. പക്ഷേ അതിൽ ഒരു വാക്കു പോലും നിങ്ങളുടേതായിട്ട് ഉണ്ടായിരുന്നില്ലല്ലോ. ആരൊക്കയോ പറഞ്ഞ ആശയങ്ങൾ, എവിടുന്നൊക്കെയോ വായിച്ച വാക്യങ്ങൾ. ഇവയൊക്കെ ചപ്പുചവറുകൾ വാരിക്കൂട്ടുന്നതുപോലെ നിങ്ങൾ സ്വന്തം തലയ്ക്കുള്ളിൽ വാരിക്കൂട്ടിയിട്ട് അവസരം കിട്ടുമ്പോൾ എടുത്ത് പുറത്തിടുന്നു. ജീർണിച്ച അവയുടെ നാറ്റം എനിക്കു അസഹ്യമായി തോന്നുന്നു."

"നിങ്ങൾ എന്നെ കളിയാക്കുകയാണോ?", ജ്വലിച്ചുകൊണ്ടിരുന്ന തീക്കട്ടയുടെ മേൽ ഒരു കുടം വെള്ളം വന്നു പതിച്ച അവസ്ഥയായിരുന്നു പണ്ഡിതന്.

വൃദ്ധൻ പറഞ്ഞു: "നിങ്ങൾക്ക് പൂർണബോദ്ധ്യമുള്ള ഒരു കാര്യത്തെക്കുറിച്ചു പറയുമ്പോൾ അതിന് ഒരു വിശുദ്ധഗ്രന്ഥത്തിന്റെയും താങ്ങ് ആവശ്യമില്ല. നിങ്ങൾക്ക് നേരിട്ടറിവില്ലാത്ത ഒരു കാര്യത്തെക്കുറിച്ച് ഒരായിരം ഗ്രന്ഥങ്ങൾ കൊണ്ട് സ്ഥാപിച്ചാലും, ആ കാര്യം നിങ്ങൾക്കു അറിവില്ലാത്തതായിത്തന്നെ തുടരും. സത്യത്തിന് യാതൊരു താങ്ങുമാവശ്യമില്ല."

ഒരൽപം മുമ്പ് ക്ഷോഭത്തിന്റെ വ്യർത്ഥതയെക്കുറിച്ച് പ്രസംഗിച്ച പണ്ഡിതനും ശിഷ്യരും അവിടെ നിന്ന് ക്ഷോഭിച്ചിറങ്ങിപ്പോയി. വൃദ്ധന്റെ വാക്കുകൾ ജയദേവന്റെ ഉള്ളിൽ വന്നുവീണത് ചാട്ടുളികൾ പോലെയായിരുന്നു. അവൻ ആ പാദങ്ങളിൽ സാഷ്ടാംഗം വീണു. വൃദ്ധൻ അവനെ നോക്കി ഒന്നു പുഞ്ചിരിച്ചു, അത്രതന്നെ.

***(കടപ്പാട് : ഗുരുകുലം)***

# കുട്ടി ഒന്നായാൽ...



**കു**ടുംബം എന്ന സങ്കൽപത്തിലും മക്കളെ വളർത്തുന്നതിലുമൊക്കെ കാതലായ മാറ്റം സംഭവിച്ചിരിക്കുന്നു. പണ്ടുകാലത്ത് മാതാപിതാക്കൾക്കു മക്കളുടെ കാര്യത്തിൽ ഒരു വേവലാതിയും ഇല്ലായിരുന്നു. എത്ര മക്കളുണ്ടായാലും അവരെ പോറ്റി വലുതാക്കിക്കൊണ്ടുവരുന്നതിൽ അവർ കാണിച്ചിരുന്ന സാമർത്ഥ്യം പ്രശംസനീയംതന്നെ. ദൈവം തരുന്ന കുട്ടികളെ സന്തോഷത്തോടെ സ്വീകരിക്കണമെന്നായിരുന്നു അവരുടെ വാദം. അതുപോലെ, വായ് കീറിയ ദൈവംതന്നെ ഭക്ഷണവും തരുമെന്ന പ്രമാണത്തിൽ അവർ അടിയുറച്ചു വിശ്വസിച്ചിരുന്നു. എന്നാൽ ഇന്നോ? കുട്ടികളുടെ എണ്ണം കൂടുന്നതനുസരിച്ച് മാതാപിതാക്കളുടെ ആകുലതയും വർദ്ധിച്ചുകൊണ്ടിരിക്കും. കുട്ടികൾ കൂടുമ്പോൾ ഉത്തരവാദിത്വവും ബാദ്ധ്യതകളും സ്വാഭാവികമായും വർദ്ധിക്കും. വരുമാനം കുറഞ്ഞവരെ സംബന്ധിച്ച് പറയാനുമില്ല. എന്തായാലും ***കുടുംബക്ഷേമസംവിധാനങ്ങൾ വ്യാപകമായതോടെ മക്കളുടെ എണ്ണം കുറയ്ക്കുന്നതിൽ മാതാപിതാക്കൾ ഏറെ ശ്രദ്ധിക്കുന്നുണ്ടെന്നു പറയാതെ വയ്യ. രണ്ടോ മൂന്നോ കുട്ടികൾ എന്ന ആശയംവിട്ട് ഒരു കുട്ടി മതി എന്ന നിഗമനത്തിലെത്തി നിൽക്കുകയാണ് പലരുമിന്ന്.***

വീണ്ടുമൊരു പ്രസവത്തിന് ആരോഗ്യം അനുവദിക്കാത്തതിനാലോ ഒന്നിലധികം കുട്ടികൾ ഉണ്ടാകുന്നതു തങ്ങളുടെ സാമൂഹിക പദവിക്കു

പേജ് 10 തുടർച്ച

ദൈവദാനം പണം കൊണ്ടു നേടാമെന്നു നീ വ്യാമോഹിച്ചു. ഇക്കാര്യത്തിൽ നിനക്കു പങ്കാളിത്തമോ അവകാശമോ ഉണ്ടായിരിക്കില്ല. കാരണം, നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ല. അതിനാൽ, നിന്റെ ഈ അധർമത്തെക്കുറിച്ച് അനുതപിച്ച് കർത്താവിനോടു പ്രാർഥിക്കുക; നിന്റെ ഹൃദയത്തിന്റെ അധമചിന്തയ്ക്കു മാപ്പു കിട്ടിയേക്കാം. നീ കഠിനവിദ്വേഷത്തിലും അനീതിയുടെ അടിമത്തത്തിലുമാണെന്നു ഞാൻ കാണുന്നു.' (അപ്പോ. പ്രവൃ. 8:18–23).

*ഇന്ന് 'ശിമയോൻമാർ' സഭയെ ഭരിക്കുന്നു. സഭയിന്ന് അവരുടെ ഭരണവൈദഗ്ധ്യം പ്രകടിപ്പിക്കുന്നതിനും പണസമ്പാദനവിരുതു സമർഥമായി പ്രയോഗിക്കുന്നതിനുമുള്ള വേദിയായിത്തീർന്നിരിക്കുന്നു.* സമ്പത്ത് എത്രകിട്ടിയാലും മതിയാകാത്ത ആർത്തി സഭാധികാരത്തെ ഇന്നു ഗ്രസിച്ചിരിക്കുന്നു. ഏതു രംഗത്തിറങ്ങിയാലും ബാലൻസ്ഷീറ്റ് പെരുപ്പിക്കുകയെന്നതാണ് ഈ 'ശിമയോൻ'മാരുടെ ലക്ഷ്യം.

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസമേഖലകൾ സ്വകാര്യവൽക്കരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ ഈ അവസരത്തെ തങ്ങളുടെ സേവനം ജനങ്ങൾക്കു ലഭ്യമാക്കാനുള്ള അവസരമായി ക്രൈസ്തവസഭകൾ കാണുമെന്നാണു പലരും ചിന്തിച്ചത്. പക്ഷേ, വിദ്യാഭ്യാസത്തെ കച്ചവടവൽക്കരിക്കുന്നതിനാണ് എല്ലാ മെത്രാസനങ്ങളും തയാറായത്. അധ്യാപകനിയമനത്തിനും വിദ്യാർഥിപ്രവേശനത്തിനും പണം വാങ്ങുന്നത് നിയമദൃഷ്ടിയിലും സമൂഹദൃഷ്ടിയിലും അഴിമതിയാണെന്ന് അറിയാത്തവരില്ല. പക്ഷേ, സഭാധികാരം നിർല്ലജ്ജം കോടിക്കണക്കിനു രൂപ അധ്യാപകനിയമനത്തിലൂടെ സ്വരൂപിക്കുകയാണുണ്ടായത്. പ്ലസ് ടു സ്കൂളുകൾ സ്ഥാപിക്കാനുള്ള സഭാധികാരത്തിന്റെ ആർത്തി മാന്ത്രികനായ ശിമയോനെപ്പോലെ പണസമ്പാദനത്തിനുവേണ്ടി മാത്രമായിരുന്നെന്ന് ജനങ്ങൾ ഇന്ന് മനസ്സിലാക്കുന്നു. സാങ്കേതിക വിദ്യാഭ്യാസമേഖല സ്വകാര്യമാനേജ്മെന്റിനു തുറന്നുകൊടുത്തപ്പോൾ, ആ അവകാശം സമൂഹത്തിന്റെ പൊതുനന്മയ്ക്കു വേണ്ടി ഉപയോഗിച്ചുകൊണ്ട് ഒരു 'റോൾ മോഡൽ' ഇന്ത്യൻ സമൂഹത്തിൽ അവതരിപ്പിക്കാനുള്ള സുവർണാവസരമായിരുന്നു സഭാധികാരത്തിനു ലഭിച്ചത്. നിർഭാഗ്യവശാൽ, ഈ അവസരം കളഞ്ഞുകുളിച്ചെന്നുമാത്രമല്ല, സഭാധികാരത്തിന്റെ വികൃതമായ ധനേച്ഛയുടെ കോമ്പല്ലുകൾ പ്രദർശിപ്പിക്കുന്നതിനുള്ള ഒരവസരമായി അതിനെ മാറ്റുകയും ചെയ്തു. പൊതുവിദ്യാഭ്യാസമേഖല സ്വകാര്യവൽക്കരണത്തിനു തുറന്നു കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ സുപ്രീം കോടതി വിധിയനുസരിച്ച് 50% സീറ്റുകൾ മെറിറ്റടിസ്ഥാനത്തിലുള്ള പ്രവേശനത്തിനു മാറ്റിവച്ചിരുന്നു.

ലോകത്തിനു വെളിച്ചമാകേണ്ട സഭ ധനാർത്തിയുടെയും അഴിമതിയുടെയും അന്ധകാരം സമൂഹത്തിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. രാജ്യത്തിന്റെ പ്രതാപവും സമ്പത്തും നേടുന്നതിനായി സാത്താന്റെ മുന്നിൽ മുട്ടുകുത്തുന്ന സഭാധികാരത്തിന് 'അവർ ചെയ്യുന്നതെന്തെന്നറിയില്ല.' അതിൽനിന്നു വിടുതൽ നേടാൻ കഴിയാത്തവിധം അവർ മാമോന്റെ ബന്ധനത്തിലായിരിക്കുന്നു. ഈ ഘട്ടത്തിൽ ക്രൈസ്തവസമുദായത്തിന് ചില ധാർമിക കടമകൾ നിർവഹിക്കാനുണ്ട്. സഭാധികാരത്തിന്റെ കടിഞ്ഞാണില്ലാത്ത അധാർമികതയ്ക്കെതിരെ ധർമത്തിന്റെ സ്വരമുയർത്താൻ മുന്നോട്ടുവരേണ്ടത് ക്രൈസ്തവസമൂഹം തന്നെയാണ്. പക്ഷേ, ഇന്ന് ക്രൈസ്തവസമൂഹം ഈ അഴിമതികളെ നിസ്സംഗമായി നോക്കിനിൽക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. ക്രൈസ്തവസഭകൾ ത്യാഗപൂർവം വിദ്യാലയങ്ങൾ സ്ഥാപിച്ച് ജനസേവനം നടത്തിയപ്പോൾ കോടതികളുടെ പരിരക്ഷയുണ്ടായിരുന്നില്ല. ക്രൈസ്തവസ്ഥാപനങ്ങളെ സംരക്ഷിച്ചത് അവരുടെ ധാർമികക്കരുത്തായിരുന്നു. ഇന്നാകട്ടെ, തങ്ങളുടെ രക്ഷയ്ക്ക് കോടതികളെയും നിയമഗ്രന്ഥത്തെയുമാണ് ആശ്രയിക്കുന്നത്. സുവിശേഷവും ക്രിസ്തുവിന്റെ പഠിപ്പിക്കലുകളും ഇന്നവർക്ക് അന്യമാണ്. ദൈവം എസക്കിയേൽ പ്രവാചകനോടു പറഞ്ഞ വാക്കുകൾ ഇന്ന് ഓരോ ക്രൈസ്തവനോടും പറയുന്നുണ്ടെന്നോർക്കുക. അതിനു ചെവികൊടുക്കാൻ നമുക്കു കഴിയുമോ? (യെഹസ്കേൽ 2:1-7).

യോജിച്ചതല്ലെന്നു കരുതുന്നതുകൊണ്ടോ ഒക്കെയാകാം പല ദമ്പതികളും ഒരു കുട്ടി മതിയെന്നു തീരുമാനിക്കുന്നത്. തങ്ങളുടെ എല്ലാ ശ്രദ്ധയും ആ കുട്ടിയിൽ കേന്ദ്രീകരിക്കാമെന്ന് അവർ കരുതുന്നുണ്ടാകും. നഗരവാസികളിലും വിദ്യാഭ്യാസമുള്ള അപ്പർ മിഡിൽ ക്ലാസ്സുകളിലുമാണ് ഏകസന്താന തത്പരരെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. കുട്ടിയെ നല്ല രീതിയിൽ വളർത്തിക്കൊണ്ടുവരിക, അവർക്കു നല്ല സംരക്ഷണവും നല്ല വിദ്യാഭ്യാസവും നൽകുക, ഏറ്റവും മെച്ചപ്പെട്ട ജീവിതം പ്രദാനം ചെയ്യുക, ഉയർന്ന ഭാവി ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ ഉദ്ദേശിച്ചുകൊണ്ടാണ് പലരും ഏകസന്താനം എന്ന സങ്കൽപത്തിൽ നിലകൊള്ളുന്നത്. എന്നാൽ ഏകസന്താനങ്ങൾ പലപ്പോഴും പ്രശ്നക്കാരാകുമെന്നും അവരിൽ വ്യക്തിത്വപരമായും സ്വഭാവപരമായും വൈകല്യങ്ങൾ കണ്ടേക്കുമെന്നും മറ്റുമുള്ള ധാരണകൾ പലർക്കുമുണ്ട്. ഇതിൽ സത്യമുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെയാണതു സംഭവിക്കുക?

ഏകസന്താനങ്ങൾക്ക് അമിതമായ സംരക്ഷണവും അമിതലാളനയുമാണു ലഭിക്കുന്നത്. ഏതാഗ്രഹവും നിറവേറ്റിക്കൊടുക്കുന്ന മാതാപിതാക്കൾ, എല്ലാവരുടെയും അതിരറ്റ സ്നേഹവാത്സല്യങ്ങൾ, വിലപ്പിടിപ്പുള്ള വസ്ത്രങ്ങളും കളിക്കോപ്പുകളും, നല്ല നിലയിലുള്ള വിദ്യാഭ്യാസം. ഇത്തരത്തിൽ അമിതലാളനയും അമിത സംരക്ഷണവും ലഭിക്കുന്ന കുട്ടികളിൽ സ്വാശ്രയശീലം കുറവായിരിക്കുമെന്നു പഠനങ്ങൾ വ്യക്തമാക്കുന്നു. ഇതു കുട്ടിയെ സ്വയം പര്യാപ്തനാക്കുന്നതിനുപകരം അമിതമായ ആശ്രയസ്വഭാവത്തിലെത്തിക്കും. അമിതമായ ലാളന കുട്ടികളുടെ സ്വഭാവത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തുകതന്നെ ചെയ്യും. എപ്പോഴും കുട്ടിയുടെ കാര്യത്തിൽ മാത്രം ശ്രദ്ധ ചെലുത്തുന്ന മാതാപിതാക്കൾ കുട്ടി നടക്കുമ്പോഴും ഇരിക്കുമ്പോഴും കളിക്കുമ്പോഴുമൊക്കെ പിന്നാലെ നടന്നു സഹായിക്കുന്നു. കുട്ടി വീഴുമോ, എന്തെങ്കിലും അപകടം പറ്റുമോ എന്നും മറ്റുമുള്ള ചിന്തകളാണിതിനു കാരണം. ഇത്തരം മാതാപിതാക്കൾ കുട്ടികൾക്ക് ആവശ്യത്തിൽ കൂടുതൽ സുരക്ഷിതത്വം നൽകും. അസുഖം വന്നാൽ അതിലേറെ വേവലാതിയായിരിക്കും. ഇതു മനസ്സിലാക്കുന്ന കുട്ടി എന്തിനും ഏതിനും മാതാപിതാക്കളെത്തന്നെ ആശ്രയിക്കുന്നുവെന്നു മാത്രമല്ല, മാതാപിതാക്കളുടെ ലാളനയും സുരക്ഷിതത്വപ്രവണതയും മുതലെടുക്കുകയും ചെയ്യുന്നു. കുട്ടിയുടെ ഏതിഷ്ടവും സാധിച്ചുകൊടുക്കുമ്പോൾ കുട്ടി വഴിതെറ്റിപ്പോകാൻ സാദ്ധ്യതയുണ്ടെന്നു മാതാപിതാക്കൾ മറന്നുപോകുന്നു. ആധുനികതലമുറയിൽ പങ്കുവയ്ക്കാനുള്ള മനോഭാവം കുറഞ്ഞുവരുന്നതിനു പിന്നിൽ ഈ ഏക സന്താന സങ്കൽപമാണെന്നുള്ളതിൽ സംശയം വേണ്ട.

ഏകസന്താനങ്ങൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം അവരനുഭവിക്കുന്ന ഏകാന്തതയാണെന്നു പലരും അഭിപ്രായപ്പെടുന്നു. എല്ലാ സുഖസൗകര്യങ്ങളും എല്ലാവരുടെയും അമിതശ്രദ്ധയും ലഭിക്കുന്ന വലിയ വീട്ടിൽ ഒറ്റയ്ക്കു വളരാൻ വിധിക്കപ്പെട്ട കുട്ടിയുടെ മാനസിക നില എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. പങ്കുവയ്ക്കാനും കൊണ്ടും കൊടുത്തും സഹകരിച്ചും കളിച്ചും ചിരിച്ചും ഇണക്കത്തിന്റെയും പിണക്കത്തിന്റെയും ബാലപാഠങ്ങൾ സ്വായത്തമാക്കുന്ന കുട്ടി സ്വാർത്ഥമതിയായില്ലെങ്കിലേ അത്ഭുതമുള്ളൂ. രക്തബന്ധം, സൗഹൃദബന്ധം എന്നിവയെപ്പറ്റിയുള്ള അറിവുകൾ നേടിയെടുക്കുന്നതിലുമിവർ പരാജയപ്പെടുന്നു. വീട്ടിൽ കുസൃതി കാട്ടാൻ അവസരം ലഭിക്കാത്ത കുട്ടി സഹപാഠികളുമായി വഴക്കടിച്ചേക്കാം. അതുപോലെ വീട്ടിൽ മാതാപിതാക്കളുടെ ഇഷ്ടപാത്രമായി വളർന്ന കുട്ടിക്കു സ്കൂളിൽ അദ്ധ്യാപകൻ എന്തെങ്കിലും പറഞ്ഞാലുടനെ മാനസിക വിഷമമുണ്ടാകാം. ചിലർ മുഖം വീർപ്പിച്ചിരുന്നേക്കും. കളിക്കാനും കൂട്ടുകൂടാനും സഹോദരങ്ങളില്ലാതെ വരുമ്പോൾ കുട്ടികൾ അന്തർമുഖികളാത്തീരാനിടയുണ്ട്. മാതാപിതാക്കൾ ഉദ്യോഗസംബന്ധമായും മറ്റും വീടിനു വെളിയിലായിരിക്കുമ്പോൾ ഇതിന്റെ ആക്കം വർദ്ധിക്കുകയേയുള്ളൂ.

പക്ഷേ, ഈ പറഞ്ഞതെല്ലാം പൂർണമായും സത്യമായിക്കൊള്ളണമെന്നില്ല. ആധുനിക മനഃശാസ്ത്രപഠനങ്ങൾ തെളിയിക്കുന്നത് സഹോദരങ്ങളുടെ സാന്നിദ്ധ്യമോ അസാന്നിദ്ധ്യമോ കുട്ടികളുടെ വ്യക്തിത്വവികാസത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നില്ലെന്നാണ്. മാതൃകാപരമായ രീതിയിൽ വളരുന്ന കുട്ടികൾ; അവർ ഏകസന്താനങ്ങളായാലും ബഹുസന്താനങ്ങളായാലും പ്രശ്നങ്ങളൊന്നും ഉണ്ടാകാനിടയില്ല. ഏകസന്താനങ്ങൾക്കു മറ്റു കുട്ടികളുമായി ഒരു വ്യത്യാസവും പഠനങ്ങളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇവിടെ കുഴപ്പം കുട്ടിയിലല്ല, മറിച്ച്, മാതാപിതാക്കളുടെ വളർത്തലിലാണെന്നുവേണം മനസ്സിലാക്കാൻ. ഒറ്റക്കുട്ടികൾ കൂടുതൽ സമയവും മുതിർന്നവരോടൊത്തു ചെലവഴിക്കുന്നതുകൊണ്ട് അവരുമായി താദാത്മ്യം പ്രാപിക്കുകയും അതിലൂടെ പക്വത ആർജ്ജിക്കുകയും ചെയ്യും. ഇത്തരം കുട്ടികൾക്കു ഭാഷാസ്വാധീനം കൂടുതലായി കണ്ടുവരുന്നുണ്ടെന്നു മാത്രമല്ല, ബുദ്ധിപരമായി മുന്നിട്ടു നിൽക്കുകയും ചെയ്യുന്നു. അതുപോലെ മാതാപിതാക്കൾ തങ്ങളുടെ ഏകസന്താനത്തിനു കൂടുതൽ സാമൂഹികജീവിതം നൽകാനുള്ള സാഹചര്യമുണ്ടാക്കുകയാണെങ്കിൽ മറ്റു പ്രശ്നങ്ങളൊന്നുംതന്നെ ഉണ്ടാകാനിടയില്ല. ഏകസന്താനങ്ങൾ സഹോദരങ്ങളുടെ അസൂയയ്ക്കോ സ്പർദ്ധയ്ക്കോ മത്സരത്തിനോ വശംവദരാകാൻ സാദ്ധ്യതയില്ല. അതുകൊണ്ടുതന്നെ, അവർക്കു അസൂയയും സ്പർദ്ധയും മത്സരവും ഉണ്ടാകാനിടയില്ലതന്നെ. ചുരുക്കത്തിൽ, ***ഏകസന്താനങ്ങളെ നല്ല രീതിയിൽ വളർത്തിക്കൊണ്ടു വരികയാണെങ്കിൽ മറ്റു കുട്ടികളേക്കാൾ മെച്ചപ്പെട്ട വ്യക്തിത്വവും സ്വഭാവവും അവരിൽ സൃഷ്ടിക്കാൻ കഴിയും.***

അവസാനമായി, മാതാപിതാക്കളോടു ചില കാര്യങ്ങൾ. നിങ്ങളുടെ കുട്ടി ഏകസന്താനമായാലും ബഹുസന്താനങ്ങളിലൊരാളായാലും അവനെ/അവളെ ഒരു പൂർണമനുഷ്യനായിട്ട് അംഗീകരിക്കുക. കുട്ടിയായിരിക്കുമ്പോൾത്തന്നെ കൊച്ചുകൊച്ചു കാര്യങ്ങൾ ചെയ്യാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും, പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുക. ആൺകുട്ടിയായാലും പെൺകുട്ടിയായാലും അവരുടെ കാര്യങ്ങൾ (വസ്ത്രധാരണം, മലമൂത്രവിസർജ്ജനവും ശുചീകരണവും, പല്ലു തേക്കുക, ആഹാരം കഴിക്കുക, പഠനോപകരണങ്ങളും കളിക്കോപ്പുകളും സൂക്ഷിക്കുക തുടങ്ങിയവ) അവരെക്കൊണ്ടുതന്നെ ചെയ്യിക്കുക. കൊച്ചുകുട്ടികൾക്ക് അതുചെയ്യാൻ സന്തോഷവും ഉത്സാഹവും ഉണ്ടാകാനേ ഇടയുള്ളൂ. ഇതൊക്കെ അവരിൽ സ്വാശ്രയശീലത്തിന്റെ അടിത്തറ പാകും. കുട്ടികളെ സ്വന്തം കാലിൽ നിൽക്കാനും സ്വന്തം നിലയിൽ വളരാനും പ്രാപ്തരാക്കുന്നതോടൊപ്പം അവരിൽ ഉറങ്ങിക്കിടക്കുന്ന കഴിവുകളെ കണ്ടെത്തി വേണ്ട പ്രോത്സാഹനം നൽകി വികസിപ്പിച്ചെടുക്കാൻ മറക്കരുത്.

*(കടപ്പാട് : 'അമ്മ')*

A little boy in church, awaking after a nap, asked his father,
"Has the preacher finished?"
'Yes, son, he has finished, but he hasn't stopped.'

■ ■

Wife : Aren't you driving a little too fast, dear?
Husband : Don't you believe in a guardian angel? He will take care of us.
Wife : Yes, I do. But I am afraid we left him miles back!

# ഒരു ക്രിസ്തീയ സംഘടന എങ്ങനെയുള്ളതായിരിക്കണം

ഡോ. പൗലോസ് മാർ പൗലോസ്

*(അന്തരിച്ച ബിഷപ്പ് പൗലോസ് മാർ പൗലോസ് വേൾഡ് സ്റ്റുഡന്റ് ക്രിസ്ത്യൻ ഫെഡറേഷൻ സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിന്റെ തർജമ താഴെച്ചേർക്കുന്നു. അദ്ദേഹമുന്നയിച്ച കാര്യങ്ങൾക്ക് കാലികപ്രസക്തിയുള്ളതിനാലാണ് അതു ഞങ്ങൾ പ്രസിദ്ധീകരിക്കുന്നത് - ചീഫ് എഡിറ്റർ)*

ഓരോ രാജ്യത്തെയും ക്രിസ്തീയ വിദ്യാർത്ഥി സംഘടനകളുടെ ഒരു സംയോജനമാണ് ലോകക്രിസ്തീയവിദ്യാർത്ഥിപ്രസ്ഥാനം. ഇത് ക്രിസ്തീയവിദ്യാർത്ഥികളുടെ ഒരു സംഘടനയല്ല. മറിച്ച് വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഒരു ക്രിസ്തീയസംഘടനയാണ്. ഒരു ക്രിസ്തീയസംഘടന പ്രതിബദ്ധതയിൽ ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ളതും മതേതരചിന്തയുള്ളതും സഭാസൗഹാർദ്ദ മനോഭാവമുള്ളതും ജീവിതവീക്ഷണത്തിൽ ഒരു പ്രവാചകശബ്ദം നിഴലിക്കുന്നതുമായിരിക്കണം. സുവിശേഷം മനുഷ്യരാശിക്കു വേണ്ടിയുള്ളതാണ്. ക്രിസ്തുവിന്റെ മരണവും ഉയിർത്തെഴുന്നേൽപും മുഖാന്തരം താൻ എല്ലാത്തിനും കാരണഭൂതനായി രമ്യതയിലേക്ക് മനുഷ്യരാശിയെ കൊണ്ടുവരുകയാണ്. ക്രിസ്തു മനുഷ്യനെ ലോകബന്ധങ്ങളിൽ നിന്നു പിൻവലിക്കുകയായിരുന്നില്ല. അവന്റെ ഉദ്ദേശ്യം എല്ലാവരും തന്നിലേക്ക് കേന്ദ്രീകരിക്കപ്പെടണമെന്നതായിരുന്നു. സുവിശേഷമെന്നു പറയുന്നത് വ്യക്തികളുടെ രക്ഷ ഏതോ ഒരു ആത്മീയസ്വർഗത്തിൽ കൊണ്ടെത്തിക്കുവാനുള്ളതായിരുന്നില്ല. ഈ സുവിശേഷം ആവശ്യപ്പെടുന്നത് വ്യക്തികളുടെ മതംമാറ്റമല്ല. ഒരു പള്ളിയിലെ അംഗങ്ങളാക്കി മാറ്റുന്നതിലുപരി, സമൂഹത്തിന്റെ പരിവർത്തനമാണു സാധിക്കേണ്ടത്. അതിലൂടെ യഥാർത്ഥമായ ഒരു മനുഷ്യജീവിതം സാദ്ധ്യമാകണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ക്രിസ്തീയസംഘടനയുടെ ഉത്തരവാദിത്തം ക്രിസ്ത്യാനിയാക്കുകയെന്നതല്ല, മനുഷ്യത്വമുള്ളവരാക്കുകയെന്നത്രെ. യേശുക്രിസ്തുവിൽ ദൈവം മനുഷ്യനായിത്തീർന്നു, ക്രിസ്ത്യാനിയാകുകയായിരുന്നില്ല.

ലോകം മുഴുവനുള്ള ക്രിസ്ത്യാനികൾ ഒരു ന്യൂനപക്ഷസ്ഥിതി അഭിമുഖീകരിച്ചുകൊണ്ടാണിരിക്കുന്നത്. ഈ സാഹചര്യത്തിൽ നാം സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി വച്ചിട്ടുള്ളവരാണെന്ന് വീമ്പിളക്കേണ്ടതില്ല. ലോകസഭാ കൗൺസിലിന്റെ ജനറൽ സെക്രട്ടറിയായിരുന്ന വിസ്സേർട്ട് ഹൂഫ്റ്റിന്റെ വാക്കുകളിൽ, നമ്മുടെ സേവനം ഒരു തരം 'സോക്രട്ടീസ് സുവിശേഷഘോഷണം' പോലെയായിരിക്കണം. അതായത്, ക്രിസ്ത്യാനികൾ എല്ലാ സത്യങ്ങളും മനസ്സിലാക്കിയിട്ടുള്ളവരെപ്പോലെ അഭിനയിക്കരുത്. എന്നാൽ സത്യം കണ്ടെത്തുവാൻ സഹായിക്കുന്നവരായി പ്രവർത്തിക്കണം. നമ്മുടെ പ്രവർത്തനരീതി സാമൂഹ്യമണ്ഡലത്തിൽ വളരെ പ്രസക്തമാണ്. ബൈബിൾ നൽകുന്ന ആശയാവിഷ്കാരമുപയോഗിച്ച് 'ഉപ്പ്', 'പുളിമാവ്' എന്നിങ്ങനെ അതിനെ വിവക്ഷിക്കാം. ഒരു 'സേവനസഭ' എന്ന ഭാവനയിലേക്കു നാം എത്തിച്ചേരണം. യേശുക്രിസ്തുവിന്റെ സുവിശേഷത്തിന് ആത്യന്തികമായ അവകാശവാദങ്ങളൊന്നുമില്ല. യേശുവിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് പത്രോസ് പറഞ്ഞിരിക്കുന്നത്, "രക്ഷ മറ്റാരിലുമില്ല. ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നൽകിയിട്ടുള്ള നാമങ്ങളിൽ നാം രക്ഷിക്കപ്പെടുവാൻ ഇതിൽ വലുതായൊന്നുമില്ല." ആ പ്രസ്താവനയിൽ മതസഹിഷ്ണുതയില്ലെന്ന് തോന്നിപ്പോകും. യഥാർത്ഥത്തിൽ അതൊരു പ്രപഞ്ചസത്യമെന്നവണ്ണം പ്രസ്താവിച്ചിട്ടുള്ളതത്രെ. പത്രോസ് ഉദ്ദേശിച്ചിട്ടുള്ളത് കുരിശിന്റെ വഴിയല്ലാതെ മനുഷ്യന്റെ സ്വാർത്ഥതകൊണ്ടോ, ധാർമികനിയമങ്ങൾ കൊണ്ടോ, ലോകശക്തി കൊണ്ടോ രക്ഷ പ്രാപിക്കുവാൻ കഴിയുകയില്ലെന്നത്രെ. കുരിശിന്റെ വഴി സ്നേഹത്തിന്റെയും കഷ്ടതയുടെയും മരണത്തിന്റെയും ഉയിർപ്പിന്റെയും വഴിയാണ്. മറ്റു മതങ്ങളിൽ നിന്ന് അനേകം തത്വചിന്തകളും ഉപദേഷ്ടാക്കളും കുരിശിന്റെ വഴി ചൂണ്ടിക്കാണിച്ചുതന്നിട്ടുണ്ട്. ഈ യാഥാർത്ഥ്യം ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള സംഘടനകൾ അറിഞ്ഞിരിക്കണം. അതിനാൽ മനുഷ്യജീവിതം ഏറെ മാനുഷികമാക്കുവാൻ മറ്റു മതസിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തി അവരുമായി ചർച്ചകളും സംവാദങ്ങളും നടത്തേണ്ടതാകുന്നു. ഒരു തത്വസംഹിത മതേതരമോ എന്നതല്ല പ്രധാന ചോദ്യം. അത് ഇടുങ്ങിയ ഒരു സാമുദായികവികാരം ഊട്ടിയുറപ്പിക്കുന്നുവോ, അതോ, മനുഷ്യസമൂഹത്തിന്റെ മുഴുവനായ നന്മ കണക്കാക്കുന്നുവോ എന്നതാകുന്നു.

***ഒരു ക്രിസ്തീയ പ്രസ്ഥാനം മതേതരചിന്തയുള്ളതായിരിക്കണം.*** സാൻഫ്രാൻസിസ്കൊയിലെ ഒരു ബിഷപ്പ് പറയുന്നത്: "മതേതരചിന്താഗതിയുള്ള വ്യക്തി ജനനത്തിനുശേഷമുള്ള ജീവിതത്തെപ്പറ്റിയാണ് ഗൗനിക്കുന്നത്. എന്നാൽ മറ്റുള്ളവർ മരണത്തിനുശേഷമുള്ള ജീവിതത്തെപ്പറ്റിയാണ് ചിന്തിക്കുന്നത്". മതേതരക്കാരൻ ലൗകിക സ്വഭാവത്തെപ്പറ്റി ചിന്തിക്കുന്നു. ഒരു ജർമൻ വേദശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ "ഹൃദ്യമായ ഈ ലോകജീവിതം ദൈവത്തെ തള്ളിക്കളഞ്ഞതായോ ദൈവത്തോടുള്ള മത്സരമായോ കാണേണ്ടതില്ല. മറിച്ച്, ദൈവം നൽകിയ സ്വാതന്ത്ര്യം ഉത്തരവാദിത്തബോധത്തോടുകൂടി സ്വീകരിച്ചുവെന്നാണ് മനസ്സിലാക്കേണ്ടത്. ഒരു സെക്കുലർ ലോകം ദൈവത്തിന്റെ ലോകമാണ്. അവിടെ മനുഷ്യൻ ദൈവത്തിങ്കൽ പുറംതിരിഞ്ഞു നിൽക്കുന്നവനായിരിക്കരുത്. അവൻ ദൈവത്തെയും ലോകത്തെയും മുഖാമുഖമായി കാണുന്നവനായിരിക്കണം. വിശുദ്ധമെന്നും ലൗകികമെന്നുമുള്ള വിഭജനങ്ങൾ വെറും കൃത്രിമമാണ്. ക്രിസ്തീയചിന്തയിൽ ഇത്തരം തരംതിരിക്കലുകളില്ല.

വേദപുസ്തകത്തിൽ ലോകം പരിപൂർണമായും, ലൗകികസ്വഭാവമുള്ളതും മനുഷ്യന്റെ അധികാരത്തിൻ കീഴിൽ ദൈവം വിട്ടുകൊടുത്തിരിക്കുന്നതുമാകുന്നു. അതിനാൽ മനുഷ്യൻ ദൈവത്തോടു ഉത്തരവാദിത്വമുള്ളവനായിരിക്കണം. ക്രിസ്തു കേന്ദ്രമായുള്ള ഒരു പ്രസ്ഥാനത്തിന് മതസ്വാധീനം ഉൾക്കൊണ്ടിരിപ്പാൻ കഴിയുകയില്ല. അത് വാക്കിലും പ്രവൃത്തിയിലും ധൈര്യപൂർവം വേദപുസ്തകാഭിലാഷമായ 'ഒരു പുതിയ ആകാശവും പുതിയ ഭൂമിയും' വിളംബരം ചെയ്യുന്നതായിരിക്കണം. വേദപുസ്തകാഭിലാഷം ഒരിക്കലും ലോകത്തെ ചതിക്കുകയില്ല. അതുപോലെ, വേദപുസ്തകത്തിലെ ഭാവികാലം വെറും അപ്പുറത്തെ ലോകവുമല്ല. ബൈബിൾ വാഗ്ദാനങ്ങൾ പ്രധാനമായും ഭാവിയിലെ പ്രതീക്ഷകളാണ്. അത് അടിച്ചമർത്തപ്പെട്ടവർക്കും കഷ്ടപ്പെടുന്നവർക്കും ഭാരപ്പെടുന്നവർക്കും ഉഴലുന്നവർക്കും വേണ്ടിയുള്ളതാണ്.

***ഒരു ക്രിസ്തീയപ്രസ്ഥാനം എക്യുമെനിക്കൽ സ്വഭാവമുള്ളതായിരിക്കണം.*** അതിന്റെയർത്ഥം, മനുഷ്യവാസമുള്ള ലോകം. യോഹന്നാൻ 17-ലെ മഹാപുരോഹിത പ്രാർത്ഥനയിലെ ഒത്തൊരുമ കാണേണ്ടത് വിഘടിച്ചു നിൽക്കുന്ന ക്രിസ്തീയസഭകളുടെ ഒന്നിച്ചുചേരലിലേക്ക് തരംതാഴ്ത്തിക്കൊണ്ടായിരിക്കരുത്. ഈ പ്രാർത്ഥനയുടെ അന്തസ്സത്ത മനുഷ്യരാശിയുടെ മുഴുവൻ ഒത്തുചേരലിനെ പ്രതീക്ഷിച്ചുകൊണ്ടുള്ളതാണ്.

***ഒരു ക്രിസ്തീയപ്രസ്ഥാനത്തിന് പ്രവചനനിർദ്ദേശമുൾക്കൊള്ളുന്ന ഒരു ജീവിതശൈലിയുണ്ടായിരിക്കണം.*** ഇസ്രയേൽ ജനതയുടെ കാലത്തെ പ്രവാചകന്മാരെ നോക്കുക. അവർ പൊരുത്തപ്പെടുന്ന സ്വഭാവക്കാരല്ലായിരുന്നു. രാജ്യത്തിന്റെ പ്രതീക്ഷകളോടും അഭിലാഷങ്ങളോടുമൊപ്പം അവർ സാദൃശ്യം പ്രാപിച്ചിരുന്നുവെങ്കിലും മനുഷ്യനന്മയ്ക്കുവേണ്ടി ദൈവമുദ്ദേശിച്ചിരുന്ന കാര്യങ്ങൾക്കെതിരെ ഉയർന്നിരുന്ന എല്ലാ ദുഷ്ടകൂട്ടുകെട്ടുകളെയും ഭയലേശമെന്യേ എതിർത്തിരുന്നു. പ്രവാചകന്മാർ മുൻകൂട്ടി കാര്യങ്ങളെ ദർശിച്ച് പറയുന്നവരാണെന്നു ചിന്തിക്കരുത്. അവർ മുഖത്തുനോക്കി കാര്യങ്ങൾ തുറന്നടിച്ച് പറയുന്നവരായിരുന്നു. അധികാരസ്ഥാനങ്ങൾക്ക് അസൗകര്യങ്ങളുണ്ടാക്കുന്ന ചോദ്യങ്ങൾ ചോദിച്ചിരുന്നു. സമൂഹത്തിലെ അനീതികളെപ്പറ്റി വിളിച്ചുപറഞ്ഞിരുന്നു. ഇത്തരുണത്തിൽ മാർട്ടിൻ ലൂഥർ കിംഗ് ജൂണിയറിന്റെ പ്രസ്താവന ശ്രദ്ധേയമത്രെ. *"ദുഷ്ടതയ്ക്കെതിരെ പ്രതികരിക്കാത്തവർ യഥാർത്ഥത്തിൽ അതിനോടുകൂടെ പ്രവർത്തിക്കുന്നവരാണ്".* ●

ആശ്വാസ
എ.എം.എം.പ്രകൃതിചികിത്സാകേന്ദ്രം
മാരാമൺ - 689 548
പത്തനംതിട്ട ജില്ല
ഫോൺ: 04733-660531



# സഹോദരങ്ങളേ നമുക്കു രമ്യപ്പെടാം

ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത

**മ**ലങ്കരസഭയുടെ ഐക്യം വെറുമൊരു സഭാകാര്യം മാത്രമല്ല. സമൂഹത്തിന്റെയും നാടിന്റെയും കാര്യം കൂടിയാണ്. ഒരു നൂറ്റാണ്ടുകാലമായി നിലനിന്നു വരുന്ന ഒരു പിളർപ്പ് നീതിപൂർവകമായി പരിഹരിക്കുന്നതിനുള്ള സാധ്യത തെളിഞ്ഞുവന്ന സമയത്ത് അതിനുള്ള മാർഗദർശനവും സഹകരണവും മലങ്കര സഭാനേതൃത്വങ്ങളിൽ നിന്ന് ഉണ്ടാകേണ്ടതാണ്. ഈ അനുകൂല സാഹചര്യം പരമാവധി പ്രയോജനപ്പെടുത്താൻ സഭാനേതൃത്വത്തിൽനിന്ന് തീവ്രവും തന്ത്രപരവും ധീരവുമായ നീക്കങ്ങളും നടക്കേണ്ടതുണ്ട്.

തീർച്ചയായും, ഐക്യം മലങ്കരസഭയുടെ ആവശ്യമാണ്. വിശ്വാസത്തിലും ആരാധനയിലും പാരമ്പര്യത്തിലുമെല്ലാം ഏകത്വം പ്രകടിപ്പിക്കുന്ന സഭാംഗങ്ങൾ കക്ഷി തിരിഞ്ഞ് പരസ്പരം കലഹിക്കുന്നത് സഭയെ സംബന്ധിച്ചിടത്തോളം തികഞ്ഞ വൈരുദ്ധ്യമാണ്. സഭയുടെ മൗലിക ലക്ഷണവും സ്വഭാവവുമാണ് ഏകത്വ മെന്നത്. താനും തന്റെ പിതാവും ഒന്നായിരിക്കുന്നതുപോലെ തന്റെ സഭയും ഏകമായിരിക്കണമെന്ന് യേശു അഭിലഷിക്കുന്നു. പ്രപഞ്ചത്തിന്റെ തന്നെ ഐക്യമാണ് ലോകത്തിന്റെ വീണ്ടെടുപ്പെന്നും അതിനുള്ള വിളിയാണ് സഭയ്ക്കുള്ളതെന്നും ക്രൈസ്തവ ദൈവശാസ്ത്രം പഠിപ്പിക്കുമ്പോൾ സഭ ഭിന്നിച്ചു തമ്മിലടിക്കുന്നത് അതിന്റെ അടിസ്ഥാനസ്വഭാവത്തോടും നിയോഗത്തോടുമുള്ള പ്രതിസാക്ഷ്യമാണ്. അധികാരത്തിനും സ്ഥാനമാനങ്ങൾക്കുംവേണ്ടി കലഹിക്കുന്ന സഭയുടെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു.

സഭയിലെ വഴക്ക് ഒരു പ്രതിസാക്ഷ്യമാണെന്നു പറഞ്ഞല്ലോ. *ക്രിസ്തുവിലൂടെയുള്ള വീണ്ടെടുപ്പ് മാനവസാഹോദര്യത്തിലും നീതിയിലും ഐക്യത്തിലുമാണെന്ന് പ്രഘോഷിക്കുന്ന സഭ വിഭജനത്തിനും കലാപത്തിനും ബലപ്രയോഗത്തിനും വരെ ആഹ്വാനം ചെയ്യുന്ന സാഹചര്യത്തിൽ സഭയുടെ വിശ്വാസ്യതയും അത് ഉദ്ഘോഷിക്കുന്ന സുവിശേഷത്തിന്റെ സത്യസന്ധതയുമാണ് ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്.* ക്രിസ്തീയസാക്ഷ്യം നിർവഹിക്കേണ്ടവർ വിരുദ്ധസാക്ഷ്യമവതരിപ്പിച്ച് അപഹാസ്യരാവുകയാണ്, സഭയിലെ ആഭ്യന്തരകലഹംവഴി.

മൗലികസ്വഭാവവും മൂല വിളിയും സാക്ഷ്യവും നഷ്ടപ്പെടുത്തുന്നതിന് അനുകൂലസാഹചര്യം സൃഷ്ടിക്കുന്ന സഭയിലെ വിഭാഗീയതയ്ക്ക് അന്ത്യം വരുത്തി സഭയെ ഏകമാക്കുവാനുള്ള ബാധ്യത അതിലെ മുഴുവൻ അംഗങ്ങൾക്കുമുണ്ട്. അന്തഃഛിദ്രങ്ങളുടെയും കലഹത്തിന്റെയും മധ്യത്തിൽ സഭയുടെ അടിസ്ഥാന നിയോഗവും രൂപവും വിസ്മരിച്ച് വിഭാഗീയ താത്പര്യങ്ങൾ മൗലികവും പ്രാഥമികവുമായി കരുതുകയും അതിനുവേണ്ടി കടുത്ത നിലപാടെടുക്കുകയും ചെയ്യുമ്പോൾ സഭയുടെ നിലനിൽപ്പിനുള്ള സാംഗത്യമാണ് പ്രതിക്കൂട്ടിലാകുന്നത്.

ഐക്യം സഭയുടെ വിശ്വാസപരമായ അനിവാര്യത മാത്രമല്ല. അതിന്റെ ദൗത്യനിർവഹണത്തിന്റെ അവശ്യപശ്ചാത്തലം കൂടിയാണ്. മലങ്കരസഭയുടെ ആദ്ധ്യാത്മിക-ബൗദ്ധിക-സാമ്പത്തിക-ജീവകാരുണ്യ മേഖലകൾ ഇന്ന് മുരടിച്ചിരിക്കുകയാണ്. സഭയുടെ വിഭവശേഷിയുടെ വലിയ പങ്കും വ്യവഹാരത്തിനും വിഭാഗീയത നിലനിർത്തുന്നതിനുംവേണ്ടി മാറ്റിവയ്ക്കേണ്ടി വരുന്നു. ഏറെ സാമ്പത്തിക, ബൗദ്ധിക ശേഷിയും കരുത്തുമുള്ള സഭയ്ക്ക് കൂട്ടായി ഒന്നും ചെയ്യുവാൻ ഇന്നു കഴിയുന്നില്ല. സഭയുടെ ദൗത്യനിർവഹണത്തിനും സാമൂഹികവികസനത്തിനും പൊതുക്ഷേമത്തിനുമായി വിനിയോഗിക്കപ്പെടേണ്ട പണം ഫലപ്രദമായി ഉപയോഗപ്പെടുത്താനാകാതെ, വിദ്യാഭ്യാസ-ആതുര സേവനമേഖലകൾപോലും കച്ചവടവൽക്കരിച്ച് ജനത്തെ കൊള്ളചെയ്ത് പണമുണ്ടാക്കി ധൂർത്തടിക്കുന്നു. ആദ്ധ്യാത്മികതയും മതജീവിതവും വെറും ആചാരാനുഷ്ഠാനങ്ങളായി പരിമിതപ്പെടുന്നു. സഭയുടെ അടിസ്ഥാനനിയോഗത്തോടുള്ള പ്രതിബദ്ധതയോ സമൂഹത്തോടുള്ള കടപ്പാടോ, ദുർബലവിഭാഗങ്ങളുടെ ശക്തീകരണമോ, നീതിക്കുവേണ്ടിയുള്ള പോരാട്ടമോ സഭയുടെ കർമപദ്ധതികളിലോ പരിപാടികളിലോ സ്ഥാനംപിടിക്കാതെ പോകുന്നു. *സഭ അതിന്റെ ആഭ്യന്തരപ്രശ്നങ്ങളുടെ ഊരാക്കുടുക്കുകളിൽപ്പെട്ടു ശ്വാസംമുട്ടുമ്പോൾ ഈ സഭ എന്തിനെന്ന അടിസ്ഥാനചോദ്യമുയരുന്നു. കാലികപ്രശ്നങ്ങളിൽനിന്ന് ഒഴിഞ്ഞുമാറി മനുഷ്യന്റെ ആവശ്യങ്ങൾ മനസ്സിലാക്കാതെ, സഭാസാഹചര്യങ്ങൾ വിഭാഗീയ-സ്വാർത്ഥതാത്പര്യങ്ങൾക്കു മാത്രം അനുകൂലമാക്കുമ്പോൾ സഭ അതിന്റെ ദൗത്യത്തിൽ നിന്നും സ്വഭാവത്തിൽനിന്നും മാത്രമല്ല, സമൂഹത്തിൽനിന്നും സ്വന്തം അംഗങ്ങളിൽനിന്നുപോലുമാണ് അന്യപ്പെടുന്നത്.*

മാത്രമല്ല, ഈ നാട്ടിൽ തൃപ്തികരമായി പ്രവർത്തിച്ചുവരുന്ന ഇതര ക്രിസ്തീയ വിഭാഗങ്ങൾക്കുതന്നെ ഇതൊരു നാണക്കേടും പേരുദോഷവുമാണ് വരുത്തിവച്ചിരിക്കുന്നത്. സഭാവഴക്ക് മറ്റു സഭകൾക്കിടയിൽ മലങ്കരസഭയെപ്പറ്റി അവജ്ഞയും സഹതാപവുമാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് അവരുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കെല്ലാം അറിയാം. ഈ സഹോദരീസഭകളെ മുൻനിർത്തിയെങ്കിലും ഐക്യത്തിന്റെ അനിവാര്യതയെപ്പറ്റി ചിന്തിക്കാൻ നമ്മിലധികം പേർക്കും സാധിക്കുന്നില്ലെന്നതാണ് ദുഃഖകരം. ഈ സാഹചര്യം സംബന്ധിച്ച് പല സഭാനേതാക്കന്മാർക്കും ആത്മനിന്ദയോ കുറ്റബോധമോ ഉണ്ടാകുന്നില്ല. സഹോദരീസഭകൾക്കുപോലും നാണക്കേടുണ്ടാക്കി നമ്മോട് അവജ്ഞതയും അതൃപ്തിയും സൃഷ്ടിച്ചിരിക്കുന്നുവെന്ന വസ്തുതയെങ്കിലും സഭൈക്യത്തിന് പ്രേരകമായെങ്കിൽ!

പ്രിയ സഹോദരങ്ങളേ, പരിശുദ്ധ മൂന്നു നോമ്പിന്റെയും തുടർന്നു വരുന്ന വലിയ നോമ്പിന്റെയും കാലത്ത് വിദ്വേഷവും പകയും ദൈവസന്നിധിയിൽ ഹോമിച്ച് നമുക്ക് നിരപ്പാകാം, ഒന്നിക്കാം. ദൈവഹിതത്തിനു നമ്മെത്തന്നെ സമർപ്പിക്കാം. ●

---

**A newly married couple were entertaining, and among the guests was a man whose conduct was rather boisterous. At dinner he held up on his fork a piece of meat and in a veil of intended humour asked, "Is this pig?"**

**'To which end of the fork do you refer?', asked a quiet man at the other end of the table.**

■■

**Dad : How dare you kick your little brother in the stomach!**

**Son : It is his own fault, daddy. He turned around.**

# വാർധക്യം കുതിപ്പും കിതപ്പും

പ്രൊഫ. സി. മാമച്ചൻ, മാർത്തോമാ കോളജ്, തിരുവല്ല

വയോജനങ്ങളെ അവരുടെ നിലയിൽ മനസ്സിലാക്കാൻ ശ്രമിക്കാതെ യുവത്വത്തിന്റെ നിലയിൽ കാണാൻ ശ്രമിക്കുന്നിടത്ത് അപകടമുണ്ട്. കാഴ്ച, കേൾവി, ഓർമ, ചലനം എന്നിവയുടെ അനുക്രമമായ കുറവ് വയോജനങ്ങളിൽ സ്വാഭാവികമാണ്. പേശികളുടെ ദൃഢതയില്ലായ്മ, ആലസ്യം, ഉറക്കക്കുറവ് ഇവയും സാധാരണമാണ്. ഇതെല്ലാം അനുഭവപൂർവമായ അന്വേഷണത്തിനും പരിചരണത്തിനും വിഷയമാകേണ്ടതാണ്. മുമ്പറഞ്ഞ അവശതകളിൽ നിന്ന് പരിചരണത്തിലൂടെ നിശ്ശേഷം അവരെ മോചിപ്പിക്കാനാവില്ല. എന്നാൽ വൃദ്ധജനങ്ങളിൽ ആത്മവിശ്വാസം വളർത്താൻ ഇത് അത്യന്താപേക്ഷിതമാണ്. ഈ പരാധീനതകളെ നാട്യങ്ങളെന്നു തെറ്റിദ്ധരിച്ച് ക്രുദ്ധരായിത്തീരുന്ന മക്കൾക്കും മരുമക്കൾക്കും അപ്പനമ്മമാരുടെ 'അധികപ്രസംഗ'ത്തെപ്പറ്റി ഏറെപ്പറയാൻ കാണും. "കേൾക്കാഞ്ഞിട്ടൊന്നുമല്ല, വയസ്സൻ ആരാ പുള്ളി; നമ്മളെ പരീക്ഷിക്കയാ." വാർദ്ധക്യത്തിന്റെ അവശതകളെ ഇത്തരത്തിൽ പുച്ഛിക്കുന്നിടത്ത് ബന്ധങ്ങളിലെ ആത്മാർത്ഥത നഷ്ടപ്പെടുന്നു.

നല്ല പഠിപ്പും ഉദ്യോഗവുമുള്ള ക്ലാസ്-1 ജീവനക്കാരായ ഭാര്യാഭർത്താക്കന്മാർ. പിതാവ് കുടുംബത്തിൽ ഒറ്റപ്പെട്ടു പാർക്കുന്നു. ആരുടെയും ഔദാര്യത്തിനു കാത്തുനിൽക്കാത്ത അഭിമാനിയായ പിതാവ്, ഭാര്യ മരിച്ചിട്ടും ഏറെക്കാലം കുടുംബവീട്ടിൽ പിടിച്ചുനിന്നു. പിതാവിന്റെ അവശതയറിഞ്ഞ് മകൻ വന്നു കൂട്ടിക്കൊണ്ടുപോയി, കൂടെ പാർപ്പിച്ചു. വീടും ദേശവും മാറിയ പിതാവിന്റെ അവശത അനുദിനം വർദ്ധിച്ചുവന്നു. രണ്ടാഴ്ചയ്ക്കുശേഷം ഒരു പ്രഭാതത്തിൽ കിടക്കയിൽ നിന്നെഴുന്നേറ്റു ടോയ്ലറ്റിലേക്കു പോകുംവഴി സ്വയം നിയന്ത്രിക്കാനാവാതെ മുറിയിൽ മൂത്രമൊഴിച്ചു. കുറ്റബോധത്തോടെ ഇടയ്ക്കു തിരിഞ്ഞുനിന്ന പിതാവിന്റെ കൈകളിലേക്ക് മകൻ പഴയതുണി വച്ചുനീട്ടിയിട്ട് തുടയ്ക്കാനാവശ്യപ്പെട്ടു. അല്പം ഒന്നറച്ചു നിന്നെങ്കിലും അനുസരണയുള്ള കുട്ടിയെപ്പോലെ അദ്ദേഹം തറ തുടച്ചു വൃത്തിയാക്കി. ഇതൊക്കെ അപ്പന്റെ തോന്ന്യാസമാണെന്നു ചിന്തിക്കുന്ന ബിരുദധാരിയായ മകന് ഇത്തരത്തിലല്ലാതെ പ്രതികരിക്കാൻ കഴിയുമോ? അന്ന് ആ വീട്ടിൽ നിന്നു പിതാവ് ജലപാനം ചെയ്തില്ല. മകനും മരുമകളും ജോലി കഴിഞ്ഞെത്തുന്നതിനുമുമ്പായി പിതാവ് വീടുവിട്ടിറങ്ങി. ഒരകന്ന ബന്ധുവിന്റെ സഹായത്തോടെ പിറ്റേന്ന് സ്വന്തം വീട്ടിലെത്തി. ആ പിതാവ് അനുഭവിച്ച ധർമസങ്കടം എത്ര കഠോരം. മകനെപ്പറ്റി എന്തെങ്കിലും പറയാൻ ശ്രമിക്കുമ്പോഴേക്കും അപ്പൻ ഗദ്ഗദകണ്ഠനാകും. "എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കാൻ കഴിയുമായിരുന്നില്ല. ഞാൻ എന്റെ ആദ്യജാതനെ ശപിച്ചുപോകുമോ എന്ന ഭീതി അക്കാലത്ത് എന്നെ ശക്തമായി ബാധിച്ചിരുന്നു." വളരെ അടുപ്പമുള്ള ചിലരോട് പിതാവ് ഇക്കാര്യം പറഞ്ഞിരുന്നു.

മറ്റുള്ളവരുടെ അനുകമ്പ പിടിച്ചെടുക്കാനായി വയോജനങ്ങളിൽ ചിലർ അവശത പ്രകടിപ്പിച്ചേക്കാം. എന്നാൽ സുബോധത്തോടിരിക്കുമ്പോൾ മലമൂത്രവിസർജ്ജനത്തിനുള്ള നിയന്ത്രണം നഷ്ടപ്പെടുന്നത് വയോജനങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും ലജ്ജാവഹവും അസഹനീയവുമാണ്. ആത്മനിന്ദയ്ക്കും സ്വയശാപത്തിനും ഇത്തരം അനുഭവങ്ങൾ കാരണമായിത്തീരുന്നു. "ഞാൻ നിങ്ങൾക്കൊരു ഭാരമായല്ലോ. എന്തിനാണിങ്ങനെ ജീവിക്കുന്നത്"? എന്ന് സ്വയം ശപിക്കുന്ന വേളകളിൽ ഒരു സാന്ത്വനത്തിന്റെ വഴി തുറന്നു കിട്ടിയില്ലെങ്കിൽ ജീവിത സായാഹ്നം നരകമായിരിക്കും. ഇത്തരം അനുഭവങ്ങൾ ഒരിക്കലും പരിഹാസ്യമായിക്കൂടാ. വയോജനങ്ങളിലെ ആത്മഹത്യയുടെ നിരക്ക് അനുദിനം ഏറിവരുന്നതിന്റെ ഒരു കാരണമിതാണ്. "ആ വയസ്സന് ഇതിന്റെ ആവശ്യം വല്ലതുമുണ്ടായിരുന്നോ? എത്രയോ നല്ല സമയങ്ങൾ ഉണ്ടായിരുന്നു. അന്നൊന്നും ചെയ്യാതെ ഇപ്പോഴിങ്ങനെ. മക്കളെയും കൊച്ചുമക്കളെയുമൊക്കെ അപമാനിക്കാൻ, അല്ലാതെന്താ!" ഒരിക്കലും പ്രതീക്ഷിക്കാത്ത സ്ഥാനങ്ങളിൽ നിന്നുള്ള അപമാനം സഹിക്കവയ്യാതെയാണ് ആത്മഹത്യ ചെയ്തതെന്ന കാര്യം നാം മറന്നു പോകുന്നു.

രോഗിയായ പിതാവിനെ ശുശ്രൂഷിക്കുവാനായി അമേരിക്കയിൽ നിന്നെത്തിയ മകളുടെ പരാക്രമം ഓർമയിൽ വരുന്നു. ഞാൻ ആശുപത്രിയിൽ ഒരു രോഗിയുടെ അടുത്തിരിക്കുമ്പോൾ അടുത്ത മുറിയിൽ നിന്നുയർന്നു കേട്ട ആക്രോശങ്ങൾ എന്താണെന്നന്വേഷിച്ചു. അമേരിക്കക്കാരി അപ്പനോട് അട്ടഹസിക്കുന്ന വാക്കുകൾ കേട്ടിരിക്കാൻ പ്രയാസമാണ്. അപ്പൻ ഉറങ്ങുന്നില്ലെന്നതാണ് കാരണം. അന്നു രാത്രി അപ്പനും മകനും പോള കൂട്ടിയടച്ചില്ല. കൂടുതൽ അസ്വസ്ഥരായി ഇരുവരും കാണപ്പെട്ടു. പിറ്റേദിവസം മറ്റൊരു മകളാണ് ശുശ്രൂഷയ്ക്കെത്തിയത്. ക്ഷമയോടെ നല്ല വാക്കുകളും തമാശയുമൊക്കെപ്പറഞ്ഞ് അപ്പനെ സന്തോഷിപ്പിച്ചു. മാനസികപിരിമുറക്കത്തിന് അയവു ലഭിച്ചപ്പോൾ സന്ധ്യയ്ക്കു തന്നെ അപ്പൻ ഉറങ്ങി. പിറ്റേ ദിവസം നേരം ഏറെ പുലർന്നിട്ടാണ് അദ്ദേഹമുണർന്നത്. എന്തൊരു വ്യത്യാസം! എന്താണിതിനു കാരണം. വയോജനങ്ങളോടുള്ള യുവതലമുറയുടെ സമീപനമാണ് ഇരുകൂട്ടരുടെയും ജീവിതത്തിൽ സ്വർഗനരകങ്ങൾ സൃഷ്ടിക്കുന്നത്. ***അംഗീകാരവും ഉൾക്കൊള്ളലുമാണ് വാർദ്ധക്യത്തിന്റെ ഏറ്റവും വലിയ ആവശ്യം. ഇതു സാധിക്കണമെങ്കിൽ വയോജനങ്ങളെ അവരുടെ നിലയിൽ മനസ്സിലാക്കാൻ കഴിയണം.***

"ഇവിടത്തെ കാര്യങ്ങളൊന്നും എനിക്കറിയില്ല. എന്നോടാരു പറയാൻ? കറവ കഴിഞ്ഞ പശുവിനെ ആർക്കു വേണം." എന്നൊക്കെ ആത്മഗതമായും ഒട്ടൊക്കെ ഉച്ചത്തിലും പറയുന്ന വൃദ്ധജനങ്ങളുടെ 'ഉള്ളിന്റെ കലക്കം' തിരിച്ചറിയാൻ നാം ശ്രമിക്കാറില്ല. തിരക്കിനിടയിൽ ശ്രദ്ധിക്കപ്പെടാതെ പോകുന്നതാവാം. വീട്ടിലെ കാര്യങ്ങൾ അവരുമായി പങ്കിടുന്നുണ്ടെന്ന ബോധ്യംവരുത്തൽ പരമപ്രധാനമാണ്. കളിക്കളത്തിലെ കളിക്കാരന്റെ സ്ഥാനത്തുനിന്ന് കാഴ്ചക്കാരന്റെ ഭാഗത്തേക്കു മാറുന്ന വ്യത്യാസമാണിത്. "ടീം മാനേജർ കളിയിൽ നിന്ന് എന്നെ മാറ്റിയിരിക്കുന്നു. ഇനി ഞാൻ കാണികളോടൊപ്പമിരുന്നു കളി കണ്ടാൽ മതി, എന്റെ പ്രകടനം എന്നെന്നേക്കുമായി കഴിഞ്ഞു" എന്നു ചിന്തിക്കുന്ന കളിക്കാരന്റെ മാനസികാവസ്ഥയാണിത്.

മരുമകളെ 'എന്റെ മോളേ' എന്നും അമ്മാവിയമ്മയെ 'എന്റെ അമ്മച്ചീ' എന്നും വിളിക്കുന്ന സാഹചര്യവും മനോഭാവവുമാണ് പ്രധാനം. ഇത്തരം കുടുംബങ്ങളിൽ വ്യക്തിബന്ധങ്ങളിലെ വിടവ് കുറഞ്ഞിരിക്കും. കേട്ടുകേഴ്വികളെയും ഊഹാപോഹങ്ങളെയും അതേപടി വിഴുങ്ങാൻ തയാറാകുന്നിടത്താണ് തലമുറകൾ തമ്മിലുള്ള അകലം വർദ്ധിക്കുന്നത്. ഭക്ഷണവേള, പ്രാർത്ഥനാസമയം, സുഹൃദ്സന്ദർശനവേള എന്നീ ഘട്ടങ്ങളിൽ മൂന്നു തലമുറകൾ ഒരുമിച്ചുചേരുന്ന ഭവനത്തിൽ വയോജനങ്ങൾ തികച്ചും സന്തുഷ്ടരാണ്. 'എന്റെ മക്കൾക്ക് എന്നിൽ നിന്ന് മറച്ചുവയ്ക്കാനൊന്നുമില്ല' എന്ന ബോധ്യംതന്നെ വൃദ്ധജനങ്ങളെ തൃപ്തരാക്കും. ●



# മരിക്കാൻ വെമ്പൽ കൊള്ളുന്നവർ

ജോർജ് ബഹനാൻ ടി., തിരുവനന്തപുരം

സുപ്രസിദ്ധ ആംഗലേയ കവി വില്യം കൂപ്പറിന് ജീവിതം മടുത്തു. നിരാശയിലേക്കു വഴുതിവീണ അദ്ദേഹം ലണ്ടൻ ബ്രിഡ്ജിലേക്ക് പോകാൻ ഒരു കുതിര വണ്ടി ഏർപ്പാടു ചെയ്തു. ബ്രിഡ്ജിൽ നിന്നു ചാടി ആത്മഹത്യ ചെയ്യാനായിരുന്നു ഉദ്ദേശ്യം. എന്തായാലും, മൂടൽമഞ്ഞുള്ള രാത്രിയായതുകൊണ്ട് കുതിരവണ്ടിക്കാരനു വഴിതെറ്റി. കൂപ്പർ വണ്ടിയിൽ നിന്നിറങ്ങി നടക്കാൻ തീരുമാനിച്ചു. കുറുക്കുവഴിയെ നടന്ന അദ്ദേഹം അവസാനം വീട്ടുപടിക്കലെത്തിച്ചേർന്നു. പെട്ടെന്നാണ് ദൈവത്തിന്റെ കരുതൽ അദ്ദേഹം തിരിച്ചറിഞ്ഞത്. തെംസ് നദിയിൽ ചാടുന്നത് ഭീരുത്വമാണ്, ജീവിതത്തിൽ നിന്ന് ഒളിച്ചോടുന്നതിനുപകരം ജീവിതഭാരങ്ങൾ ദൈവത്തിലർപ്പിക്കുന്നതാണ് ശരിയായിട്ടുള്ളതെന്ന തിരിച്ചറിവിൽ അദ്ദേഹമെത്തി.

ഇന്നു സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ആത്മഹത്യയാണ്. ആത്മഹത്യ ചെയ്തുവെന്നു കേൾക്കുമ്പോൾ നാം ഞെട്ടുന്ന കാലമുണ്ടായിരുന്നു. പക്ഷേ ഇന്ന് ആത്മഹത്യ നിത്യസംഭവമാണ്. പ്രത്യേകിച്ച്, കേരളത്തിൽ. കേരളം കഴിഞ്ഞാൽ ബംഗാൾ ആണ് മുമ്പിൽ. എട്ടു വയസ്സുകാരനും എൺപതുകാരനും ആത്മഹത്യയ്ക്കു തയാറായി നിൽക്കുന്നതാണ് നമ്മുടെ സമൂഹത്തിന്റെ ഏറ്റവും വലിയ ശാപം. ഒരു കുടുംബമൊരുമിച്ച് ആത്മഹത്യയിലേക്കു നീങ്ങുന്ന അവസ്ഥയിലെത്തി നിൽക്കുന്നു കാര്യങ്ങൾ.

അഗാധമായ നഷ്ടബോധമാണ് ആത്മഹത്യയുടെ ഏക കാരണം. നഷ്ടബോധം മനുഷ്യനെ സംരക്ഷിക്കുന്ന വികാരമാണ്. കൂടുതൽ നഷ്ടമുണ്ടാകുന്നതിൽ നിന്ന് അതു നമ്മെ രക്ഷിക്കും. അൻപതു ശതമാനം നഷ്ടബോധവും അൻപതു ശതമാനം നേട്ടബോധവുമാണ് മാനസിക സമനില. പക്ഷേ നഷ്ടബോധം മുന്നേറിയാൽ അത് മനസ്സിനെ ബാധിക്കും; ക്രമേണ വിഷാദമാവും. വിഷാദം ഒരു വികാരമാണ്. പക്ഷേ അത് വിഷാദരോഗമായി മാറാം. കടുത്ത വിഷാദമുള്ളവരിൽ പതിനഞ്ചു ശതമാനംപേർക്കും മരണസാദ്ധ്യതയുള്ളതായി കാണുന്നു. തലച്ചോറിന്റെ രാസഘടനയുടെ അസന്തുലിതാവസ്ഥ വ്യക്തികളെ വിഷാദത്തിലേക്കും ആത്മഹത്യയിലേക്കും നയിക്കും. പക്ഷേ, പലപ്പോഴും നഷ്ടസംഭവങ്ങളാണു കാരണം. സ്നേഹിച്ചിരുന്നവർ മരിച്ചുപോകുക, പണം നഷ്ടപ്പെടുക, ബിസിനസിൽ പരാജയപ്പെടുക, മാനഹാനിയുണ്ടാകുക, പരീക്ഷയിൽ തോൽക്കുക, ഉദ്യോഗം നഷ്ടപ്പെടുക, ആരോഗ്യം ക്ഷയിക്കുക-ഇങ്ങനെ പോകുന്നു ആ നഷ്ടങ്ങൾ. ദേഷ്യം കൊണ്ടോ കുറ്റബോധം കൊണ്ടോ പേടി കൊണ്ടോ ആരും ആത്മഹത്യ ചെയ്യുകയില്ല. പക്ഷേ നഷ്ടമുണ്ടാകുമ്പോൾ ദേഷ്യവും കുറ്റബോധവും ഉണ്ടാകും.

ജീവിതത്തോടും അതിന്റെ പ്രശ്നങ്ങളോടുമുള്ള നമ്മുടെ മനോഭാവം ഒരു പ്രധാനപ്പെട്ട സംഗതിയാണ്. നമ്മുടെ മൂല്യങ്ങളുടെയും ധാരണകളുടെയും ആകെത്തുകയാണ് മനോഭാവം. ''ഏതെങ്കിലും വിഷയത്തിനു തോറ്റാൽ അമ്മയെന്നെ കൊല്ലും,'' ആറാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയുടെ വാക്കുകളാണിത്. ഇവിടെ പ്രശ്നം അമ്മയുടേതാണ്. വിജയവും പരാജയവും ജീവിതത്തിലെ രണ്ടു യാഥാർത്ഥ്യങ്ങളാണ്. ഇതു നാം അംഗീകരിച്ചേ തീരൂ. വിജയിക്കാൻ പഠിപ്പിക്കുന്നതുപോലെ തോൽവിയെ അഭിമുഖീകരിക്കാനും കുട്ടികളെ പഠിപ്പിക്കണം. മാർക്കിനും റാങ്കിനും വേണ്ടി നെട്ടോട്ടമോടുന്ന മാതാപിതാക്കൾ അന്തിമമായി ഒന്നും നേടുന്നില്ല. എസ്.എസ്.എൽ.സി.ക്ക് എട്ടു പ്രാവശ്യം തോറ്റ ഒരു വിദ്യാർത്ഥിയെ എനിക്കറിയാം. കേരളത്തിനു പുറത്ത് ജോലി ചെയ്ത് നല്ല രീതിയിൽ അയാൾ ജീവിക്കുന്നു. പരീക്ഷയിൽ തോറ്റാൽ ജീവിതം തകരുമെന്ന് അർത്ഥമില്ല. ഉപഭോക്തൃ സംസ്കാരത്തിന്റെ കടുത്ത മത്സരത്തിൽ ഏറ്റവും കൂടുതൽ പീഡനങ്ങളേൽക്കുന്നതു കുട്ടികളാണ്. അച്ഛന്റെയും അമ്മയുടെയും വേഗതയിൽ ഓടാൻ കഴിയാത്ത കുട്ടികൾ നിരാശരാകുന്നു. ഇത് അച്ഛനമ്മമാരെയും നിരാശരാക്കും. ഇവിടെ ആത്മഹത്യകൾക്ക് സാദ്ധ്യത വളരെ കൂടുതലാണ്.

വേറൊരു കൂട്ടർ മക്കളെ അവരുടെ മനസ്സിൽ കണ്ടതുപോലെ മെനഞ്ഞെടുക്കാൻ ശ്രമിക്കുന്നവരാണ്. ജീന പ്ലസ് വൺ വിദ്യാർത്ഥിനിയാണ്. വല്യച്ഛൻ ആയുർവേദ ഡോക്ടർ. പേരക്കുട്ടിയെ ഡോക്ടറാക്കാൻ വേണ്ടി രണ്ടു മൂന്നു ലക്ഷം രൂപ അദ്ദേഹം മാറ്റിവച്ചിരിക്കുന്നു. മനസ്സില്ലാമനസ്സോടെ സയൻസ് ഗ്രൂപ്പെടുത്ത ജീനയ്ക്ക് ഹോട്ടൽ മാനേജ്മെന്റ് പഠിക്കാനാണിഷ്ടം! ഇവിടെ ജീന ഒരു വശത്ത്, വീട്ടുകാർ മറുവശത്ത്. ഈ വടംവലിയിൽ ജീന പ്ലസ് വണിലെ പഠിത്തം നിർത്തി. കൗൺസലിങ്ങിനിടയിലാണ് ജീന ആത്മഹത്യ ചെയ്യാൻ ശ്രമിച്ചതായി മനസ്സിലായത്. എന്തായാലും ജീന പ്ലസ് വണിൽ തന്റെ പഠനം തുടരാൻ തീരുമാനമെടുത്തു. തനിക്കിഷ്ടമുള്ള വിഷയമെടുക്കാൻ സ്വാതന്ത്ര്യം കിട്ടിയ ജീന സന്തോഷത്തോടെ പഠിക്കുന്നു. ഇത്തരം അനേകം ജീനമാർ നമ്മുടെയിടയിലുണ്ട്.

പഠിക്കുന്നതും പടം വരയ്ക്കുന്നതും പാട്ടു പാടുന്നതുമെല്ലാം സമ്മാനം കിട്ടാൻ മാത്രമായി തരം താഴുന്നത് വ്യക്തികളെ മാനസികമായി ബാധിക്കുന്നു. പഠനത്തിലും കലയിലും ആനന്ദം കണ്ടെത്താനാണ് കുട്ടികളെ പഠിപ്പിക്കേണ്ടത്. അപ്പോൾ അനാരോഗ്യകരമായ മത്സരങ്ങൾ മാറുകയും നിരാശ കുറയുകയും ചെയ്യും. ആത്മഹത്യയ്ക്കുള്ള സാദ്ധ്യതയുമില്ലാതാകും. ***''ഇൻസ്റ്റന്റും ഫാസ്റ്റും'' നമ്മുടെ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു. ഇവിടെ നാം കുട്ടികളെ വളർത്തുന്നത് ബ്രോയിലർ ചിക്കനെ വളർത്തുന്നതുപോലെയാണ്. ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളുമില്ലാത്ത നമ്മുടെ തലമുറയുടെ പോക്ക് ആത്മഹത്യയിലവസാനിക്കും.*** ഉപഭോക്തൃ സംസ്കാരത്തിന്റെ വേലിയേറ്റം സൃഷ്ടിച്ച മൂല്യച്യുതി പണത്തോടുള്ള മനുഷ്യന്റെ ആർത്തി അനേകമടങ്ങ് വർദ്ധിപ്പിച്ചിരിക്കുന്നു. പണത്തിനപ്പുറത്തൊന്നും നാം കാണുന്നില്ല. അതുകൊണ്ട് ഏതു സാമ്പത്തികത്തകർച്ചയും നമ്മെ മാനസികമായി തളർത്തി ആത്മഹത്യയിലെത്തിക്കുന്നു. ആശയവിനിമയത്തിന്റെ തകരാറും മനുഷ്യബന്ധങ്ങളിലെ പാളിച്ചയും നമ്മുടെ കുടുംബങ്ങളെ ആത്മഹത്യയുടെ വക്കത്തെത്തിച്ചിരിക്കുന്നു. ഇന്റർനെറ്റിന്റെ ദുരുപയോഗം നമ്മുടെ തലമുറയെ മാനസികമായി ബാധിച്ചിരിക്കുന്നു. ഗ്രാമങ്ങളിൽ പോലും ഇന്റർനെറ്റ് ബൂത്തുകൾ സുലഭം. അവിടെയെത്തുന്ന ഏതാണ്ട് മുപ്പതു ശതമാനം പേർ സെക്സ് സൈറ്റുകൾ കാണാൻ വരുന്നവരാണ്. സൈബർ സെക്സിന് അടിമകളാകുന്നവർ വിഷാദത്തിലേക്കും ആത്മഹത്യയിലേക്കും എത്തിച്ചേരാം.

പ്രേമനൈരാശ്യംമൂലം ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണവും കൂടിവരുന്നു. ജീവിതത്തെപ്പറ്റിയും ബന്ധങ്ങളെപ്പറ്റിയുമുള്ള മൂല്യങ്ങൾ വികലമായതാണ് പ്രധാന കാരണം. പരസ്യങ്ങളിലൂടെ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന വില കുറഞ്ഞ 'സെന്റിമെന്റ്സ്' ആണ് അതിനു പ്രധാന കാരണം. ആത്മിക മൂല്യങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ട് ഏതു പ്രതിസന്ധിയേയും ആത്മികവും ബൗദ്ധികവും താത്വികവുമായ തലത്തിൽ അഭിമുഖീകരിക്കാൻ നാം യുവതലമുറയെ പഠിപ്പിച്ചേ തീരൂ. വേൾഡ് ട്രേഡ് സെന്റർ കത്തിയമർന്നപ്പോൾ ചെന്നൈയിലുള്ള ഒരു ബിസിനസുകാരനു നഷ്ടമായത് പതിനൊന്നു ലക്ഷം ഡോളർ. അയാൾ പറഞ്ഞു : ''ദൈവത്തിനിഷ്ടമുള്ളത് ദൈവം എടുത്തു.'' അയാൾ ആത്മഹത്യ ചെയ്തില്ല. മരിക്കാൻ തോന്നുമ്പോൾ ജീവൻ തന്ന ദൈവത്തിലുള്ള ശക്തമായ വിശ്വാസം നമുക്ക് പുതുജീവൻ പകരും.

# മാർത്താണ്ഡവർമയുടെ മറ്റൊരു മുഖം

സി. വി. രാമൻപിള്ളയുടെ വിഖ്യാതമായ ആഖ്യായികളിലൂടെയും പാച്ചു മൂത്തത്, ശങ്കുണ്ണിമേനോൻ എന്നിവരുടെ ചരിത്രഗ്രന്ഥങ്ങളിലൂടെയും മനസ്സിൽ സ്ഥാനം പിടിച്ച മാർത്താണ്ഡവർമ മഹാരാജാവ് ചെറുപ്പകാലത്ത് എന്റെയൊരു ആരാധ്യപുരുഷനായിരുന്നു. ചതിയന്മാരായ എട്ടുവീട്ടിൽ പിള്ളമാരുടെയും എട്ടരയോഗത്തിന്റെയും പിടിയിൽ നിന്നു രാജ്യത്തെ മോചിപ്പിച്ചവൻ, ചിതറിക്കിടന്ന നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് ആധുനിക തിരുവിതാംകൂർ മെനഞ്ഞെടുത്ത മഹാരഥൻ എന്നീ നിലകളിൽ പ്രശോഭിച്ച മാർത്താണ്ഡവർമയെ എങ്ങനെ മറക്കാനാവും? എന്നാൽ മാർത്താണ്ഡവർമയ്ക്ക് മറ്റൊരു മുഖം കൂടെ ഉണ്ടായിരുന്നുവെന്ന് പിൽക്കാലത്താണ് ഞാൻ മനസ്സിലാക്കിയത്. അതിവിദഗ്ധമായി ചാണക്യതന്ത്രം പയറ്റിയ നിർദയനും കുടിലബുദ്ധിയുമായ ഒരു ഭരണാധികാരി കൂടിയായിരുന്നു അദ്ദേഹം.

## കഥയില്ലാത്ത അൽപം ചില്ലറക്കാര്യങ്ങൾ

ഡോ. കെ. വി. വർഗീസ്



പതിനാലാം വയസ്സിൽ നെയ്യാറ്റിൻകര ഭരണാധികാരിയായി സ്ഥാനമേറ്റ മാർത്താണ്ഡവർമ്മ 23 വയസ്സു മാത്രം പ്രായമുള്ളപ്പോഴാണ് രാജാവായത് (1729). കേരളം അന്ന് ചെറിയ ചെറിയ രാജ്യങ്ങളുടെ ആകെത്തുകയായിരുന്നു. രാജാക്കന്മാർ ഉണ്ടായിരുന്നെങ്കിലും വികേന്ദ്രിതമായ പ്രഭുഭരണമാണ് ഇവിടെ നിലനിന്നിരുന്നത്. ദക്ഷിണകേരളത്തിൽ പ്രഭുഭരണത്തിൽ നിന്ന് അനിയന്ത്രിത രാജവാഴ്ചയിലേക്കുള്ള ഒന്നാമത്തെ ഘട്ടം കുറിക്കുന്നത് മാർത്താണ്ഡവർമയുടെ വരവോടെയാണ്. ഇതത്ര എളുപ്പമുള്ള ഒരു കാര്യമായിരുന്നില്ല. വളരെയേറെ കടമ്പകൾ കടക്കേണ്ടിയിരുന്നു. ഭരണത്തിൽ സജീവപങ്കാളിത്തമുള്ള പിള്ളമാരെയും മാടമ്പിമാരെയും ക്ഷേത്രകാര്യങ്ങളുടെ ചുക്കാൻ പിടിക്കുന്ന എട്ടരയോഗത്തെയും നിലയ്ക്കു നിറുത്തിയെങ്കിൽ മാത്രമേ തനിയ്ക്കു ലക്ഷ്യം നേടാനാവുകയുള്ളൂവെന്ന് അദ്ദേഹം മനസ്സിലാക്കി. ജനങ്ങൾക്ക് വൈകാരികമായി ശ്രീപത്മനാഭക്ഷേത്രവുമായുള്ള ബന്ധം കണക്കിലെടുത്തുകൊണ്ടാണ് മാർത്താണ്ഡവർമ മഹാരാജാവ് കരുനീക്കങ്ങളാരംഭിച്ചത്. ഇന്നുപോലും അയോധ്യയുടെ പേരിൽ അധികാരമോഹികൾ രാഷ്ട്രീയ കയ്യാങ്കളി നടത്തുവാൻ മടിക്കാത്ത സാഹചര്യത്തിൽ പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ക്ഷേത്രപുനർനിർമാണത്തിലൂടെ അധികാരത്തിന്റെ അടിത്തറ ബലപ്പെടുത്തുവാൻ മാർത്താണ്ഡവർമയ്ക്കു കഴിഞ്ഞുവെന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. 1686-ൽ തീപിടുത്തം മൂലം പത്മനാഭസ്വാമിക്ഷേത്രം ഭാഗികമായി വെന്തു നശിച്ചിരുന്നു. ക്ഷേത്രപുനർനിർമാണം ആരംഭിക്കുവാൻ രാജാവു നടപടികൾ സ്വീകരിക്കുകയും 1731-ൽ അതു പൂർത്തീകരിക്കുകയും ചെയ്തു. ക്ഷേത്രനവീകരണവും പൂജകൾ പുനരാരംഭിക്കലും ദൂരവ്യാപകമായ ഫലമുളവാക്കുന്ന കാൽവയ്പുകളായിരുന്നു. ക്ഷേത്രത്തിന് ജനങ്ങളിലുണ്ടായിരുന്ന സ്വാധീനം എത്രയെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ടാണ് പരിപൂർണ കടക്കെണിയിലായിട്ടുപോലും അദ്ദേഹം ക്ഷേത്രപുനർനിർമാണത്തിന് പണം വാരിക്കോരി ചെലവഴിച്ചത്. പശുക്കളെയും ബ്രാഹ്മണരെയും രക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധരായ ഭരണാധികാരികളെ സൃഷ്ടിച്ചെടുക്കുവാൻ ബ്രാഹ്മണർ ബോധപൂർവമായ നീക്കങ്ങൾ നടത്തിക്കൊണ്ടിരുന്ന അക്കാലത്ത് 'രാജാ പ്രത്യക്ഷദൈവതം' എന്ന പ്രമാണം ജനഹൃദയങ്ങളിലെത്തിക്കുവാൻ അവർക്കു കഴിഞ്ഞു. എന്തിനേറെ, സൂര്യനിൽ നിന്നും ചന്ദ്രനിൽ നിന്നും പിതൃത്വം അവകാശപ്പെട്ടുതുടങ്ങിയ രാജവംശാവലി ബ്രഹ്മാവിൽ നിന്ന് മാർത്താണ്ഡവർമ വരെയും അവർ എഴുതിക്കുറിച്ചു. പിൽക്കാലത്തു ദിഗ്വിജയത്തിനുശേഷം രാജ്യവും തന്റെ ഉടവാളും ശ്രീപത്മനാഭനു കാഴ്ചവച്ച മാർത്താണ്ഡവർമയുടെ ഭക്തിയേക്കാളുപരി, അദ്ദേഹത്തിന്റെ പ്രകടമായ ചാണക്യതന്ത്രമാണ് ഒരു രാഷ്ട്രമീമാംസവിദ്യാർത്ഥിയുടെ മനസ്സിലെത്തുക.

പ്രിയങ്കരനായ തങ്ങളുടെ രാജാവ് ശത്രുക്കളാൽ വേട്ടയാടപ്പെടുന്നുവെന്ന ധാരണ വളർത്തിയെടുക്കുവാൻ കൊട്ടാരം ചരിത്രകാരന്മാർക്കും രാജസേവകർക്കും കഴിഞ്ഞുവെന്നത് രാജാവിനു ഒരു നേട്ടമായിരുന്നു. വികേന്ദ്രിതമായ ഭരണസംവിധാനത്തിന്റെ അടിത്തറ ഇളക്കുകയെന്നതായിരുന്നു പ്രചാരണത്തിന്റെ ഉദ്ദേശ്യം. ക്ഷേത്രസംബന്ധമായ കാര്യങ്ങളിൽ തീർപ്പു കൽപിക്കുന്നത് എട്ടരയോഗമായിരുന്നു. കൂടാതെ, കോടതിയെപ്പോലെ പരാതികൾ കേട്ടു തീരുമാനമെടുക്കാനും യോഗം ചേർന്നിരുന്നു. രാജാവും അതിലെ അംഗങ്ങളിൽ ഒരാളായിരുന്നുവെന്നോർക്കണം. എങ്കിൽത്തന്നെ, യഥാകാലങ്ങളിൽ പല രാജാക്കന്മാർക്കും ഗുരുതരമായ ക്രമക്കേടുകളുടെ പേരിൽ പിഴശിക്ഷ നൽകുവാൻ എട്ടരയോഗത്തിനു കഴിഞ്ഞു. അതുകൊണ്ട് എട്ടരയോഗം ഒരുവശത്തും പിള്ളമാർ മറുവശത്തും നിന്ന് രാജാവിനെ ഞെരുക്കുന്നുവെന്ന ആരോപണം അവർ തൊടുത്തുവിട്ടപ്പോൾ നിജസ്ഥിതി എന്തെന്നു മനസ്സിലാക്കുവാൻ ജനങ്ങൾക്കു കഴിഞ്ഞില്ല. ബാലനായ മാർത്താണ്ഡവർമയെ അപായപ്പെടുത്തുവാൻ പിള്ളമാർ ശ്രമിച്ചിരുന്നുവെന്ന കഥ അപ്പോഴേക്കും പ്രചുരപ്രചാരം നേടിയിരുന്നു. മാർത്താണ്ഡവർമ ജനിച്ചതും വളർന്നതും ആറ്റിങ്ങൽ കൊട്ടാരത്തിലാണ്. ബാല്യകാലത്ത് ഒരനാഥബാലനെപ്പോലെ ഓടിനടക്കേണ്ട ആവശ്യം അദ്ദേഹത്തിനുണ്ടായിരുന്നില്ല. പതിന്നാലാം വയസ്സിൽ നെയ്യാറ്റിൻകര ഭരണാധികാരം ഏറ്റെടുത്ത അദ്ദേഹം നാലാംമുറ തമ്പുരാൻ മാത്രമായിരുന്നു. അദ്ദേഹം രാജാവായിത്തീരുമെന്ന് അന്നാരും കരുതിയിരുന്നില്ല. ഭരണമേറ്റെടുക്കുവാൻ സാധ്യതയുള്ള മറ്റു മൂന്ന് സീനിയർ തമ്പുരാക്കന്മാരോടില്ലാത്ത വിരോധം അന്ന് പിള്ളമാർക്ക് മാർത്താണ്ഡവർമയോടുണ്ടാകണം? അമ്മച്ചിപ്ലാവിന്റെ പൊത്തിൽ അഭയം തേടി അദ്ദേഹം രക്ഷപ്പെട്ടുവെന്ന കഥയും യുക്തിസഹജമല്ല. അന്ന് നെയ്യാറ്റിൻകര കോട്ടയുണ്ടായിരുന്നു. കോട്ടയ്ക്കകത്ത് അദ്ദേഹം താമസിച്ച കൊട്ടാരത്തിന്റെ വാതിൽക്കലാണ് പ്ലാവു നിന്നിരുന്നത്. വലിപ്പമുള്ള ഒരു കൗമാരപ്രായക്കാരന് ഒളിച്ചിരിക്കാവുന്ന വലിപ്പം പൊത്തിനില്ലായിരുന്നുതാനും. സത്യമായാലും മിഥ്യയായാലും, ജനം രാജാവിന്റെ രക്ഷയെപ്പറ്റി ആശങ്കാകുലരായിരുന്നു.

തന്റെ നില ഉറപ്പിച്ചശേഷമാണ് മാർത്താണ്ഡവർമ പിള്ളമാർക്കെതിരെ തിരിഞ്ഞത്. കായംകുളം രാജാവുമായി സഹകരിച്ച് മാർത്താണ്ഡവർമയെ വധിക്കാൻ പിള്ളമാർ പദ്ധതിയിട്ടുവെന്ന ആരോപണം കെട്ടിച്ചമച്ചതാണെന്ന് ചരിത്രകാരന്മാർ കരുതുന്നു. കൊല്ലവർഷം 911-ലെ അല്പശി ആറാട്ടിന് രാജാവിനെ വധിക്കാൻ ശ്രമിച്ചവരുടെ പട്ടികയിൽ 906-ൽ വധിക്കപ്പെട്ട പപ്പുതമ്പിയുടെ പേരും ഉൾപ്പെടുത്തിയിരുന്നു. നാടകീയമായി പലരെയും പിടികൂടിയതും വധശിക്ഷ വിധിച്ചതുമെല്ലാം സംശയത്തിന്റെ ചുരുളുകൾ തുറക്കുന്നു. പിള്ളമാരെയും മാടമ്പിമാരെയും നശിപ്പിച്ചതിന് ഉദ്ദേശ്യം രണ്ടായിരുന്നു. അവരുടെ സമ്പത്ത് കൊള്ളയടിക്കുകയെന്നതായിരുന്നു പ്രധാനലക്ഷ്യം. തന്റെ അധികാരത്തെ ചോദ്യം ചെയ്തവരെ ഉന്മൂലനാശം ചെയ്യാമെന്നും അദ്ദേഹം കരുതിയിരിക്കണം. വധിക്കപ്പെട്ടവരുടെയും നാടുവിട്ടുപോയവരുടെയും വസ്തുക്കളും ദ്രവ്യവും കണ്ടുകെട്ടുക മാത്രമല്ല, അവരുടെ സ്ത്രീകളെയും കുട്ടികളെയും

*(ശേഷം കവർ പേജിൽ)*

# കെ. സി. സി. വാർത്തകൾ

# മുത്തങ്ങയിൽ നടന്ന അനിഷ്ടസംഭവങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം

ഫെബ്രുവരി 19, 20 തീയതികളിൽ മുത്തങ്ങയിൽ ആദിവാസികൾക്കെതിരെ നടന്ന പൊലീസ് നടപടികൾ അതീവ ഗൗരവമർഹിക്കുന്നതും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതുമാണ്. വെടിവയ്പിലും മരണത്തിലും, മർദ്ദനത്തിലും കലാശിച്ച ഈ സംഭവങ്ങൾ അത്യന്തം ഖേദകരവും അപലപനീയവുമാണ്. ആദിവാസികളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകൾ പരാജയപ്പെട്ടു. എല്ലാത്തരം ചൂഷണങ്ങൾക്കും ആദിവാസികൾ എക്കാലവും ഇരയായിട്ടുണ്ട്. അവകാശഭൂമിയിൽ നിന്ന് നിഷ്കാസിതരായി; ദാരിദ്ര്യവും തൊഴിലില്ലായ്മയും രോഗവും ജീവിതയാഥാർത്ഥ്യങ്ങളായി; വിവാഹിതരല്ലാത്ത അമ്മമാരുടെ എണ്ണം വർദ്ധിച്ചു; എല്ലാ രംഗങ്ങളിലും അവർ വഞ്ചിക്കപ്പെട്ടു. അവസാനം, സെക്രട്ടേറിയേറ്റ് നടയിൽ കുടിൽകെട്ടി സമരം നടത്തിയതിന്റെ ഫലമായി ഗവൺമെന്റ് നൽകിയ വാഗ്ദാനവും നടപ്പിൽ വന്നില്ല. സഹനത്തിന്റെ എല്ലാ അതിർവരമ്പുകളും ലംഘിക്കപ്പെട്ടപ്പോൾ നിയമനിഷേധം സമരമാർഗമായി സ്വീകരിച്ച ആദിവാസികളെ ആ പാതയിലെത്തിച്ചതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാൻ പരിഷ്കൃതരെന്ന് അഭിമാനിക്കുന്ന സമൂഹത്തിനും കേരള ഗവൺമെന്റിനും സാധിക്കുകയില്ല. അക്രമാസക്തമായ നിയമനിഷേധവും പ്രതിഷേധങ്ങളും ആരിൽനിന്നായാലും അംഗീകരിക്കുന്നതിനു നിവൃത്തിയില്ല. എന്നാൽ നിയമനിഷേധത്തിലേക്കു തള്ളിവിടുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടത് സമൂഹത്തിന്റെയും ഗവൺമെന്റിന്റെയും ചുമതല കൂടിയാണ്. സ്വന്തം ഭൂമിയിൽനിന്ന് നിഷ്കാസിതരായ ഈ ദുർബല പ്രാന്തസ്ഥിതവിഭാഗം സ്വീകരിച്ച നിയമനിഷേധം അക്ഷന്തവ്യമാണെങ്കിൽപ്പോലും, ഗവൺമെന്റും നിയമപാലകരും ചേർന്ന് അതിനെ അഭിമുഖീകരിച്ച രീതി ഒട്ടും ന്യായീകരിക്കത്തക്കതല്ല. അമ്പുകൾക്കും വില്ലുകൾക്കുമെതിരെ വെടിയുണ്ടയുടെ പ്രയോഗം കേരളംപോലുള്ള ഒരു സംസ്ഥാനത്തെ ഗവൺമെന്റിനു ഭൂഷണമല്ലെന്നു മാത്രമല്ല, അത് മാനുഷികമൂല്യത്തെയും, പരിപാലനധർമത്തെയും നിഷേധിക്കുന്നതുമാണ്.

വനംഭൂമി കൈയേറിയിട്ടുള്ളത് ആദിവാസികൾ മാത്രമല്ല. സ്വതന്ത്രകേരളത്തിൽ സംഘടിതമായി വനംഭൂമി കൈയേറിയതിൽ മുന്നോക്കസമുദായക്കാർ ബഹുദൂരം മുന്നിലാണ്. അവരോടുള്ള സമീപനത്തിലും ആദിവാസികളോടുള്ള സമീപനത്തിലും സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പ്രകടമായ വ്യത്യാസം കേരളത്തിലെ സാമുദായിക സന്തുലിതാവസ്ഥയെ ദുർബലമാക്കും. ഈ സാഹചര്യത്തിൽ ഗവൺമെന്റ് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി നിർവഹിക്കണമെന്ന് ഞങ്ങളാവശ്യപ്പെടുന്നു. (1) മുത്തങ്ങയിൽ നടന്ന അനിഷ്ടസംഭവങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. (2) ആദിവാസി കേന്ദ്രങ്ങളിൽ നടത്തുന്ന റെയ്ഡ്, പീഡനം ഇവ അവസാനിപ്പിക്കണം. (3) ആദിവാസികളുമായി സഹകരിക്കുന്നവരെ പീഡിപ്പിക്കുന്ന പൊലീസ് നയം അവസാനിപ്പിക്കണം. (4) മുൻപുണ്ടായിരുന്ന കരാറുകൾക്കനുസൃതമായി ആദിവാസികളുടെ അടിസ്ഥാനപ്രശ്നങ്ങൾ ചർച്ചചെയ്തു പരിഹരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കണം.

***(പ. കാതോലിക്കാ ബാവ, മാർത്തോമാ മെത്രാപ്പോലീത്ത, ശ്രേഷ്ഠ കാതോലിക്കാ ബാവ, സി.എസ്.ഐ. മോഡറേറ്റർ, കെ.സി.സി. പ്രസിഡൻറ് തുടങ്ങി പതിനെട്ടു പ്രമുഖരാണ് ഈ പ്രസ്താവനയിൽ ഒപ്പുവച്ചിരിക്കുന്നത്.)***

പേജ് 20 - തുടർച്ച

പരസ്യമായി വിറ്റ് ആ തുകപോലും സർക്കാരിനു മുതൽ കൂട്ടിയെന്നു പറയുമ്പോൾ മാർത്താണ്ഡവർമയുടെ മറ്റൊരു മുഖം അനാവരണം ചെയ്യപ്പെടുന്നു.

തിരുവിതാംകൂറിന്റെ അതിർത്തി വലുതാക്കിയതാണ് മാർത്താണ്ഡവർമയുടെ ഏറ്റവും വലിയ നേട്ടം. ദിഗ്വിജയത്തിനുശേഷം തിരിച്ചെത്തിയ ബ്രാഹ്മണർ അദ്ദേഹത്തെ ഓർമിപ്പിച്ച ഒരു സത്യം അദ്ദേഹത്തെ വല്ലാതെ അലട്ടി. ദേവന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടവനാണെങ്കിലും താൻ ജന്മം കൊണ്ടു നായരാണ്. നായന്മാരെ ശൂദ്രരായിട്ടാണു നമ്പൂതിരിമാർ കരുതുന്നത്. അതിനൊരു പരിഹാരക്രിയയുണ്ട്. ഹിരണ്യഗർഭം. സ്വർണം കൊണ്ട് മന്ത്രോച്ചാരണങ്ങൾക്കുശേഷം പുറത്തു വരുമ്പോൾ രണ്ടാം ജന്മമായി എന്നാണു കരുതപ്പെടുന്നത്. അങ്ങനെ ക്ഷത്രിയനാകുന്ന വൻ സ്വർണവും പണവും ആഴ്ചകൾ നീണ്ടുനിൽക്കുന്ന സദ്യയും ബ്രാഹ്മണനു നൽകണം. 1739-ൽ മാർത്താണ്ഡവർമയുടെ ഈ ആവശ്യത്തിനായി 10,000 കഴഞ്ചു സ്വർണമാണ് തേങ്ങാപ്പട്ടണത്തിലെ ഡച്ച് ഫാക്ടറിയിൽ നിന്ന് വാങ്ങിയത്. യുദ്ധം മൂലം പാപ്പരായ സർക്കാർ ഖജനാവ് കുറെക്കൂടെ ശുഷ്കമാക്കുവാനേ ഈ നടപടികൾക്കു കഴിഞ്ഞുള്ളു. മാർത്താണ്ഡവർമയുടെ പിൻഗാമിയുടെ കാലത്ത് സകുടുംബം ക്ഷത്രിയരാകുവാൻ സ്വീകരിച്ച നടപടികൾ മൂലം ഖജനാവു മുഴുവനും കാലിയായി. അതു വേലുത്തമ്പിയുടെ സായുധ വിപ്ലവത്തിനും, അവസാനം ബ്രിട്ടീഷ് ഇടപെടലിനും മേൽക്കോയ്മയ്ക്കും, വഴിതെളിക്കുകയും ചെയ്തു. ***മാർത്താണ്ഡവർമ ധീരനായിരുന്നു; സാഹസികനായിരുന്നു. ആധുനിക തിരുവിതാംകൂറിന്റെ ശില്പിയും അദ്ദേഹം തന്നെ. അദ്ദേഹത്തിനു മറ്റൊരു മുഖം കൂടെ ഉണ്ടായിരുന്നുവെന്നു സൂചിപ്പിച്ചെന്നു മാത്രം.***

NEW VISION FOR A CHANGING WORLD
Registered with the Registrar of Newspapers for India
under No. KER BIL/2000/1543

APRIL 2003

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05

# THE BREAD OF LIFE

Our Father,

We are surrounded by gadgets, automatic appliances and all kinds of labour-saving devices.

We also have tranquilizers, psychiatry, psychology, motivational research and the power of positive thinking to help us. Still we are confused, break to us the Bread of Life.

We have television, transistor radios, movies and stereos, automobiles and spectator sports.

Still we are restless and dissatisfied, break to us the Bread of Life.

Our Father,

We admit that life is many things but it is not what it should be.

Forgive us for the wrong kind of hunger that sits before a table full of luxuries and growls for more while most of the world cries for crumbs. Forgive us for supposing that a man's life consists in the abundance of things that he possesses.

# PRAYER-CRAFT

"It is not the arithmetic of our prayer, how many they are;
not the rhetoric of our prayers, how eloquent they may be;
nor the geometry of our prayers, how long they may be;
nor the music of our prayers, how sweet our voice may be;
nor the logic of our prayers, how argumentative they may be;
not the method of our prayers, how orderly they may be - which God cares for.
Fervency of spirit is that which availeth much."

***Collected by Prof. (Mrs) Anna Geroge, Thiruvananthapuram***




Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam